**നിയമനിർമ്മാണ കാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും

(i) 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

(ii) 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: രണ്ട് ബില്ലുകളും ഒന്നിച്ച് ചർച്ച ചെയ്യാവുന്നതാണ്. നമുക്ക് ഇന്ന് നാല് ബില്ലുകളുള്ളതിനാൽ സമയക്രമം പാലിച്ചാൽ സഭ നിശ്ചിത സമയത്തിനുള്ളിൽ അവസാനിപ്പിക്കാൻ സാധിക്കുമായിരുന്നു. നമ്മൾ നേരത്തെ ഉണ്ടാക്കിയ ധാരണ അനുസരിച്ച് ഓരോരുത്തരും സംസാരിക്കുമ്പോൾ പത്ത് മിനിട്ട് എന്ന സമയക്രമം പാലിക്കണം, ഇതൊരു വെർബൽ റിക്വസ്റ്റാണ്.

(വിയോജനക്കുറിപ്പിന് നോട്ടീസ് നൽകിയ അംഗം ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഗവൺമെന്റിന്റെ ജനങ്ങളോടുള്ള പ്രത്യേകിച്ച് തൊഴിലാളികളോടുള്ള പ്രതിബദ്ധത സൂചിപ്പിക്കുന്നതാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള രണ്ട്

ഭേദഗതി ബില്ലുകളും. 2024-ലെ കേരള പബ്ലിക് കേരള സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് (പി.എസ്.സി.-ക്ക്) വിടണമെന്ന് സൂചിപ്പിക്കുന്ന നിയമമാണ്. ഇതിൽ പ്രധാനമായും തയ്യൽ തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് വിടണമെന്ന തീരുമാനത്തിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ ഗവൺമെന്റ് വിവിധ വിഭാഗങ്ങളിലുള്ള നിയമനം പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിൽ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്തത്ര ശക്തമായ സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. നിയമനം പി.എസ്.സി.-ക്ക് വിടുകയെന്നതിലെ ഏറ്റവും പ്രധാനപ്പെട്ട വസ്തുത തൊഴിലിലെ സുസ്ഥിരത ഉറപ്പുവരുത്തുകയെന്നതാണ്. എന്നാൽ രാജ്യത്തുടനീളം കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന ആഗോളവൽക്കരണ, ഉദാരവൽക്കരണ നടപടിക്രമങ്ങളുടെ സ്വഭാവവുമായി തട്ടിച്ച് നോക്കുമ്പോൾ കേരള ഗവൺമെന്റ് സ്വീകരിക്കുന്നത് ഏറ്റവും പുരോഗമനപരമായിട്ടുള്ള കാര്യമാണെന്ന് നമുക്ക് മനസ്സിലാക്കാൻ

സാധിക്കും. പ്രതിപക്ഷത്തെ ചില അംഗങ്ങൾ ഇവിടെ സംസാരിച്ചപ്പോൾ, മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തെക്കാൾ കൂടുതൽ നിയമനങ്ങൾ റിക്രൂട്ട്മെന്റ് ബോർഡുകളും മറ്റും വഴി നടക്കുന്നുവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. റിക്രൂട്ട്മെന്റ് ബോർഡുകൾ വഴി നിയമനം നടക്കുന്നുവെന്ന് പറയുന്നത് ഒരു ഭീതിതമായ അവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. നിയമനങ്ങൾ നടക്കേണ്ടയെന്നുള്ളതല്ല, ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിലും ചിലപ്പോൾ ചില മേഖലകളിൽ അങ്ങനെ നിയമനം നടത്തേണ്ടതായിട്ട് വരുന്നുണ്ട്. എന്നാൽ ഇന്ത്യാ ഗവൺമെന്റ് തന്നെ പബ്ലിക് സർവീസ് കമ്മീഷനെ നോക്കുകുത്തിയാക്കി റിക്രൂട്ട്മെന്റ് ബോർഡുകൾ വഴിയുള്ള നിയമനം പ്രോത്സാഹിപ്പിക്കുന്നത് നമ്മുടെ രാജ്യത്തെ തൊഴിലില്ലായ്മ പ്രശ്നം വളരെ രൂക്ഷമാക്കുന്നതിന് കാരണമായിതീരും. കാരണം തൊഴിൽ സുസ്ഥിരത ഇല്ലാതാകുക എന്നതാണ് അതിന്റെ അർത്ഥം. താൽക്കാലിക അടിസ്ഥാനത്തിലുള്ള നിയമനങ്ങളിൽ തൊഴിൽ ആനുകൂല്യങ്ങൾ ഒന്നുംതന്നെ തൊഴിലാളിക്ക് ലഭ്യമാകുന്നില്ലെന്നത് മാത്രമല്ല തൊഴിൽ സുസ്ഥിരതയുമില്ല. തൊഴിൽ അവകാശങ്ങൾ ലംഘിക്കപ്പെടുന്നുവെന്നതാണ് ഇതിൽ നമുക്ക്

കാണാൻ സാധിക്കുന്നത്. ഇടതുപക്ഷ ആശയഗതിക്കാരാണ് ഈ ലോകത്തിൽ തൊഴിൽ സുസ്ഥിരതയും തൊഴിൽ അവകാശങ്ങൾ ലഭ്യമാകുന്നതും സംബന്ധിച്ച കാര്യങ്ങൾ ലോകജനതയുടെ മുമ്പാകെ അവതരിപ്പിച്ചതെന്ന് കാണാൻ സാധിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റായതുകൊണ്ടാണ് ഈ ഗവൺമെന്റിന് ഇത്രയേറെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് തീരുമാനിക്കാൻ സാധിച്ചത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന പാദത്തിലും പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമാണ് തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച മൂർത്തമായ ചില കാര്യങ്ങൾ ഈ ലോകത്തോട് വിളിച്ചുപറയാൻ തുടങ്ങിയതെന്ന് കാണാൻ സാധിക്കും. ലോകത്ത് സോഷ്യലിസ്റ്റ് ചിന്താഗതിക്കാരും കമ്മ്യൂണിസ്റ്റുകാരുമാണ് തൊഴിലവകാശത്തിനായി ഏറ്റവും ശക്തമായി വാദിച്ചത്. 1864-ൽ ഇന്റർനാഷണൽ വർക്കിങ് മെൻസ് അസോസിയേഷൻ രൂപംകൊണ്ടതിനുശേഷം കാൾ മാർക്സിന്റെയൊക്കെ പ്രത്യേക ചർച്ചയും നിർദേശവും അത്തരം സംഘടനകൾക്കുള്ളിൽ ഉയർന്നുവന്നപ്പോഴാണ് തൊഴിലാളികൾക്ക് കൂലി, വിശ്രമം, വിനോദം തുടങ്ങിയ

അവകാശങ്ങൾക്കുവേണ്ടി ലോകം മുഴുവൻ വാദിക്കാൻ തുടങ്ങിയതെന്നതൊരു വസ്തുതയാണ്. പിന്നീടത് എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമമെന്ന നിലയിലേയ്ക്കുവന്നു. അന്താരാഷ്ട്ര തലത്തിൽ പല രാജ്യങ്ങളിലും തൊഴിലാളി സംഘടനകൾ ശക്തമായതും അവരുടെ നേതൃത്വത്തിൽ വമ്പിച്ച സമരങ്ങൾ നടന്നതും ഇത്തരത്തിലൊരു സോഷ്യലിസ്റ്റ് ചിന്താഗതി ലോകം മുഴുവനുമുള്ള തൊഴിലാളികൾക്കിടയിൽ വളർന്നുവന്നപ്പോഴാണ്. അതിന്റെഭാഗമായി ചില രാജ്യങ്ങളിൽ വിപ്ലവം നടന്നു. തൊഴിലവകാശങ്ങൾ പൂർണ്ണമായും സാധ്യമാകുന്നതിനുവേണ്ടിയാണ് വലിയ തോതിലുള്ള അവകാശ സമരങ്ങളും പോരാട്ടങ്ങളും ലോകത്തിന്റെ നാനാഭാഗത്തും നടന്നത്. അങ്ങനെ അംഗീകരിച്ച് കിട്ടിയ തൊഴിലവകാശങ്ങൾ ഇന്നത്തെ മുതലാളിത്ത രാജ്യങ്ങൾ നിഷേധിക്കുന്നതായി കാണുന്നുണ്ട്. മേയ് 1 ലോക തൊഴിലാളിദിനമായി ആചരിക്കുമ്പോഴും തൊഴിലാളികളുടെ അവകാശവാദം മറ്റൊന്നുമല്ല, ചെയ്യാനൊരു ജോലി, ആ ജോലിക്ക് കൂലി, അതുപോലെ മറ്റ് തൊഴിലവകാശങ്ങൾ, തൊഴിൽ സുസ്ഥിരത എന്നതുതന്നെയാണ്. അവയാകെ അട്ടിമറിക്കുന്നതാണ് മുതലാളിത്ത

സാമ്പത്തികനയം. നമ്മുടെയെല്ലാം കഷ്ടകാലത്തിന് സ്വതന്ത്ര ഇന്ത്യയിലെ ഗവൺമെന്റും സ്വീകരിച്ചത് മുതലാളിത്ത വികസന പാതയാണ്. അതുകൊണ്ടുതന്നെയാണ് സ്വാതന്ത്ര്യം ലഭിച്ച് 76 വർഷം പിന്നിട്ടിട്ടും സുസ്ഥിരമായൊരു ജോലി, കൃത്യമായിട്ടുള്ള കൂലി തുടങ്ങിയ സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകളിലേയ്ക്ക് നീങ്ങാൻ നമ്മുടെ രാജ്യത്തിന് ഇതുവരെ സാധിക്കാത്തത്. തൊഴിലാളികളുടെ അവകാശങ്ങൾ കുറച്ചെങ്കിലും സാധ്യമാക്കാൻ സാധിച്ചാൽ, കുറച്ചെങ്കിലുമെന്ന് പറയാൻ കാരണം, ഒരു സംസ്ഥാന ഗവൺമെന്റിന്റെ ഭാഗമായി എല്ലാ കാര്യങ്ങളും ചെയ്യാൻ സാധിക്കില്ല. എന്നാൽ, സംസ്ഥാനത്ത് ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴൊക്കെ നമുക്ക് തൊഴിൽ സുസ്ഥിരതയ്ക്കുവേണ്ടി കുറെയേറെ കാര്യങ്ങൾ ചെയ്യാൻ സാധിച്ചുവെന്നുള്ളതാണ് വസ്തുത. അതുകൊണ്ടാണ് ഇന്ത്യയിൽ തൊഴിലില്ലായ്മ അതിരൂക്ഷമായി നിൽക്കുന്ന ഈയവസരത്തിൽ, രൂക്ഷമെന്ന് പറയുമ്പോൾ നമ്മളാരും അതിന്റെ അവസ്ഥയെപ്പറ്റി ചിന്തിക്കുന്നില്ല. ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് ശബ്ദമുയർത്തേണ്ട ഒരു വിഷയമായി ഇന്ത്യയിലെ തൊഴിലില്ലായ്മ വളർന്നുവന്നിരിക്കുന്നു. തൊഴിലില്ലായ്മയുടെ നിരക്ക് ഒരിക്കലുമില്ലാത്ത

രീതിയിൽ 9.2 ശതമാനമായി വർധിച്ചിരിക്കുന്നു. 6 ശതമാനത്തിന് മുകളിലെന്ന് പറയുന്നതുതന്നെ രാജ്യത്തിന്റെ അസ്ഥിരതയെയാണ് കാണിക്കുന്നത്. എന്നാൽ, 9.2 ശതമാനമായി തൊഴിലില്ലായ്മ വർധിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ തൊഴിൽ സുസ്ഥിരതയ്ക്കുവേണ്ടി സാധിക്കാവുന്നത് ചെയ്യാൻ കേരളത്തിലെ ഗവൺമെന്റ് തയ്യാറാകുന്നുവെന്നുള്ളതാണ് നാം കാണേണ്ടത്. ഇവിടെ എല്ലാ മേഖലയ്ക്കും സ്ഥിരമായി ജോലി കൊടുക്കാൻ കഴിയുന്നില്ല. കാരണം അത് സംസ്ഥാനം മാത്രം വിചാരിച്ചാൽ സാധിക്കില്ല. കേരളത്തിനാവശ്യമായ നികുതി വിഹിതവും പദ്ധതി വിഹിതവും കേന്ദ്ര ഗവൺമെന്റ് കൃത്യമായി നൽകണമെന്നാണ് നമ്മളിപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. പ്രകൃതി ദുരന്തം മൂലമുണ്ടായ നാശനഷ്ടങ്ങളിൽനിന്നും കരകയറാനുള്ള പണം കേന്ദ്ര ഗവൺമെന്റ് നൽകണമെന്നാണ് രാവിലെ നമ്മൾ ആവശ്യപ്പെട്ടത്. ഇതൊക്കെ നൽകാതിരിക്കുമ്പോൾ ഒരു സംസ്ഥാന ഗവൺമെന്റിന് സുഗമമായി പ്രവർത്തിക്കാൻ കഴിയില്ല. സുഗമമായി പ്രവർത്തിക്കാൻ നമുക്ക് സാധിച്ചിരുന്നുവെങ്കിൽ, എനിക്ക് തോന്നുന്നു, നമ്മുടെ ഗവൺമെന്റ് നിരവധി

തൊഴിലവസരങ്ങൾ സർക്കാർ മേഖലയിൽത്തന്നെ സൃഷ്ടിക്കുമായിരുന്നു. എന്നാലും 2016 മുതൽ 2024 വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മറ്റൊരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്തവിധം പി.എസ്.സി. വഴി ഏറ്റവും കൂടുതൽ നിയമനം നടത്തിയിട്ടുള്ളത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. മുപ്പതിനായിരത്തോളം പുതിയ തസ്തികകൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സൃഷ്ടിക്കുകയും 161268 നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുകയുമുണ്ടായി. ഇത്തവണ ഈ മൂന്നര-നാല് വർഷം പിന്നിടുമ്പോൾ 88852 നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനും പതിനായിരത്തിലേറെ പുതിയ തസ്തികകൾ സൃഷ്ടിക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. അതാണ് തൊഴിൽ സൃഷ്ടിക്കുന്നതിന് ഗവൺമെന്റിന്റെ നയം എത്രമാത്രം അനുകൂലമാണെന്ന് നമുക്ക് പറയാൻ സാധിക്കുന്നത്. ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാരുടെ നിയമനങ്ങൾപോലും പി.എസ്.സി.-ക്ക് വിടാൻ ആലോചിക്കുകയാണ്. അതേസമയം കേന്ദ്ര ഗവൺമെന്റ് പി.എസ്.സി.-യെ നോക്കുകുത്തിയാക്കി കഴിഞ്ഞ തവണ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ജീവനക്കാരെവരെ പിൻവാതിലിലൂടെ

നിയമിക്കുന്നതിനുള്ള വലിയ ശ്രമം നടത്തിയെങ്കിലും യുവാക്കൾ നടത്തിയ വലിയ സമരങ്ങളുടെ ഭാഗമായി തൽക്കാലം നിർത്തിവച്ചിട്ടുണ്ട്. പക്ഷെ, അവിടെ പി.എസ്.സി.-യെ നോക്കുകുത്തിയാക്കിക്കൊണ്ടാണ് നിയമനങ്ങൾ നടക്കുന്നത്. അതുപോലെ വലിയ തോതിലുള്ള സ്വകാര്യവൽക്കരണവും നടക്കുകയാണ്. നമ്മുടെ രാജ്യത്തെ പൊതുമേഖലയിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ജീവിതം സുസ്ഥിരമാക്കാൻ നമ്മുടെ സർക്കാർ ശ്രമിക്കുകയാണ്. എന്നാൽ, ഈ രാജ്യം പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിച്ച് അവയിലെല്ലാം കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തിക്കൊണ്ട് തൊഴിൽ മേഖലയെത്തന്നെ വല്ലാത്ത രീതിയിൽ സമ്മർദ്ദത്തിലാക്കിയിരിക്കുന്നുവെന്നാണ് കാണാൻ സാധിച്ചത്. ഇതെല്ലാം രാഷ്ട്രീയത്തിന്റെ ഭാഗമാണ്. ഇന്ത്യയുടെ വളർച്ചയാണെങ്കിലും ജോബ്ലെസ് ഗ്രോത്താണുണ്ടായിട്ടുള്ളത്. ഇതിനെപ്പറ്റി ഞങ്ങളെല്ലാവരും എത്രയോ കാലമായി പറഞ്ഞുകൊണ്ടിരിക്കുന്നു. ഈ നവ ലിബറൽ നയം സ്വകാര്യ കോർപറേറ്റുകൾക്ക് എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നു. തൊഴിൽ നിയമങ്ങൾ ഇപ്പോൾ ഭേദഗതി ചെയ്തിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ്

തൊഴിൽ നിയമങ്ങളിൽ വരുത്തിയിട്ടുള്ള ഭേദഗതികളെല്ലാംതന്നെ തൊഴിലവകാശങ്ങൾ അട്ടിമറിക്കുന്നവയാണ്. സമയക്കുറവുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എല്ലാ നിയമങ്ങളും ഭേദഗതി ചെയ്ത് തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് മാറ്റിക്കൊണ്ടിരിക്കുകയാണ്. അതിന്റെഫലമായി ഇവിടെ തൊഴിലില്ലായ്മ വളരെ രൂക്ഷമായിരിക്കുകയാണ്. ഇന്ത്യയിൽ ജോബ്‌ലെസ് ഗ്രോത്തുണ്ടാകുമ്പോൾ കേരളത്തിൽ സാധ്യമായ എല്ലായിടത്തും സർക്കാരിന്റെ സുരക്ഷ ഉറപ്പാക്കിക്കൊണ്ട് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനാണ് ആഗ്രഹിക്കുന്നത്. ഏതായാലും ചുരുങ്ങിയ എണ്ണമാണ് വരുന്നതെങ്കിലും ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള സർക്കാരിന്റെ തീരുമാനത്തെ ഞാൻ അങ്ങേയറ്റം അനുകൂലിക്കുന്നു. അതുപോലെ മറ്റ് ബില്ലുകളെപ്പറ്റി ഞാൻ അധികം പറയുന്നില്ല. പ്രവാസി കേരളീയരുടെ ക്ഷേമം സംബന്ധിച്ച കാര്യവും ഏറ്റവും മനുഷ്യസ്നേഹപരമായിട്ടുള്ള ഒരു സോഷ്യലിസ്റ്റ് കാഴ്ചപ്പാടോടുകൂടി നടത്തുന്ന ഒന്നാണ്. ഈ രണ്ട് ഭേദഗതി ബില്ലുകൾ അവതരിപ്പിച്ച മന്ത്രിമാരെ അഭിനന്ദിച്ചുകൊണ്ട്, ഭരണ പ്രതിപക്ഷഭേദമില്ലാതെ നമുക്ക് അംഗീകരിക്കാൻ

കഴിയുന്നൊരു കാര്യമാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ഭേദഗതി ബില്ലുകൾ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ അംഗീകരിക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ചില കോർപ്പറേഷനുകളിലും അതുപോലെത്തന്നെ കമ്പനികളിലും പി.എസ്.സി. വഴി നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട ബില്ലാണിതെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. കേരള തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലേതുൾപ്പെടെയുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവീസ് കമ്മീഷനിലൂടെ നടത്തുന്നതിനുള്ള ഒരു ഭേദഗതിയാണ് ഈ ബില്ലിലൂടെ കൊണ്ടുവരുന്നത്. സർക്കാർ സർവീസിലുള്ള

ഒഴിവുകൾ മാത്രമല്ല, കോർപ്പറേഷനുകളിലും കമ്പനികളിലും ബോർഡുകളിലുമൊക്കെ ആളുകളെ നിയമിക്കുന്നതിന് ഇത്തരമൊരു മാർഗം സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നത് കേരള ഗവൺമെന്റിന് മാത്രം ചെയ്യാൻ കഴിയുന്നൊരു കാര്യമാണ്. മറ്റെവിടെയും നമുക്കിത് കാണാൻ കഴിയില്ല. വർഷം 2 കോടി പുതിയ തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിലെത്തിയ ആളാണ് ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രി. പക്ഷെ, 2014-2022 കാലയളവിൽ എത്ര പുതിയ ആളുകൾക്ക് സ്ഥിരം ജോലി നൽകിയെന്ന് പരിശോധിച്ചാൽ, 7.22 ലക്ഷം പേർക്ക് മാത്രമാണ് 2014 മുതൽ 2022 വരെയുള്ള 8 വർഷക്കാലംകൊണ്ട് തൊഴിൽ നൽകിയിട്ടുള്ളത്. രാജ്യത്താകെയുള്ള ജനസംഖ്യയുടെ രണ്ടര ശതമാനം മാത്രമുള്ള കേരളത്തിൽ വർഷത്തിൽ മുപ്പതിനായിരത്തിലധികം പേരെ പി.എസ്.സി. വഴി നിയമിക്കുന്നുണ്ട്. എന്നിട്ട് കേരളത്തിൽ തൊഴിൽ ലഭിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി പറഞ്ഞത് എന്തടിസ്ഥാനത്തിലാണെന്ന് അറിയില്ല. അദ്ദേഹം തിരഞ്ഞെടുപ്പ് കാലത്ത് നടത്തിയ പ്രചരണം മുഴുവൻ ഇവിടെ ആർക്കും തൊഴിൽ ലഭിക്കുന്നില്ലെന്നാണ്.

അദ്ദേഹം നൽകിയിട്ടുള്ള വാഗ്ദാനങ്ങളൊന്നും നടപ്പാക്കിയിട്ടുമില്ല കേന്ദ്രം പുതുതായി ഒരു തസ്തികപോലും സൃഷ്ടിച്ചിട്ടുമില്ല. കേന്ദ്ര സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി 10 ലക്ഷത്തോളം ഒഴിവുകളാണുള്ളത്. റെയിൽവേയിൽ മാത്രം 3 ലക്ഷം ഒഴിവുകളുണ്ട്. മുമ്പൊരിക്കലും ഇല്ലാത്തവിധം പട്ടാളത്തിൽപ്പോലും കേന്ദ്രം കരാർ നിയമനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രമന്ത്രിയായ ഡോ. ജിതേന്ദ്ര സിംഗ് പാർലമെന്റിൽ പറഞ്ഞ കണക്കുകളാണിത്. അദ്ദേഹം യാതൊരു മടിയുമില്ലാതെ പറഞ്ഞിരിക്കുന്ന കണക്കുകളാണിത്. സർക്കാർ മേഖലയ്ക്കുപുറത്ത് ഏറ്റവുമധികം തൊഴിലവസരങ്ങളുള്ള സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് സൗഹൃദ സംസ്ഥാനമായി കേരളത്തെയാണ് ഇപ്പോൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിരിക്കുന്നത്. 3 ലക്ഷത്തിൽപ്പരം പുതിയ സ്റ്റാർട്ടപ്പുകൾ, 6 ലക്ഷം പേർക്ക് തൊഴിലവസരങ്ങൾ, ഇതെല്ലാം ഇവിടെ നടപ്പാക്കുന്നു, അല്ലെങ്കിൽ ഇതെല്ലാമാണ് ഇവിടെ നടപ്പാക്കാൻ പോകുന്നതെന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി.

രാജ്യത്ത് ഏറ്റവുമുയർന്ന തുക കൂലി നൽകുന്ന നാടാണ് കേരളം. പല സംസ്ഥാനങ്ങളിലെയും കൂലിയുടെ ഇരട്ടിയോ മൂന്നിരട്ടിയോ ആണ് സംസ്ഥാനത്തെ വേതനമെന്നുള്ളത് എല്ലാവർക്കും അറിയാം. ഇപ്രകാരം കേരള സർക്കാർ സന്തുലിതവും സുസ്ഥിരവുമായ വികസനത്തിന്റെയും ക്ഷേമ പ്രവർത്തനങ്ങളുടെയും നിരവധി മാതൃകകളിലൂടെ കെട്ടിപ്പടുത്തതാണ് ഈ സംസ്ഥാനത്തിന്റെ പൊതുസ്ഥിതി.

രാജ്യത്തെ യുവാക്കളിൽ തൊഴിലില്ലായ്മ വർധിക്കുന്നതായി International Labour Organisation-ന്റെ റിപ്പോർട്ടുണ്ട്. തൊഴിൽരഹിതരായ ഇന്ത്യക്കാരിൽ വലിയൊരു ശതമാനവും ചെറുപ്പക്കാരാണെന്ന് Institute of Human Development-മായി ചേർന്ന് നടത്തിയ പഠനത്തിലും അവർ പറയുന്നുണ്ട്. രാജ്യത്തെ സെക്കൻഡറി വിദ്യാഭ്യാസമുള്ള തൊഴിൽരഹിതരായ യുവാക്കളുടെ അനുപാതം 2000-ൽ 35.2 ശതമാനമായിരുന്നത് 2022-ൽ 65.7 ശതമാനമായി ഉയർന്നിരിക്കുകയാണ്. സെക്കൻഡറി വിദ്യാഭ്യാസത്തിനുശേഷമുള്ള കൊഴിഞ്ഞുപോക്കും ഉയർന്ന നിരക്കിലാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിലും

പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിന് ചേർന്നവരുടെ എണ്ണം കൂടുന്നുണ്ടെങ്കിലും നിലവാരം സംബന്ധിച്ച ആശങ്ക നിലനിൽക്കുന്നതായി റിപ്പോർട്ടിൽ പ്രത്യേകം എടുത്തുപറഞ്ഞിരിക്കുകയാണ്. രാജ്യത്ത് 2000-നും 2019-നും ഇടയിൽ വിദ്യാസമ്പന്നർക്ക് തൊഴിലവസരം കൂടിയെങ്കിലും, ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ തൊഴിലില്ലായ്മ വർധിച്ചുവെന്നത് ഒരു വസ്തുതയാണ്. കോവിഡ് കാലയളവിൽ തൊഴിലില്ലായ്മ നിരക്കിൽ കുറവ് രേഖപ്പെടുത്തിയെങ്കിലും വിദ്യാസമ്പന്നരായ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ കൂടിയതായും റിപ്പോർട്ടിൽ പറയുന്നു. സ്ഥിരം ജീവനക്കാർക്കും സ്വയംതൊഴിൽ തൊഴിലാളികൾക്കുമിടയിൽ വലിയൊരു വിഭാഗത്തിന് 2022-ൽ മിനിമം വേതനംപോലും ലഭിച്ചിട്ടില്ലെന്നതാണ് വസ്തുത. രാജ്യത്തിന്റെ പല ഭാഗങ്ങളിലുമുള്ള സ്ഥിതി പൊതുവിൽ അങ്ങനെയാണ്. ചില സംസ്ഥാനങ്ങളിൽ വിവേചനം പ്രകടമാണ്. ബിഹാർ, ഉത്തർപ്രദേശ്, ഒഡീഷ, മധ്യപ്രദേശ്, ഝാർഖണ്ഡ്, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളിൽ മോശം തൊഴിൽ സാഹചര്യങ്ങളാണുള്ളതെന്ന്

International Labour Organisation-ന്റെ റിപ്പോർട്ടിൽ പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു.

സർക്കാർ നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ രാജ്യത്ത് ഒന്നാമതാണെന്നത് സാമൂഹ്യനീതിയുടെ കാര്യത്തിൽ സംസ്ഥാനം പുലർത്തുന്ന ജാഗ്രതയുടെ വ്യക്തമായ സൂചനയാണ്. പി.എസ്.സി. നിയമനം നടത്തുന്നുവെന്നുപറഞ്ഞാൽ, തീർച്ചയായും എല്ലാവർക്കും അറിയാവുന്നതുപോലെ ഇവിടെ സംവരണത്തെ അടിസ്ഥാനപ്പെടുത്തിയാണ് ആളുകൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതെന്ന് കാണാൻ സാധിക്കും. ചരിത്രപരമായ കാരണങ്ങളാൽ നൂറ്റാണ്ടുകളായി സാമൂഹ്യ അന്തസ്സും അവസരവും നിഷേധിക്കപ്പെട്ട വലിയൊരു വിഭാഗം ജനതയ്ക്ക് നീതി ലഭ്യമാക്കുന്നതിൽ കേരളം മുന്നിൽ നിൽക്കുന്നുവെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കഴിഞ്ഞവർഷം സംസ്ഥാനത്ത് സർക്കാർ സർവീസിലേക്ക് നടത്തിയ 34100 നിയമനങ്ങളിൽ 11921 പേർ ഒ.ബി.സി. വിഭാഗത്തിലും 2673 പേർ പട്ടികജാതി വിഭാഗത്തിലും 2260 പേർ പട്ടികവർഗ്ഗ വിഭാഗത്തിലും ഉൾപ്പെട്ടവരാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ

ജനസംഖ്യയുള്ള ഉത്തർപ്രദേശിൽ, നമ്മൾ ശ്രദ്ധിക്കേണ്ടത് അതാണ്, 24 കോടി ജനങ്ങളാണ് അവിടെയുള്ളത്. മൂന്ന് കോടിക്കുതാഴെ മാത്രമാണ് കേരളത്തിലെ ജനസംഖ്യ. അവിടെ ഒരു വർഷത്തിനിടെ സർക്കാർ സർവീസിൽ ആകെ നിയമിച്ചത് 4120 പേരെ മാത്രമാണ്. അവിടെയെല്ലാം പ്രത്യേക സെലക്ഷൻ ബോർഡുകളും റിക്രൂട്ട്മെന്റ് ബോർഡുകളും ഉൾപ്പെടെയുള്ള സംവിധാനങ്ങളുണ്ടാക്കി സമ്പത്തുള്ളവർക്ക് മാത്രം അവിടെ കടന്നുകയറി ജോലി ചെയ്യാനുള്ള അവസരമാണുണ്ടാകുന്നതെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. അവിടെ നിയമനം ലഭിച്ചവരിൽ 47 പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരും 685 ഒ.ബി.സി. വിഭാഗത്തിൽപ്പെട്ടവരുമാണ്. ഉയർന്ന ശമ്പളം ലഭിക്കുന്നവരുടെ എണ്ണമാകട്ടെ 948 ആണ്. അത് തീരെ കുറവുമാണ്. യാതൊരു റിസർവേഷനോ മര്യാദയോ പാലിക്കാതെ തങ്ങൾക്ക് ഇഷ്ടപ്പെട്ടവരെ നിയമിക്കുന്നതിനുള്ള നടപടികളാണ് ആ സംസ്ഥാനങ്ങളിൽ നടപ്പാക്കുന്നതെന്നാണ് കാണാൻ കഴിയുന്നത്. ഗ്രൂപ്പ് എ തസ്തികയിൽ പട്ടികവർഗ വിഭാഗത്തിൽനിന്ന് ഒരാൾക്ക് മാത്രമാണ് നിയമനം നൽകിയിരിക്കുന്നത്. പട്ടികജാതിയിൽപ്പെട്ട 18 പേർക്കും ഒ.ബി.സി.

വിഭാഗത്തിൽപ്പെട്ട 24 പേർക്കും മാത്രമാണ് ഈ വിഭാഗത്തിൽ ജോലി ലഭിച്ചത്. ഇവിടെ പട്ടികജാതി-പട്ടികവർഗ വിഭാഗത്തിലും ഒ.ബി.സി. വിഭാഗത്തിലും ഉൾപ്പെട്ട ആയിരക്കണക്കിന് ആളുകൾക്ക് തൊഴിലവസരങ്ങളുണ്ടാകുമ്പോൾ നാമമാത്രമായ രണ്ടക്കത്തിലോ മൂന്നക്കത്തിലോ അവസാനിക്കുന്നൊരു സ്ഥിതിയാണ് അവിടെ നിൽക്കുന്നത് എന്നതാണ് ചുരുക്കം. രാജ്യത്ത് സാമൂഹ്യനീതി നടപ്പാക്കുന്നതിന് ഏറ്റവും ശക്തമായ ആയുധമായ സംവരണം അട്ടിമറിക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുവെന്നതിന് വ്യക്തമായ തെളിവാണ് ഈ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കാണുന്ന സർക്കാർ സർവീസിലേക്കുള്ള നിയമനങ്ങളുടെ സ്ഥിതി. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷന്റെ ന്യൂസ് ലെറ്ററിലെ കണക്കുകൾ പ്രകാരം, സംവരണം നടപ്പാക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങൾ, പ്രത്യേകിച്ച് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾ എത്രമാത്രം അലംഭാവം പുലർത്തുന്നുവെന്നതിന് ഗുജറാത്തും ഉദാഹരണമാണ്. ഗുജറാത്തിൽ കഴിഞ്ഞവർഷം സർക്കാർ ജോലിയിൽ ആകെ നിയമിച്ചത് 1680 പേരെയാണ്. അതിൽ പട്ടികജാതി വിഭാഗത്തിൽനിന്ന് 175 പേരെയും പട്ടികവർഗ

വിഭാഗത്തിൽനിന്ന് 295 പേരെയും ഒ.ബി.സി. വിഭാഗത്തിൽനിന്ന് 672 പേരെയും മാത്രമാണ് നിയമിച്ചത്. കേരളം അതിന് അപവാദമായി നിലകൊള്ളുന്നുവെന്നത് മാനവികമൂല്യങ്ങളിൽ അടിയുറച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഇച്ഛാശക്തിയുടെ ദൃഷ്ടാന്തമായി നമുക്ക് കാണാൻ കഴിയും.

ഇവിടെ എല്ലാവർക്കും അവസരങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി, അല്ലെങ്കിൽ അവരെ തിരഞ്ഞെടുക്കുന്നതിനുവേണ്ടിയുള്ള സാധ്യതയുണ്ടാക്കുന്നു. സർക്കാർ നിയമനങ്ങളിൽ സംസ്ഥാനങ്ങൾ ഏറെ മുന്നിലാണെന്നുള്ളത് കേരള പി.എസ്.സി.-യുടെ കാര്യക്ഷമത വെളിവാക്കുന്നു. 2023-ൽ രാജ്യത്താകെ സർക്കാർ സർവീസിൽ 101689 പേർക്കാണ് നിയമനം ലഭിച്ചത്. അതിൽ 34100 നിയമനവും കേരളത്തിലാണ് നടന്നിരിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽ ഔദ്യോഗിക സംവിധാനങ്ങളെയും സംവരണ തത്വത്തെയും അട്ടിമറിച്ച് പണവും സ്വാധീനവുമുള്ളവർ സർക്കാർ ജോലികൾ തട്ടിയെടുക്കുന്ന സ്ഥിതിയാണ് കാണാൻ കഴിയുന്നത്. അതിനായി സമാന്തര സംവിധാനങ്ങൾതന്നെ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ സർക്കാർ

സർവീസ് ആകെ എടുത്താലും സംവരണം പാലിക്കുന്നതിലെ സൂക്ഷ്മത വ്യക്തമായും കാണാൻ കഴിയും. കേരളത്തിൽ ഇപ്പോൾ ആകെയുള്ള 545423 സർക്കാർ ജീവനക്കാരിൽ 51783 പേർ പട്ടികജാതിവിഭാഗത്തിലും 10513 പേർ പട്ടികവർഗവിഭാഗത്തിലും 285335 പേർ ഒ.ബി.സി. വിഭാഗത്തിലുമുൾപ്പെട്ടവരാണ്. മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർ 196837 പേർ മാത്രമാണ്. സർക്കാർ നിയമനങ്ങളിൽ സംസ്ഥാനം ഏറെ മുന്നിലാണ്. കേരള പി.എസ്.സി.-യുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. സംവരണത്തിനെതിരായ വാദങ്ങൾ ശക്തി പ്രാപിക്കുന്നൊരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. സംവരണത്തിന്റെ നീതി നന്നായി മനസ്സിലാക്കിയ ഒരു സർക്കാർ ഭരിക്കുന്ന കേരളം ഇക്കാര്യത്തിൽ പ്രായോഗികതലത്തിലും ഏറെ മുന്നേറുന്നു. ശ്രീനാരായണ ഗുരുവിനെപ്പോലുള്ള ആളുകൾ, പുരോഗമന പ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പാർട്ടികൾ, സാമൂഹ്യ പരിഷ്കർത്താക്കളുമെല്ലാം തുടക്കമിട്ട നവോത്ഥാനത്തിന്റെ വഴികളിലൂടെ സർക്കാർ നമ്മളെ കൈപിടിച്ച് നടത്തുകയാണ്. എൽ.ഡി.എഫ്. സർക്കാർ എന്നത് വലിയൊരു വിഭാഗം ജനതയ്ക്ക് നൽകുന്ന പ്രത്യാശ ചെറുതല്ല. സവർണ ന്യൂനപക്ഷം ഭൂരിപക്ഷത്തെ

അടിച്ചമർത്തിയ ഭീതിതമായ ഭൂതകാലത്തിൽനിന്നും ഇന്ത്യ ഇനിയും മുക്തമായിട്ടില്ല. ജാതി ഇന്നും ഇന്ത്യയുടെ യാഥാർത്ഥ്യമാണ്. ജാതി സൃഷ്ടിച്ച ക്രൂരമായ അസമത്വത്തിൽനിന്നും, അതിനീചമായ അവഹേളനങ്ങളിൽനിന്നും ഉയർത്തെഴുന്നേൽക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തിരിച്ചടിയേറ്റ ഒരു കാലംകൂടിയാണിത്. ഈ സാഹചര്യത്തിൽ അടിച്ചമർത്തപ്പെട്ടവർക്ക് അന്തസ്സും അഭിമാനവും അവസരവും നൽകുകയെന്ന മാനവികതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയെന്നതാണ് ഈ ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം. അതുകൊണ്ട് ഈ ബില്ലിനെ എല്ലാ അർത്ഥത്തിലും ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസി ക്ഷേമവുമായി ബന്ധപ്പെട്ട് പറയുമ്പോൾ നമുക്കറിയാം, പ്രവാസികളുമായി ബന്ധപ്പെട്ട വളരെ ശ്രദ്ധേയവും സമകാലീനവുമായ രണ്ട്

സംഭവങ്ങളിലൊന്ന് ശ്രീ. ബെന്യാമിന്റെ 'ആടുജീവിതം' എന്ന പുസ്തകത്തിൽ നജീബ് എന്ന കഥാപാത്രവും മറ്റൊന്ന്, ഡോ. ദീപേഷ് കരിമ്പുങ്കരയുടെ 'മരുഭൂമിയിലെ മറുജീവിതങ്ങൾ- അമാനുള്ളയുടെ ഓർമകൾ' എന്ന പുസ്തകവുമാണ്. നേരത്തെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ രാം മോഹൻ പാലിയത്ത് അതിന്റെ റൈറ്റപ്പൊക്കെ എഴുതിയിട്ടുണ്ടായിരുന്നു. പ്രവാസലോകത്ത് ഓരോ ആളുകളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങളെയും ദുരിതങ്ങളെയും സംബന്ധിച്ചൊക്കെ പറയുന്ന ഗ്രന്ഥങ്ങളാണവ. നജീബിന്റെ ദുരന്തം പറയുമ്പോൾ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ദുരിതകാലം പറയുമ്പോൾ രക്ഷപ്പെട്ട കുറേ നജീബുമാരെ കുറിച്ച് പറയേണ്ടതില്ലേയെന്നുള്ള ഒരു വാദഗതി വേറെയുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല.

നമ്മുടെ ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടങ്ങളിൽ വീട്ടിൽനിന്നും നാട്ടിൽനിന്നും ബന്ധുജനങ്ങളിൽനിന്നും അകന്നുനിൽക്കുന്നവരാണ് പ്രവാസികൾ. ശമ്പളം, വിസ എന്നീ പദങ്ങൾക്ക് പ്രവാസലോകത്ത് തട്ടിപ്പിന്റെയും ചൂഷണത്തിന്റെയും അർഥം കൈവന്നിട്ടുണ്ട്. അസംഘടിതരും അങ്ങേയറ്റം ദുർബലരുമായ മനുഷ്യജന്മങ്ങളായി ലക്ഷക്കണക്കിന് മനുഷ്യർ

അറബ് രാജ്യങ്ങളിലും മറ്റും ജീവിക്കുന്നു. ഇവരുടെ കണ്ണീരിലും വിയർപ്പിലുമാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥ പച്ചപിടിച്ചിട്ടുള്ളത്. വാർധക്യത്തിൽ അവശതയും രോഗവും മാത്രം സമ്പാദ്യമായി തിരിച്ചെത്തുന്ന ഓരോ പ്രവാസിയും സ്വന്തം മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്ന ദുരന്ത ചിത്രങ്ങളുമുണ്ട്. ആദ്യകാലത്ത് മലേഷ്യ, സിലോൺ, ബർമ്മ, സിംഗപ്പൂർ എന്നിവിടങ്ങളിലേയ്ക്കായിരുന്നു മലയാളികൾ കുടിയേറിയിരുന്നെങ്കിൽ 1970-കളിൽ എണ്ണയുടെ കണ്ടുപിടിത്തത്തോടെ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് വൻതോതിൽ നമ്മുടെ നാട്ടിൽനിന്നും ജനങ്ങൾ പോകുന്നതിന് കാരണമായിട്ടുണ്ട്. ഇന്ത്യയിൽനിന്നുള്ള കുടിയേറ്റത്തിന്റെ കൃത്യമായ കണക്കെടുക്കുന്നതിനുപോലുമുള്ള ഒരു സംവിധാനം ഔദ്യോഗികമായി ദേശീയതലത്തിൽ ഇതുവരെയില്ലെന്നതാണ് ദുഃഖം. എന്നാൽ, കേരളത്തിൽ ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി സി.ഡി.എസ്. (സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്) പോലുള്ള സ്ഥാപനങ്ങൾ സ്ഥിതിവിവരക്കണക്കുകൾ സമാഹരിക്കുന്നതിൽ ശ്രദ്ധപുലർത്തിയിട്ടുണ്ട്. 24 ലക്ഷം കേരളീയർ പ്രവാസികളായി കഴിയുന്നുണ്ടെന്നാണ് കണക്കെങ്കിലും അതിൽ പകുതിയോളം ആളുകൾ ഇപ്പോൾ തിരിച്ചുവന്നുകൊണ്ടിരിക്കുന്നുവെന്ന

വസ്തുതയും അഡ്രസ് ചെയ്യപ്പെടുന്നുണ്ട്. അവധികാലങ്ങളിൽ നാട്ടിൽ വരാനും തിരിച്ചുപോകാനും ബുദ്ധിമുട്ടില്ലാത്ത അവസ്ഥയുണ്ടാക്കാനാണ് സാധാരണ സർക്കാർ ശ്രമിക്കേണ്ടത്. എന്നാൽ ഇപ്പോൾ തികഞ്ഞ ക്രൂരതയാണ് പ്രവാസികളോട് കേന്ദ്രസർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. വിമാന ടിക്കറ്റിന്റെ കാര്യമെടുത്താൽ ഇക്കാര്യം ബോധ്യമാകും. ഓണം, വിഷു, ഈദ്, ക്രിസ്തുമസ് വേളകളിലും ഗൾഫിലെ സ്കൂൾ അവധിക്കാലത്തും വിമാന ടിക്കറ്റ് ചാർജ് വർധന തുടർക്കഥയാണ്. ടിക്കറ്റ് ചാർജ് വർധന രണ്ടാം യു.പി.എ. സർക്കാരിന്റെകാലത്താണ് തുടങ്ങിയതെങ്കിലും ബി.ജെ.പി. സർക്കാർ ഇത് താങ്ങാനാകാത്ത തരത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. കരിപ്പൂർ വിമാനത്താവളത്തിൽ നിന്നാണ് ഏറ്റവും കൂടുതൽപേർ ഹജ്ജിനു പോകുന്നത്. അവിടെനിന്നുള്ള യാത്രാ ടിക്കറ്റിന് മൂന്നിരട്ടി ചാർജ് വർധിപ്പിക്കുകയാണ്. കേന്ദ്ര സർക്കാർ എമിഗ്രേഷൻ ക്ലിയറൻസ് ഇനത്തിൽ പ്രവാസികളിൽനിന്നും അഞ്ച് പതിറ്റാണ്ടിനിടയിൽ പിഴിഞ്ഞെടുത്ത തുക ഏതാണ്ട് അമ്പതിനായിരം കോടി രൂപയാണ്. ഇന്ത്യയിൽ ആദ്യമായി പ്രവാസികൾക്കുവേണ്ടി ഒരു ക്ഷേമ വകുപ്പ് രൂപീകരിച്ചത് 1998-ൽ നായനാർ സർക്കാരാണ്.

പ്രവാസികളോട് കേന്ദ്രസർക്കാരിന്റെ മനോഭാവമെന്താണ്? ഏറ്റവും കൂടുതൽ പ്രവാസി പണം വരുന്ന രാജ്യമാണ് ഇന്ത്യ. ലോക ബാങ്കിന്റെ കണക്കനുസരിച്ച് പത്ത് ലക്ഷം കോടി രൂപയാണ് പ്രവാസികൾ ഇന്ത്യയിലേക്കയച്ചത്. കഴിഞ്ഞ കാൽ നൂറ്റാണ്ടായി ഇന്ത്യ പ്രവാസി പണത്തിന്റെ വരുമാനത്തിൽ ഒന്നാമതാണ് എന്നകാര്യംകൂടി ഇതിനോട് ചേർത്തുവായിക്കണം. ശ്രീ. നരേന്ദ്ര മോദി വിദേശ യാത്ര നടത്താൻ മിടുക്കനാണെങ്കിലും പ്രവാസികളോട് അദ്ദേഹത്തിന് പുച്ഛമാണ്. പ്രവാസികാര്യ വകുപ്പ് ഇപ്പോൾ ഇല്ലാതായിരിക്കുന്നു എന്നതാണ് സത്യം. 2001 മുതൽ 2006 വരെ കേരളം ഭരിച്ച യു.ഡി.എഫ്. സർക്കാരും പ്രവാസികൾക്കായി യാതൊന്നും ചെയ്തിരുന്നില്ല. 2006-ൽ അധികാരത്തിൽവന്ന വി.എസ്. സർക്കാർ പ്രവാസി ക്ഷേമ പദ്ധതി സഭയിൽ പ്രഖ്യാപിക്കുകയും അത് 2008-ൽ നിയമമാക്കുകയും ചെയ്തു. തുടക്കത്തിൽ പ്രവാസി ക്ഷേമ പെൻഷനായി 500 രൂപയായിരുന്നു നൽകിയിരുന്നത്. 2011-ൽ യു.ഡി.എഫ്. അധികാരത്തിൽവന്നെങ്കിലും ഒരു രൂപ പോലും വർധിപ്പിച്ചില്ല. 2016-ൽ ഒന്നാം പിണറായി സർക്കാർ പ്രവാസി ക്ഷേമ പെൻഷൻ ആദ്യം 2000 രൂപയും ഇപ്പോൾ 3500 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. നേരത്തെ ഒരു

ലക്ഷത്തിപ്പതിനായിരം പേർ മാത്രമായിരുന്ന പ്രവാസി ക്ഷേമനിധി അംഗങ്ങളുടെ എണ്ണം ഇപ്പോൾ എട്ടര ലക്ഷമായി വർധിച്ചിട്ടുണ്ട്. ഏതാണ്ട് 43000 പേർക്ക് പെൻഷൻ കൊടുക്കുന്നുണ്ട്. അതിനുവേണ്ടിമാത്രം 19 കോടി രൂപ സർക്കാർ ചെലവഴിക്കുന്നു. പ്രവാസികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രധാനമായും നിർവഹിക്കുന്നത് നോർക്കയാണ്. എട്ട് വർഷത്തിനിടയിൽ പതിനായിരത്തിലേറെ പേർക്ക് ഇതിന്റെ സഹായം ലഭിച്ചു. പ്രവാസി ക്ഷേമപദ്ധതികൾക്കായി 120 കോടി രൂപ സംസ്ഥാന ബജറ്റിൽ മാറ്റിവയ്ക്കുന്നുണ്ട്. കോവിഡ് കാലത്ത് പ്രവാസികളെ ചേർത്തുനിർത്തി അഭിമാനകരമായ രീതിയിലാണ് ഗവൺമെന്റ് മുന്നോട്ടുപോയത്. വിദേശത്തേയ്ക്ക് തിരിച്ചു പോകാൻ കഴിയാതെ ഇവിടെ നിൽക്കേണ്ടിവന്ന എഴുപതിനായിരം പേർക്ക് 5000 രൂപ പോക്കറ്റ് മണി നൽകി. കോവിഡ് സന്ദർഭത്തിൽപോലും ഇതുപോലുള്ള സഹായം നൽകിയ മറ്റൊരു സംസ്ഥാനവും ഇന്ത്യയിലില്ലെന്നതാണ് സത്യം.

കേരളത്തിന്റെ മറ്റൊരു ശ്രദ്ധേയമായ മാതൃക ലോക കേരളസഭയാണ്. അതിനോട് പ്രതിപക്ഷത്തിന്റെ നിലപാട് എന്തായിരുന്നുവെന്നത്

എല്ലാവർക്കുമറിയാം. അവർ കഴിച്ച ഭക്ഷണത്തിന്റെപേരിൽ പോലും പ്രവാസികൾ അപമാനിക്കപ്പെട്ടു. വളരെ മോശമായി പ്രവാസികളെ അപമാനിച്ചതിൽ പ്രതിഷേധിച്ച് ശ്രീ. എം. എ. യൂസഫലിയുടെ കമന്റൊക്കെ ആ ദിവസങ്ങളിൽ നാം കേട്ടതാണ്. യു.ഡി.എഫ്. ബഹിഷ്കരിച്ചെങ്കിലും കെ.എം.സി.സി., (കേരള മുസ്ലീം കൾച്ചറൽ സെന്റർ) ഇൻകാസ് തുടങ്ങിയ സംഘടനകളിൽ നിന്നുള്ള പ്രതിനിധികൾപോലും പങ്കെടുത്തു. അവർ പങ്കെടുത്തത് ഈ സർക്കാരിന്റെ പ്രവാസികളോടുള്ള ആത്മാർത്ഥതയുടെ തെളിവാണെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. തങ്ങളുടെ ക്ഷേമം, നാടിന്റെ വികസനം എന്നീ കാര്യങ്ങളിൽ ആശയവിനിമയം നടത്താനുള്ളൊരു സ്ഥിരം സംവിധാനമെന്ന നിലയ്ക്കാണ് ലോക കേരള സഭ ആവിഷ്കരിച്ചത്. ഇന്ത്യയിലെ ഈ ലോക കേരളസഭയുടെ മാതൃക കണ്ട് മറ്റുപല സംസ്ഥാനങ്ങളും അത്തരമൊരു സംവിധാനമുണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെന്നാണ് അവിടെ പങ്കെടുത്ത പലരും അഭിപ്രായപ്പെട്ടത്. ഇന്നത്തെ നമ്മുടെ കേരളം ' അകം കേരളം, പുറം കേരളം' എന്നിങ്ങനെ കേരളം മാറിയിരിക്കുന്നു. അതിരുകൾ അതിലംഘിച്ച് ലോകമെമ്പാടുമായി പടർന്നുനിൽക്കുന്ന

മഹത്വമാർജ്ജിച്ച ഒരു അന്താരാഷ്ട്ര സമൂഹമാണ് ഇന്ന് കേരളീയർ. നിയമനിർമ്മാണസഭാ ചരിത്രത്തിന് 130 വയസ്സാകുന്ന ഘട്ടത്തിലാണ് നിയമനിർമ്മാണ അധികാരമില്ലാത്തതാണെങ്കിലും ഉപദേശക അധികാരമുള്ള ലോക കേരള സഭ പിറവിയെടുത്തത്. ഇതിനായി നോർക്ക റൂട്ട്സിൽ ഒരു റിക്രൂട്ട്മെന്റ് വിഭാഗം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മുൻകാലങ്ങളിൽ തൊഴിലന്വേഷിച്ച് പോകുന്ന ധാരാളം ആളുകൾ വഞ്ചിക്കപ്പെട്ട കഥകൾ നാം ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ, അതിൽനിന്നും തികച്ചും വ്യത്യസ്തമായി വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണമില്ലാതെ ജോലിയെടുക്കാൻ കഴിയുംവിധം നോർക്കയുടെ റിക്രൂട്ട്മെന്റ് സംവിധാനം വളരെ സുതാര്യമായി നടക്കുന്നുവെന്നത് സന്തോഷമുള്ള കാര്യമാണ്. നമുക്കത് അനുഭവമുള്ള കാര്യമാണ്. എല്ലാ ജി.സി.സി. (ഗൾഫ് കോ-ഓപ്പറേഷൻ കൗൺസിൽ) രാജ്യങ്ങളിലേയ്ക്കുമുള്ള അറ്റസ്റ്റേഷൻ ഇന്ന് തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ മൂന്ന് മേഖലകളിലായി നടത്താൻ കഴിഞ്ഞുവെന്നതും പ്രവാസികൾക്ക് വളരെ സഹായകരമായിട്ടുള്ള കാര്യമാണ്. പ്രവാസി നിയമസഹായ സെൽ ഇപ്പോൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

തൊഴിൽ പ്രശ്നങ്ങൾ, നിയമപ്രശ്നങ്ങൾ, വഞ്ചിക്കപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ എന്നിവർക്കൊക്കെ സൗജന്യമായി നിയമസഹായം നൽകാൻ വേണ്ടിയുള്ള നോർക്കയുടെ വളരെ ശ്രദ്ധേയമായൊരു കാൽവയ്പാണ് 'നിയമ സെൽ' എന്നതും നാം പ്രത്യേകം കാണേണ്ടതുണ്ട്. അതുപോലെ ഒരു ഗ്ലോബൽ കോൺടാക്ട് സെന്റർ 2019-ൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെഭാഗമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുള്ളവർക്ക് സർക്കാരിന്റെ സേവനങ്ങളെയും പദ്ധതികളെയും സംബന്ധിച്ച് എസ്.എം.എസ്. വഴിയോ മറ്റ് രീതികളിലൂടെയോ ഇവർക്ക് ബന്ധപ്പെടാനും അതിന്റെ സേവനങ്ങളും വിശദാംശങ്ങളും ലഭിക്കാനും കഴിയുന്ന സാഹചര്യമുണ്ടായി. ഏതാണ്ട് പതിമൂന്ന് രാജ്യങ്ങളിൽ നിന്നായി അറുപതിനായിരം പേർക്ക് ഇതുവരെ ഇതിന്റെ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ലോക കേരള സഭയിൽ ധാരാളം നിർദേശങ്ങൾ വന്നിട്ടുണ്ട്. അതിന്റെ ഭാഗമായി അവരുടെ ധനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ, അതായത്, വിവിധ മേഖലകളിൽ (അധ്യാപക-എഞ്ചിനീയർ മേഖലകളുൾപ്പെടെ) ജോലിചെയ്യുന്നവരുടെ സേവനങ്ങൾ, തിരിച്ചുവന്നിട്ടുള്ള പ്രവാസികളുടെ

അനുഭവങ്ങൾ എന്നിവ ഉപയോഗപ്പെടുത്തികൊണ്ട് കേരളത്തിന്റെ വികസന മേഖലയിൽ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയും. ഇങ്ങനെ വിവിധ മേഖലകളിൽ പ്രവാസി മലയാളികളുടെ പ്രവർത്തനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുന്നുവെന്നുള്ളതും മറ്റൊരു സംവിധാനമായി തോന്നുകയാണ്. ഞാൻ ചുരുക്കുകയാണ്...

ചെയർപേഴ്സൺ: ശ്രീ. എൻ. കെ. അക്ബർ..... പ്ലീസ് കൺക്ലൂഡ്....

ശ്രീ. എൻ. കെ. അക്ബർ: സർ, 'ബോർഡിന്റെ ഡയറക്ടർമാരിൽനിന്നും പ്രവാസി കേരളീയൻ (വിദേശം) ആയി ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ് എന്നൊരു വകുപ്പ് ബില്ലിൽ പറയുന്നുണ്ട്. അതിലൊരു വ്യക്തത വരുത്തണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന '2 ബി' നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രവാസി കേരളീയർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടി 2008-ൽ നിയമസഭ പാസ്സാക്കിയ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് സംബന്ധിച്ച എസ്.ആർ.ഒ. പരിശോധിച്ച കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി നിർദ്ദേശിച്ച ഭേദഗതികൾ, ആക്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥകളെ സ്വാഗതം ചെയ്യുന്നു. ഒട്ടേറെക്കാലമായി നിലനിൽക്കുന്ന ആവശ്യങ്ങൾ പരിഗണിക്കാതെയിരിക്കുന്നതുമൂലമുള്ള പ്രയാസങ്ങളുമായി ബന്ധപ്പെട്ട വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നതിനുമുമ്പ്, രണ്ടുദിവസമായി കേരളത്തിലും നാട്ടിൽ പല സ്ഥലങ്ങളിലും നടക്കുന്ന ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട പ്രതിഷേധംകൂടി ഇവിടെ അറിയിക്കുകയാണ്. കേരളത്തിലും ഇന്ത്യയിലാകമാനവും പ്രവർത്തിക്കുന്ന മദ്രസകളുടെ അംഗീകാരം എടുത്തുകളയണമെന്നും സാമ്പത്തിക സഹായം നൽകരുതെന്നും പറഞ്ഞുകൊണ്ടുള്ള കേന്ദ്ര ബാലാവകാശ കമ്മീഷന്റെ നിലപാട് പുറത്തുവന്നിരിക്കുകയാണ്. രാജ്യത്ത് ഏകദേശം 19985 മദ്രസകൾ

പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ഒന്നരക്കോടി വിദ്യാർഥികൾ അതിൽ പഠിക്കുന്നുണ്ട്. പന്ത്രണ്ടായിരത്തോളം വരുന്ന ഇതരമതസ്ഥരായ വിദ്യാർഥികളും അതിൽ പഠിക്കുന്നുണ്ട്. ഭരണഘടനയുടെ 29, 30 അനുച്ഛേദമനുസരിച്ച് ന്യൂനപക്ഷ വിഭാഗത്തിന് വിശ്വാസപ്രചാരണങ്ങൾ നടത്താനും അതോടൊപ്പം സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനുമെല്ലാമുള്ള അവകാശങ്ങളുണ്ട്. അത്തരത്തിലുള്ള അവകാശത്തെ ഹനിക്കുന്നതരത്തിലുള്ള ഒരു നിർദേശമാണ് ബാലാവകാശ കമ്മീഷൻ നൽകിയിട്ടുള്ളത്. അതോടൊപ്പംതന്നെ ഇന്നലെ അദ്ദേഹം മാതൃഭൂമി പത്രവുമായി നടത്തിയ അഭിമുഖത്തിൽ പ്രസ്താവിച്ചത്, 'കേരള സർക്കാർ നിത്യനുണക്കാരാണ്' എന്നാണ്. കേരളത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ യാതൊരുവിധ സഹായവും മദ്രസകൾക്ക് ഗവൺമെന്റ് നൽകുന്നില്ല എന്നത് വളരെ വ്യക്തമാണ്. എന്നിരുന്നാലും കേരള സർക്കാരിനെയും ഇവിടുത്തെ ജനങ്ങളെയും മോശമാക്കുന്ന തരത്തിലാണ് അദ്ദേഹത്തിന്റെ പ്രസ്താവനകൾ വന്നിരിക്കുന്നത്. അതുകൊണ്ട് ആ പ്രസ്താവനകളെ എതിർക്കുകയും അതിലുള്ള പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയും ചെയ്യുകയാണ്.

പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ധാരാളം കാര്യങ്ങൾ പ്രിയപ്പെട്ട എൻ. കെ. അക്ബർ ഇവിടെ സൂചിപ്പിച്ചു. ബില്ലിൽ കുറേയേറെ കാര്യങ്ങൾ പറഞ്ഞിട്ടുമുണ്ട്. ബോർഡ് രൂപവത്കരിക്കുമ്പോൾ വിദേശത്തുള്ള 5 പേരും സ്വദേശത്തുള്ള 2 പേരും ഉൾപ്പെടുന്ന 7 അംഗ സമിതിയിൽ ഉൾപ്പെടുന്നത് ഗവൺമെന്റ് നിർദ്ദേശിക്കുന്ന ആളുകളാണ്. ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ ചെയർമാനായി നിയമിക്കണമെന്നായിരുന്നു നേരത്തെയുള്ള വ്യവസ്ഥ, എന്നാൽ ഇപ്പോഴത് പ്രവാസി കേരളീയൻ (വിദേശം) ആയി മാറ്റണമെന്നുള്ള ഒരു നിർദ്ദേശം വന്നിട്ടുണ്ട്. ഇത് സ്വാഭാവികമായും പ്രയാസമുണ്ടാക്കുകയും ഉദ്യോഗസ്ഥ ഭരണമാകുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനത്തിലേയ്ക്ക് പോകുകയും ചെയ്യും. പല വിദേശരാഷ്ട്രങ്ങളിലുള്ള അംഗങ്ങളിൽ ആരെങ്കിലും ചെയർമാനാകുമ്പോൾ, ഇവിടെ വച്ച് യോഗങ്ങൾ നടത്തുന്നതിനും ഭരണനിർവഹണത്തിനും പ്രയാസമുണ്ടാകും. ഈ ബില്ലിൽ മാറ്റം വരുത്തണമെന്ന് പറയുന്ന ഒരു കാര്യം ഇതാണ്. കേരളത്തിലെ പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നം

കാലാകാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്നതാണ്. പ്രിയപ്പെട്ട എൻ. കെ. അക്ബർ അക്കാര്യങ്ങളെല്ലാം സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, പ്രവാസത്തിന്റെ സുദീർഘമായ ചരിത്രമുള്ളവരാണ് കേരളീയർ. പ്രവാസി കേരളീയരുടെ ക്ഷേമനിധി ആക്റ്റിൽ വരുത്താനുദ്ദേശിക്കുന്ന ഭേദഗതിയെക്കുറിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ചു. ബോർഡിന്റെ കാലാവധിയെ സംബന്ധിച്ച് പറയുന്നുണ്ട്. ഇപ്പോഴുള്ള മൂന്നുവർഷ കാലാവധി ചെറിയ കാലയളവായതിനാൽ അത് 5 വർഷമായി ദീർഘിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. രണ്ടാമതായി പറയാനുള്ളത്, ക്ഷേമനിധിയിൽ അടച്ചിരിക്കുന്ന അംശദായം തിരിച്ചുകിട്ടാൻ എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ അതുകൂടി പരിഗണിക്കണമെന്നതാണ്. പ്രവാസികൾ അംശദായം അടച്ചില്ലെങ്കിൽ അംഗത്വം അവസാനിക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തിൽനിന്നും രണ്ട് വർഷമായി ഉയർത്താൻ സാധിക്കുമോയെന്നും നോക്കണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പ്രിയപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ വളരെ പ്രസക്തമായ കാര്യമാണ് സൂചിപ്പിച്ചിരിക്കുന്നത്, അതെല്ലാം

എന്റെകൂടി നിർദ്ദേശങ്ങളായി പരിഗണിക്കണമെന്ന് പറയുകയാണ്. പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം വളരെ പരിതാപകരമായ അവസ്ഥയിലാണ്. അതിന്റെ പ്രവർത്തനം കൃത്യമായി നടത്തുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നില്ല. പ്ലാൻ ഫണ്ടിൽ അനുവദിക്കുന്നതിന്റെ 25 ശതമാനംപോലും ബോർഡിന് ലഭിക്കുന്നില്ല. പെൻഷൻ വിതരണം മുടങ്ങുന്ന അവസ്ഥയുള്ളതുകൊണ്ടും അതുപോലെ പ്രവാസി ഡിവിഡന്റ് സ്കീമിൽ സർക്കാർ അനുവദിക്കേണ്ട വിഹിതം ലഭിക്കാത്തതുകൊണ്ടും പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ക്ഷേമനിധി ബോർഡിലെ നിയമനങ്ങളെ സംബന്ധിച്ചും സൂചിപ്പിക്കാനുണ്ട്, നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനെക്കുറിച്ചാണ് നേരത്തെ സംസാരിച്ചുകൊണ്ടിരുന്നത്. ക്ഷേമനിധിയിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനാവശ്യമായ നടപടി ഇതുവരെയുണ്ടായിട്ടില്ല, ഏറെക്കാലമായി അത്തരത്തിലുള്ള നിർദ്ദേശങ്ങൾ വന്നുകൊണ്ടിരിക്കുകയാണെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കേരളത്തിന്റെ സാമ്പത്തികരംഗത്ത് വളരെയധികം മാറ്റങ്ങളുണ്ടാക്കാൻ വലിയ ഘടകമായിത്തീർന്നത് പ്രവാസികളാണെന്നത് എല്ലാവരും പ്രസംഗിക്കുന്ന

കാര്യമാണ്. പക്ഷേ അവരുടെ ആവശ്യങ്ങൾ പരിഗണിക്കാതെ പോകുകയും അവർ അവഗണിക്കപ്പെട്ടുപോകുകയും ചെയ്യുന്ന സ്വഭാവം എല്ലാമേഖലയിലും കണ്ടുവരുന്നതാണ്. വിമാനയാത്രാ നിരക്കിനെ സംബന്ധിച്ച് എല്ലാവരും പറയുന്നുണ്ട്. യാത്രാനിരക്ക് പതിന്മടങ്ങായി നിരന്തരം വർധിപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിൽ വളരെ പ്രയാസപ്പെടുന്ന ഒട്ടേറെ പ്രവാസികളുണ്ടെന്ന കാര്യവും നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണെങ്കിലും അതിനും യാതൊരു മാറ്റവുമുണ്ടാക്കാൻ സാധിച്ചിട്ടില്ല. പ്രവാസി വരുമാനത്തിൽ കേരളം നേരത്തെ ഒന്നാമതായിരുന്നു, അതിനനുസരിച്ചുള്ള മാറ്റങ്ങൾ ഇവിടെ വന്നിട്ടുമുണ്ട്, എന്നാൽ ഇപ്പോൾ മഹാരാഷ്ട്രയെക്കാൾ പിന്നിലാണെന്നതാണ് വസ്തുത. കോവിഡിനുശേഷം ഏകദേശം 15 ലക്ഷം പ്രവാസികൾ കേരളത്തിലേയ്ക്ക് മടങ്ങിവന്നിട്ടുണ്ടെന്ന് നോർക്കയുടെ കണക്കുപ്രകാരം പറയുന്നുണ്ട്. അത്രയും പ്രവാസികൾ മടങ്ങിവന്നത് കേരളത്തിന്റെ സാമ്പത്തികരംഗത്ത് വലിയ പ്രയാസമുണ്ടാക്കുന്ന സംഗതിയാണ്. അതുകൊണ്ട് അവരെ പരിരക്ഷിക്കുന്നതിനും അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനും തയ്യാറാകണം. വളരെയേറെ വർഷങ്ങൾ വിദേശ

രാജ്യങ്ങളിൽ ജീവിച്ച, വളരെയധികം സ്കിൽഡ് ആയിട്ടുള്ളവരും പല മേഖലകളിൽ ജോലിചെയ്തിട്ടുള്ളവരുമായ വ്യക്തികളുണ്ടാകും. ഒരു ഡാറ്റാബാങ്ക് ഉണ്ടാക്കിക്കൊണ്ട് അവരുടെ സ്കിൽ നമുക്ക് ഉപയോഗപ്പെടുത്തുന്നതിന് സാധിക്കുമോയെന്നും പരിശോധിക്കാവുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, 60-65 വയസ്സുവരെ വിദേശത്ത് ജോലിചെയ്തിട്ടും ക്ഷേമനിധിയിൽ യഥാസമയം അംഗത്വമെടുക്കാൻ കഴിയാതെപോയവരുണ്ട്, അങ്ങനെ മടങ്ങിവന്നവർക്ക് ഇപ്പോൾ മരുന്ന് വാങ്ങാൻപോലുമുള്ള സഹായം കിട്ടാത്ത അവസ്ഥയാണുള്ളത്. അത്തരത്തിലുള്ളവർക്ക് അഞ്ചുവർഷത്തെ അംശദായം ഒരുമിച്ചടച്ച് ക്ഷേമനിധിയിൽ ചേരുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ; ഇപ്പോൾ നൽകുന്ന പെൻഷൻ തുക 3800 രൂപയാണ്, അത് 5000 രൂപയായി വർധിപ്പിക്കണമെന്ന അഭിപ്രായമുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: തീർച്ചയായും. ശ്രീ. എം. വിൻസെന്റ് പറഞ്ഞ അഭിപ്രായത്തോട് യോജിക്കുകയാണ്.

<u>ചെയർപേഴ്സൺ</u>: അങ്ങ് രണ്ടുപേർക്ക് വഴങ്ങിക്കഴിഞ്ഞു, അങ്ങയുടെ സമയം നഷ്ടമാകുകയാണ്..

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, അതിനനുസരിച്ച് സമയം നൽകിയാൽ മതിയാകും, പ്രവാസികളുടെ പുനരധിവാസം പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കേണ്ടതാണ്. സമയം വൈകുന്നതുകൊണ്ട് ഞാൻ പോയിന്റുകൾ മാത്രം പറയുകയാണ്. 15 ലക്ഷത്തോളം പ്രവാസികൾ തിരിച്ചുവന്നുവെന്ന് ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു, അവരുടെ പുനരധിവാസം സംബന്ധിച്ച് പ്രഖ്യാപിച്ച കാര്യങ്ങളൊന്നും നടക്കാതെ പോകുന്ന അവസ്ഥാവിശേഷം കേരളത്തിലുണ്ട്. വിദേശത്തുവച്ച് മരിക്കുന്ന വ്യക്തികളുടെ ഭൗതികശരീരം നാട്ടിലേയ്ക്ക് കൊണ്ടുവരുന്നതിൽ ഇന്നും അനാസ്ഥ നിലനിൽക്കുകയാണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതായതിനാൽ ഞാൻ വിശദീകരിക്കുന്നില്ല, അക്കാര്യം പരിഹരിക്കുന്നതിൽ കൃത്യമായ നടപടിയുണ്ടായിട്ടില്ല. ചെറിയ കുറ്റങ്ങളിൽ നൂറുകണക്കിന് ആളുകൾ വിദേശത്ത് ജയിലിൽ കഴിയുന്നുണ്ട്, അവർക്കൊക്കെ നിയമസഹായം നൽകിക്കൊണ്ട് തിരിച്ച് നാട്ടിൽ എത്തിക്കുന്നതിനുള്ള ഇടപെടൽ നടത്താനുള്ള പ്രവർത്തനവും ഇതിന്റെ

ഭാഗമായി ചെയ്യാൻ സാധിക്കുമോയെന്നും പരിശോധിക്കേണ്ടതാണ്. മടങ്ങിവന്ന പ്രവാസികൾ വിദേശത്ത് ചെറിയ ജോലികൾ ചെയ്ത് ജീവിച്ചവരാകാം, അതുകൊണ്ടുതന്നെ അവരുടെ പ്രയാസങ്ങളും നമുക്ക് മനസ്സിലാകും. ഇത്തരക്കാരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തണം, അവർ അതിന് അർഹരാണ്. ഇപ്പോൾ വിദേശത്തുനിന്നും മടങ്ങിവന്നവരാണെന്ന കാരണത്താൽ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താത്ത അവസ്ഥയുണ്ട്, ഇത്തരം പ്രയാസങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്നും പരിശോധിക്കേണ്ടതാണ്. ഇത്തരം സംവിധാനങ്ങൾക്കായി ത്രിതല പഞ്ചായത്തുകളിൽ പ്രവാസിക്ഷേമ സ്ഥിരം സമിതികൾ രൂപീകരിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുകയും ഞാൻ നേരത്തെ സൂചിപ്പിച്ച സ്കിൽഡ് ആയ വ്യക്തികളുടെ ഡാറ്റാ ബാങ്ക് ഉണ്ടാക്കി അവരുടെ കഴിവുകൾ ഉപയോഗപ്പെടുത്താൻ പഞ്ചായത്തുതലത്തിൽ സാധിക്കുമോയെന്നും പരിശോധിക്കണം. വ്യവസായ വകുപ്പുമന്ത്രിയാണ് ഇതിനെല്ലാം മറുപടി പറയുന്നത്, ഓരോ പഞ്ചായത്തിലും പുതിയ പുതിയ വ്യവസായങ്ങൾ ആരംഭിക്കാനുള്ള നിരന്തര ശ്രമം അദ്ദേഹം നടത്തിക്കൊണ്ടിരിക്കുകയാണ്.

അതിന്റെ ഭാഗമായി ഇത്തരം സ്കിൽഡ് ആയ വ്യക്തികൾക്ക് സാമ്പത്തിക സഹായം അനുവദിച്ച് ഗ്രാമീണ വ്യവസായ മേഖലയിൽ മാറ്റമുണ്ടാക്കാൻ കഴിയുമോയെന്നത് പരിശോധിക്കാവുന്നതാണ് എന്നുകൂടി പറയുകയാണ്. നാല് ലോക കേരള സഭകൾ നടന്നതിനെക്കുറിച്ചെല്ലാം പ്രിയപ്പെട്ട എൻ. കെ. അക്ബർ ഇവിടെ സൂചിപ്പിച്ചിരുന്നു, എന്റെ അറിവും ധാരണയും ശരിയാണെങ്കിൽ ആദ്യത്തെ ലോക കേരള സഭയിൽ ഏകദേശം 250-ഓളം നിർദ്ദേശങ്ങൾ വന്നിരുന്നു, അതിൽ ഏതെല്ലാം നടപ്പിലാക്കിയെന്നോ, നടപ്പിലാക്കിയതിൽ പ്രവാസികൾക്ക് ഗുണകരമായത് ഏതൊക്കെയെന്നോ കൃത്യമായി പറയാൻ സാധിക്കാത്തവിധം ഇന്നും അത് നിർദ്ദേശങ്ങളായിത്തന്നെ കിടക്കുകയാണ്. 7.5 ലക്ഷം സജീവാംഗങ്ങൾ കേരള പ്രവാസി ക്ഷേമനിധിയിലുണ്ട്. ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചപോലെ, 60 വയസ്സ് എന്ന പ്രായപരിധിക്കുള്ളിൽ ക്ഷേമനിധിയിൽ ചേരാൻ സാധിക്കാത്ത ധാരാളം പേരുണ്ട്. അതുകൊണ്ട് പ്രായപരിധിയിൽ മാറ്റം വരുത്തി 60 വയസ്സിനുശേഷവും അവർക്ക് അംഗത്വമെടുക്കുന്നതിനും പെൻഷൻ ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്നും

പരിശോധിക്കേണ്ടതാണ്. കേരളത്തിന്റെ സാമ്പത്തിക രംഗത്ത് വലിയ മാറ്റങ്ങൾക്ക് കാരണക്കാരായ പ്രവാസികളെ പരിഗണിക്കാതെ പോകുന്ന സർക്കാരായി ഈ സർക്കാർ മാറരുതെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവരാണ് പ്രവാസികൾ എന്നാണ്.

ചെയർപേഴ്സൺ: ശ്രീ. പി. ഉബൈദുള്ള......പ്ലീസ്...... അദ്ദേഹത്തിന്റെ സമയം കഴിയുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, പ്രവാസികൾ രാജ്യത്തിന്റെ നട്ടെല്ലാണെന്നാണ് എല്ലാവരും സ്ഥിരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. എന്നാൽ പല പ്രവാസികളും ജോലി നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച് പലപ്പോഴും പ്രഖ്യാപനം നടത്തുന്നതല്ലാതെ അതിനുള്ള നടപടികളുണ്ടായിട്ടില്ല. ഇതിന് മറുപടി പറയാൻ പോകുന്നത്

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയാണല്ലോ. അവർക്കുവേണ്ടി വ്യവസായ യൂണിറ്റുകളാരംഭിച്ച് ഇവിടെ ജീവിക്കാനാവശ്യമായ സാഹചര്യമൊരുക്കാൻകൂടി നമ്മൾ തയ്യാറാകണം. പ്രവാസി ക്ഷേമനിധിയിലെ അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യം വർധിപ്പിക്കണം എന്നത് ശരിയാണ്. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. എൻ. കെ. അക്ബർ എം.എൽ.എ. പറഞ്ഞത്, ലോക കേരള സഭ പ്രതിപക്ഷം ബഹിഷ്കരിച്ചു എന്നാൽ KMCC-ൽ ഉൾപ്പെടെയുള്ള ആളുകൾ പങ്കെടുത്തുവെന്നാണ്. KMCC പോലുള്ള സംഘടനകൾ സേവനമാണ് ഈ രാജ്യത്ത് ചെയ്തുകൊണ്ടിരിക്കുന്നത്.

<u>ചെയർപേഴ്സൺ</u>: ശ്രീ. പി. ഉബൈദുള്ള, പ്ലീസ്..... കൺക്ലൂഡ്........

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കോവിഡ് കാലഘട്ടത്തിൽ പ്രയാസം അനുഭവിച്ച പ്രവാസികളോട്, എന്തെങ്കിലും സേവനം ആവശ്യമുണ്ടെങ്കിൽ KMCC നേതാക്കന്മാരെ ബന്ധപ്പെട്ടാൽ മതിയെന്നുപറഞ്ഞത് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയാണ്. ഇപ്പോൾ വയനാട്ടിൽ വലിയ ദുരന്തമുണ്ടായപ്പോൾ ദുരിതമനുഭവിക്കുന്നവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടി പ്രവാസികളെല്ലാവരും സംഭാവന ചെയ്തു. അതിനുപുറമേ ഡോ. പുത്തൂർ

റഹ്മാനും ശ്രീ. പി. കെ. അൻവർ നഹയും നേതൃത്വം കൊടുക്കുന്ന യു.എ.ഇ. KMCC-യുടെ നാഷണൽ കമ്മിറ്റി ദുരന്തമനുഭവിക്കുന്നവരുടെ കുടുംബാംഗങ്ങളിൽ അർഹതപ്പെട്ട ആളുകൾക്ക് യു.എ.ഇ.യിൽ ജോലി കൊടുക്കാൻ തയ്യാറാണെന്ന് പ്രഖ്യാപനം നടത്തുകയും വയനാട്ടിൽ വന്ന് ഇന്റർവ്യൂ നടത്തുകയും അർഹതപ്പെട്ടവർക്ക് അവിടെ ജോലി നേടി കൊടുക്കാൻ ശ്രമം നടത്തുകയുമാണ്. നമ്മുടെ രാജ്യത്ത് ഇതുപോലെയുള്ള ദുരന്തമുഖങ്ങളിൽ ദുരിതാശ്വാസ പ്രവർത്തനം നടത്താൻ നേതൃത്വം കൊടുക്കുന്ന KMCC-യെപ്പോലെയുള്ള സംഘടനകളെ ആക്ഷേപിക്കുന്ന നടപടി ശരിയല്ലെന്നുകൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ചെയർപേഴ്സൺ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ.....അങ്ങയുടെ സമയം കഴിഞ്ഞു. ദയവായി സഹകരിക്കണം പ്ലീസ്.... കൺക്ലൂഡ്.......

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, തീർച്ചയായും, ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള പറഞ്ഞത് വളരെ ശരിയാണ്. അതുതന്നെയാണ് ഞാനും പറഞ്ഞുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ സാമ്പത്തിക-സാമൂഹിക-സാംസ്കാരിക മേഖലകളിലെല്ലാം കൃത്യമായി പങ്കുവഹിച്ചുകൊണ്ട് മുന്നോട്ടുവന്ന

പ്രവാസികളുടെ എല്ലാ പ്രയാസങ്ങളെയും അതിജീവിക്കാൻ കഴിയാവുന്ന തരത്തിലൂടെയുള്ള നിയമനടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ വിയോജിപ്പ് ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പൊതുവെ രണ്ട് ബില്ലുകളോടും യോജിച്ചുകൊണ്ടുള്ള ചർച്ചയാണ് ഇവിടെ നടന്നിട്ടുള്ളത്. ആദ്യത്തെ ബിൽ തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയെന്നുള്ളതാണ്. അത് സർക്കാരിന്റെ ഒരു പ്രഖ്യാപിത കാഴ്ചപ്പാടിന്റെ ഭാഗമാണ്. 2016-നുശേഷം 13 സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയുണ്ടായി. പി.എസ്.സി.-ക്ക് വിട്ടുകഴിഞ്ഞ സ്ഥാപനങ്ങൾ പിന്നീട് അഭിമുഖീകരിക്കുന്ന പ്രതിസന്ധി സ്പെഷ്യൽ റൂൾസുണ്ടാകാൻ സമയമെടുക്കുന്നുവെന്നുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ പ്രശ്നം പ്രത്യേകം ചർച്ച ചെയ്യുകയും അതത് ഭരണവകുപ്പുകൾ പെട്ടെന്നുതന്നെ ചട്ടങ്ങളും സ്പെഷ്യൽ റൂൾസും പ്രത്യേകം തയ്യാറാക്കി നിയമവകുപ്പിന്റെ അംഗീകാരത്തോടുകൂടി

നടപ്പിൽവരുത്തേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 7 സ്ഥാപനങ്ങളുടെ സ്പെഷ്യൽ റൂൾസും നടപ്പിൽ വരുത്താൻ കഴിഞ്ഞു. അതുവഴിയുള്ള നിയമനങ്ങൾ നടക്കുന്നുണ്ട്. പൊതുവെ സർക്കാർ ജോലി എന്നതിലേയ്ക്കുമാത്രം നമ്മുടെ ചർച്ചകൾ പരിമിതപ്പെടാറുണ്ട്. ഇവിടെ രണ്ട് അംഗങ്ങളും ചൂണ്ടിക്കാട്ടിയതുപോലെ പി.എസ്.സി. വഴി ഇന്ത്യയിൽ ഏറ്റവുമധികം നിയമനം നടത്തുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. നിയമന നിരോധനമില്ല എന്നുമാത്രമല്ല, സാമ്പത്തിക ഞെരുക്കത്തിലും ധനപ്രതിസന്ധിക്കിടയിലും ആവശ്യമായ മേഖലകളിലെല്ലാം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നുണ്ട്. പ്രത്യേകിച്ചും വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ ആവശ്യമുള്ള മേഖലകളിലെല്ലാംതന്നെ തസ്തിക സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. അതോടൊപ്പം പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് രൂപീകരിക്കുന്ന നിരവധി സംവിധാനങ്ങളുണ്ട്, സെന്റർ ഓഫ് എക്സലൻസായി വരുന്നത്, വൈറോളജിയുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര നിലവാരമുള്ള സ്ഥാപനം, കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടുവരുന്ന മാറ്റങ്ങളെല്ലാം പഠിക്കാൻ തീരുമാനിക്കുന്ന സ്ഥാപനം, അത്തരം സ്ഥാപനങ്ങളെല്ലാം

രൂപീകരിക്കുമ്പോൾ സാമ്പത്തിക ഞെരുക്കമുണ്ട്, ധനപ്രതിസന്ധിയുണ്ട് അതുകൊണ്ട് അതിനെല്ലാമുള്ള നിയമനങ്ങൾ തൽക്കാലം വേണ്ടെന്നുവയ്ക്കുന്ന സമീപനമല്ല സർക്കാർ സ്വീകരിക്കുന്നത്. അവിടെയെല്ലാം പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ ചൂണ്ടിക്കാട്ടിയതുപോലെ സംരംഭകവർഷം വഴി ആറരലക്ഷത്തിലധികം പുതിയ തൊഴിലവസരങ്ങൾ ഗ്രാമീണമേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള സമ്പദ്ഘടനയിൽ പ്രധാനപ്പെട്ട സംഭാവന ചെയ്യുന്ന ഒന്ന്, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളാണ്. അതിന്റെ കുതിപ്പ് നമ്മുടെ നാട്ടിൽ കുറേക്കൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകരമായിരിക്കും. അതോടൊപ്പം ഈ സർക്കാർ വന്നതിനുശേഷം ഐ.ടി. മേഖലയിൽ പതിനെട്ടായിരം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടെക്നോപാർക്കും ഇൻഫോപാർക്കും അടുത്തഘട്ട വികസനത്തിലാണ്. കോഴിക്കോട് സൈബർ പാർക്ക് നേരത്തെയൊരു ശ്മശാന ഭൂമിയായിരുന്നുവെങ്കിലും ഇപ്പോൾ പൂർണ്ണമായും അത് അലോട്ട് ചെയ്തുകഴിഞ്ഞു, കൂടുതൽ സ്ഥലമേറ്റെടുക്കണമെന്ന ആവശ്യം വന്നിരിക്കുകയാണ്. എല്ലാ ഐ.ടി.

പാർക്കുകളും നല്ല രീതിയിൽത്തന്നെ പ്രവർത്തിക്കുന്നു. നിരവധി സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തനമാരംഭിക്കാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം കേരളത്തിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കഴിയുന്ന രൂപത്തിലുള്ള Global Capability Centres (GCCs)-ന് നല്ലസാധ്യത കേരളത്തിലുണ്ട്. അത്തരം സ്ഥാപനങ്ങൾ വരുന്നുണ്ട്. അതുവഴി നന്നായി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. ഓരോ മേഖലയും എടുത്ത് പറയുന്നില്ല. നോളജ് മിഷൻ ഒരു പുതിയ സംവിധാനമായിരുന്നു. അതിന്റെ ഭാഗമായി 6360 തൊഴിൽദായകരിലൂടെ പതിനൊന്നേമുക്കാൽലക്ഷം തൊഴിലവസരങ്ങൾ നമ്മൾ കണ്ടിട്ടുണ്ട്. നമുക്ക് ഒരു പ്രശ്നം വരുന്നത്, സ്കില്ലും തൊഴിലും തമ്മിലൊരു മിസ്മാച്ച് വരുന്നുണ്ട്. പുതിയ തൊഴിലവസരങ്ങൾ വരുന്നു. 200 പേർക്ക് ജോബ് മേള നടക്കുമ്പോൾ അതിൽ പത്തോ പതിനഞ്ചോ പേരെ മാത്രമേ സെലക്ട് ചെയ്യാൻ സാധിക്കുന്നുള്ളൂ. അതിന് അസാപ് ഉൾപ്പെടെയുള്ള സ്കിൽ സംവിധാനങ്ങൾ കുറേക്കൂടി ശക്തിപ്പെടുത്തണം. ഇരുപതുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടി

നോളജ് മിഷൻ നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാദേശിക ഭരണസംവിധാനങ്ങളെക്കൂടി ഉപയോഗപ്പെടുത്തിയാൽ......

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാട്ടിൽ സ്വയംതൊഴിലിനുവേണ്ടി ബാങ്കുകളെ സമീപിക്കുമ്പോൾ പല ബാങ്കുകളും നെഗറ്റീവായ സമീപനമാണ് സ്വീകരിക്കുന്നത്. ആളുകളെ മാക്സിമം നിരുത്സാഹപ്പെടുത്തി, അതിൽനിന്നും ഒഴിവാക്കി വിടുന്ന സാഹചര്യമുണ്ടാകാറുണ്ട്. വളരെ പ്രയാസത്തോടുകൂടി അവർ ഞങ്ങളുടെ അടുത്തുവന്ന് ഇക്കാര്യങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ ബാങ്കിനെ വിളിക്കുമെങ്കിലും മുടന്തൻ ന്യായങ്ങളും നിയമപരമായ കാര്യങ്ങളും പറഞ്ഞ് ഞങ്ങളെക്കൂടി നിരുത്സാഹപ്പെടുത്തുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റും വകുപ്പുമന്ത്രിയും ഇടപെടുന്നത് നല്ലതായിരിക്കും. അങ്ങനെ ഇടപെടുന്ന സാഹചര്യമുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാട്ടിയത് പ്രസക്തമായ കാര്യമാണ്. ബാങ്കുകളുടെ സമീപനം കുറേക്കൂടി ഉദാരമാകണം. സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഉതകുന്നതായിരിക്കണമെന്നാണ് അദ്ദേഹം ഇവിടെ

സൂചിപ്പിച്ചത്, കുറെ മാറ്റം വന്നിട്ടുണ്ട്. നമ്മുടെ സി.ഡി. റേഷ്യോയിൽ നല്ല മാറ്റം വന്നിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ കണക്ക് പരിശോധിച്ചാൽ, 96,000 കോടി രൂപ എം.എസ്.എം.ഇ.-കൾക്കുവേണ്ടി കേരളത്തിൽ ലോൺ കൊടുത്തിട്ടുണ്ട്. 48000-ത്തിൽനിന്ന് നേരെ ഇരട്ടിയിലേയ്ക്കെത്തി. എന്നാൽ താഴെതലങ്ങളിൽ ഇപ്പോഴും കുറെയേറെ മാറ്റങ്ങൾ വരേണ്ടതുണ്ട്. ഓരോ പഞ്ചായത്തിലും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുണ്ട്. എസ്.എൽ.ബി.സി.-യിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഞാൻ പങ്കെടുത്തിരുന്നു. ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം അവിടെ അവതരിപ്പിക്കുകയുണ്ടായി. അതിൽ കുറേക്കൂടി ഉദാരമായ സമീപനം ബാങ്കുകൾ സ്വീകരിക്കുന്നതിനുവേണ്ടി സർക്കാർ തുടർച്ചയായി ഇനിയും ഇടപെടുന്നതായിരിക്കും.

പുതുതായി തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇനിയുള്ള മേഖലയ്ക്കകത്തും നിയമനങ്ങൾ പരമാവധി പി.എസ്.സി.-ക്ക് വിടുക, കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക, വിദ്യാസമ്പന്നരായ മുഴുവൻ ആളുകൾക്കും അവർക്ക് അർഹമായ തൊഴിൽ നൽകുക എന്നതുതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. നമ്മൾ

ഇപ്പോൾ പോകുന്ന രൂപത്തിൽതന്നെ നന്നായി മുന്നോട്ടുപോയാൽ എല്ലാകുടുംബങ്ങളിലും തൊഴിലവസരമുണ്ടാക്കാൻ കഴിയും. Work from home, work near home, work stations എന്നിവയെല്ലാം നന്നായി വികസിച്ചുകൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യ, കണക്ടിവിറ്റി ശക്തിപ്പെടുന്നതോടെ ലോകത്തിലുള്ള ഏതുജോലിയും നമുക്ക് ഇവിടെ ചെയ്യാൻ കഴിയും. നമ്മൾ ശ്രദ്ധിക്കുന്നത് ഇവിടത്തെ ചെറുപ്പക്കാർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സ്ഥാപനങ്ങളാണ്. ലക്ഷക്കണക്കിന് migrant labourers ഇവിടെയുണ്ട്. അത്രയും തൊഴിലവസരം ഇവിടെയുള്ളതുകൊണ്ടാണ് അത്രയും migrant labourers വരുന്നത്. എന്നാൽ നമ്മുടെ ആളുകൾക്ക് വലിയ നോളജ് അടിസ്ഥാനപ്പെടുത്തിയ ഉയർന്ന ശമ്പളം കിട്ടുന്ന ജോലി വേണം. അതിലേയ്ക്കാണ് സർക്കാർ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ സർക്കാരിന്റെ പ്രഖ്യാപിത നയം തന്നെ നോളജ് ഇക്കോണമിയിലേയ്ക്ക് മാറുകയെന്നതാണ്. നല്ല അവസരങ്ങൾ സൃഷ്ടിക്കാനായി സർക്കാർ ശ്രമിക്കുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, നമ്മൾ ഇപ്പോൾ നിയമനങ്ങളെക്കുറിച്ചും തൊഴിലവസരങ്ങളെക്കുറിച്ചുമാണ് ഏറ്റവും കൂടുതൽ സംസാരിക്കുന്നത്. കേരളത്തിൽ സിയാൽ, വിഴിഞ്ഞം, കൊച്ചി മെട്രോ തുടങ്ങിയവയിലെല്ലാം സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സംവരണം ലഭ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുകയെന്നുള്ളത് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമല്ലേ, ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, പൊതുവെ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സംവിധാനങ്ങളിലുമെല്ലാം സംവരണം ഉറപ്പുവരുത്താനാണ് ശ്രമിക്കുന്നത്. നേരത്തെ ശ്രീ. ഇ. ചന്ദ്രശേഖരൻ ചൂണ്ടിക്കാട്ടിയതുപോലെ, പാത്രത്തിനകത്തുള്ളതെല്ലാം എടുത്തുകൊണ്ടുപോകുകയാണ്. തവി മാത്രം കൈയിൽ വച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഇത്ര ശതമാനം സംവരണമുണ്ട്. പക്ഷേ തൊഴിലവസരമൊന്നുമില്ല. എല്ലാവർക്കും സംവരണമുണ്ടെന്ന അവസ്ഥയാണുള്ളത്. കേരളത്തിൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതുതന്നെ സംവരണതത്വം പാലിക്കുന്നതിനുവേണ്ടിയാണെന്ന്

കാണേണ്ടതുണ്ട്. അതുകൊണ്ട് ആദ്യത്തെ ബിൽ പൊതുവെ എല്ലാവർക്കും യോജിപ്പുള്ളതാണ്. അത് സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയോടുകൂടി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

രണ്ടാമത്തെ ബില്ലിലേയ്ക്കുവന്നാൽ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞ ഒരു രാഷ്ട്രീയപ്രശ്നം വന്നിട്ടുണ്ട്. അതിൽ എല്ലാവരും നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞൊരു കാര്യം ശരിയാണ്. ഗവൺമെന്റിനെ വല്ലാത്ത രൂപത്തിലാണ് ബാലാവകാശ കമ്മീഷൻ അവിടെ പറഞ്ഞിട്ടുള്ളത്. അത് ഞങ്ങൾക്കുള്ള അംഗീകാരമായിട്ടുതന്നെയാണ് കാണുന്നത്. ഇത്തരം കാര്യങ്ങളിൽ ഞങ്ങളൊരു നിലപാട് സ്വീകരിക്കുന്നുവെന്നുള്ളത് അംഗീകാരമായിത്തന്നെയാണ് കാണുന്നത്. അങ്ങും ഇപ്പോൾ സർക്കാരിനെതിരെയുള്ള പ്രചാരണം നടത്തുന്നതിൽ പ്രതിഷേധിച്ചതും സ്വാഗതാർഹമാണ്.

ഇന്ന് കേരളത്തെ സംബന്ധിച്ച് പുതിയൊരു നറേറ്റീവുണ്ടല്ലോ, അതിലൊന്ന് മദ്രസകൾക്ക് ശമ്പളം കൊടുക്കുന്നു, മറ്റൊന്ന് അമ്പലങ്ങളുടെ പണം മുഴുവൻ എടുത്തുകൊണ്ടുപോകുന്നു. ഇതുരണ്ടും നിർമ്മിച്ചെടുത്ത

ന്ദണകളാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ദേവസ്വങ്ങൾക്ക് സർക്കാർ അങ്ങോട്ടാണ് പണം കൊടുക്കുന്നത്. മദ്രസകൾക്കൊന്നും സർക്കാർ പണം കൊടുക്കുന്നുമില്ല. എല്ലാ മേഖലയ്ക്കുകത്തുമുള്ളതുപോലെതന്നെ മദ്രസ്സാധ്യാപകർക്കും ക്ഷേമനിധി സംവിധാനം സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. അതുപോലെ മദ്രസയിൽ വരുന്ന കുട്ടികൾക്കാകെ അതോടുകൂടി വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നുവെന്നാണ് പറയുന്നത്. 'വിശ്വാസത്തിന്റെ സംരക്ഷകരോ അവകാശങ്ങൾ അടിച്ചമർത്തുന്നവരോ?' ഇതാണ് ആ റിപ്പോർട്ടിന്റെ തലക്കെട്ട്. മദ്രസയിൽ പോകുന്നവരെ പഠിക്കാൻ അനുവദിക്കുന്നില്ല എന്നൊക്കെയാണ് അതിൽ പറയുന്നത്. കേരളം എന്നാൽ എല്ലാവർക്കും വിദ്യാഭ്യാസം നൽകുന്ന ഒരു സംവിധാനമുള്ള സംസ്ഥാനമാണ്. ഇവിടെ വിദ്യാഭ്യാസ അവകാശ നിയമമൊന്നും ലംഘിക്കപ്പെടുന്നില്ല, നല്ല രീതിയിലാണ് കാര്യങ്ങൾ നടക്കുന്നത്. അതിവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ വ്യക്തമാക്കിയിട്ടുണ്ട്. മതപരമായ ധ്രുവീകരണത്തിനും വർഗീയവൽകരണത്തിനും ലഭിക്കാവുന്ന എല്ലാ ഉപകരണങ്ങളെയും ആ

രൂപത്തിൽ ഉപയോഗിക്കാനാണ് അവർ ശ്രമിക്കുന്നത്. അത് തുറന്നുകാണിക്കേണ്ടത് ഓരോ മതനിരപേക്ഷവാദികളുടെയും സമീപനത്തിലൂടെയാണ്. സർക്കാർ അക്കാര്യത്തിൽ ശക്തമായ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

ബില്ലിന്മേൽ ഉയർന്ന ഒരു പൊതുവായ സംശയം, പുതിയ ഭേദഗതിയിൽ ബോർഡിന്റെ ചെയർമാനായി പ്രവാസി കേരളീയർ (വിദേശം) ആയ ഒരാളെ നിയമിക്കണമെന്ന് പറയുന്നതുകൊണ്ട്, വിദേശത്ത് ജോലി ചെയ്യുന്നവർക്കാണോ ഇതിന്റെ ചെയർമാനാകാൻ കഴിയുകയെന്ന സംശയം ബഹുമാന്യരായ എൻ. കെ. അക്ബറും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളും ഉന്നയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഇപ്പോഴുള്ള നിയമമനുസരിച്ച് ഗവൺമെന്റിന് ആരെ വേണമെങ്കിലും ചെയർമാനാക്കാം. അതിനകത്ത് നിലവിൽ പ്രവാസി കേരളീയർ (വിദേശം) അഞ്ച് പേർ, പ്രവാസി കേരളീയർ (ഭാരതം) രണ്ടുപേർ, സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാല് ഉദ്യോഗസ്ഥർ (എക്സ്-ഒഫീഷ്യോ), ഓവർസീസ് ഡെവലപ്മെന്റ് ആൻഡ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ

(എക്സ്-ഒഫീഷ്യോ), ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സിൽനിന്നുള്ള ഒരു പ്രതിനിധി, സർക്കാർ നാമനിർദേശം ചെയ്യുന്ന ഒരു ഡയറക്ടർ എന്നിവരാണുള്ളത്. സർക്കാരിന് ആരെയും നാമനിർദേശം ചെയ്യാം. ഒരു സ്ഥലത്തും പോകാതെ കേരളംമാത്രം കണ്ടിട്ടുള്ള ആളെയും സർക്കാരിന് നാമനിർദേശം ചെയ്യാം, പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. നിലവിലുള്ള നിയമവ്യവസ്ഥ അനുസരിച്ച് ബോർഡ് ഡയറക്ടർമാരിൽനിന്നും ഒരാളെ ചെയർമാനായി നിയമിക്കാവുന്നതാണ്. അതിൽ ഒരു മാറ്റം വരികയാണ്. അത് എന്തെന്നാൽ പ്രവാസിയായിരിക്കണം ഇതിന്റെ ചെയർമാനായി വരേണ്ടത്. പ്രവാസി കേരളീയൻ (വിദേശം) എന്നുപറഞ്ഞാൽ, നേരത്തെ ബിൽ അവതരിപ്പിച്ചപ്പോൾ സംശയം വന്നപ്പോൾ ഞാൻ പറയുകയുണ്ടായി. നിയമത്തിന്റെ ഡെഫനിഷൻ (എം)-ൽ പറയുന്നത് "പ്രവാസി കേരളീയൻ" എന്നാൽ ‘ (i), സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശരാജ്യത്തിന്റെ വിസയിൽ വിദേശത്ത് ജോലി ചെയ്യുന്നതോ ഉപജീവനാർത്ഥം താമസിക്കുന്നതോ ആയ ഒരു കേരളീയൻ അഥവാ സാധുതയുണ്ടായിരുന്ന ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശ

രാജ്യത്തിന്റെ വിസയിൽ വിദേശത്ത് കുറഞ്ഞത് രണ്ട് വർഷക്കാലമെങ്കിലും ജോലി ചെയ്തിരുന്നതോ ഉപജീവനാർത്ഥം താമസിച്ചിരുന്നതോ ആയ ഒരു കേരളീയൻ [ഇതിനുശേഷം പ്രവാസി കേരളീയൻ (വിദേശം) എന്നാണ് പരാമർശിക്കപ്പെടുക] അല്ലെങ്കിൽ

(ii) ഇന്ത്യയിൽ ജോലി ചെയ്യുന്നതും അല്ലെങ്കിൽ താമസിക്കുന്നതുമായ കേരള സംസ്ഥാനത്തിനു പുറത്തുള്ള ഒരു കേരളീയൻ [ഇതിനുശേഷം പ്രവാസി കേരളീയൻ (ഭാരതം) എന്നാണ് പരാമർശിക്കപ്പെടുക] എന്നർത്ഥമാകുന്നതും എന്നാൽ കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാന സർക്കാരിന്റേയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ അല്ലെങ്കിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയോ, സ്വയംഭരണസ്ഥാപനങ്ങളുടേയോ, പൊതുമേഖലാ സ്ഥാപനങ്ങളിലെയോ ജീവനക്കാർ ഉൾപ്പെടാത്തതും ആകുന്നു;' എന്നാണ്. അത് നിർവചനത്തിൽ വ്യക്തമാണ്. ഒന്നുകിൽ പ്രവാസി കേരളീയൻ (വിദേശം), ഇപ്പോൾ അവിടെ തൊഴിലെടുക്കുന്നയാളോ ഉപജീവനത്തിന് വിദേശത്തുള്ളയാളോ അല്ലെങ്കിൽ രണ്ട് വർഷമെങ്കിലും വിദേശത്ത് തൊഴിലിനോ ഉപജീവനത്തിനോ ആയി താമസിച്ചിട്ടുള്ളയാൾ (വിസിറ്റിങ്

വിസയിലല്ല) ആണെങ്കിൽ ആ പ്രവാസി, പ്രവാസി കേരളീയൻ (വിദേശം) എന്നതിലുൾപ്പെടും. അവരെ ചെയർമാനാക്കാം. പ്രവാസികൾക്കുള്ള താൽപര്യം ഒന്നുകൂടി മുറുകെപ്പിടിക്കുകയാണ് ചെയ്യുന്നത്. നിലവിലുള്ള നിയമമനുസരിച്ച് ആരെ വേണമെങ്കിലും ചെയർമാനാക്കാം, ഗവൺമെന്റ് ഒരാളെ നാമനിർദേശം ചെയ്താൽ പ്രവാസി ക്ഷേമത്തിൽ പരിചയംപോലും വേണമെന്നില്ല, ആരെ വേണമെങ്കിലും ചെയർമാനാക്കാം. പ്രവാസിയിൽതന്നെ രണ്ട് സെഗ്മെന്റുണ്ട്, ഡൽഹിയിലോ ബോംബെയിലോ താമസിച്ച് തിരിച്ചുവന്നയാളെ പ്രവാസി എന്നുപറയുന്നില്ല. അവിടെയുള്ളയാളെ മാത്രമേ പ്രവാസിയായി പരിഗണിക്കുന്നുള്ളൂ. എന്നാൽ പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന അഞ്ച് ഡയറക്ടർമാർ എന്നത്, ഇപ്പോഴുള്ളതോ രണ്ട് വർഷം ജോലി ചെയ്തതോ ആയ ആളുകളാണ്. അപ്പോൾ പ്രവാസി എന്നുപറയുമ്പോൾ പ്രാമുഖ്യം നൽകുന്നത് വിദേശത്തുള്ള ആളുകൾക്ക് തന്നെയാണ്. അതുകൊണ്ടാണ് അഞ്ചുപേർ പ്രവാസി കേരളീയർ (വിദേശം) എന്നതിൽനിന്നും രണ്ടുപേർ പ്രവാസി കേരളീയർ (ഭാരതം) എന്നതിൽനിന്നും വരുന്നത്. അപ്പോൾ വിദേശിയായ പ്രവാസി, ഇപ്പോഴുള്ളതാകാം രണ്ട് വർഷം

കഴിഞ്ഞ് തിരിച്ചുവന്നതാകാം, ആർക്കും ചെയർമാനാകാം. അതിലൊരു ആശയക്കുഴപ്പം പുറത്തും നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട രണ്ട് അംഗങ്ങൾ അത് ചോദിച്ചത് വളരെ ഉചിതമായി, അതുകൊണ്ട് അത് ഒന്നുകൂടി വ്യക്തമാക്കുന്നതിന് സഹായകരമായി. ഇതാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

വിമാനയാത്രാക്കൂലിയെക്കുറിച്ച് പറഞ്ഞു. ഓണം, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ഉത്സവസീസണിലും അതുപോലെ സ്കൂൾ വെക്കേഷനിലുമൊക്കെയാണ് ഇത്തരത്തിൽ ചാർജ് കൂട്ടുന്നത്. അതെല്ലാംതന്നെ നമ്മെ കൊള്ളയടിക്കുന്ന സമീപനമാണെന്നുള്ളത് ഈ നിയമസഭതന്നെ ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിൽനിന്നുള്ള എം.പി.മാരുൾപ്പെടെ ഇത്തരം കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിച്ച് വിമാനയാത്രക്കൂലി വർദ്ധനവ് പരിഹരിക്കാൻ ശ്രമിക്കാം. അതുപോലെ കണ്ണൂർ വിമാനത്താവളത്തിന് 'പോയിന്റ് ഓഫ് കോൾ' പദവി കൊടുക്കുന്നില്ല. യഥാർഥത്തിൽ വിദേശത്തുള്ള എത്രയോ ആളുകൾ കണ്ണൂർ നിന്നാണുള്ളത്. ചെറിയ വിമാനത്താവളമായ ഗോവയ്ക്ക് കൊടുത്തപ്പോൾപ്പോലും കണ്ണൂരിന് നൽകിയില്ല. അത് ലഭിച്ചിരുന്നെങ്കിൽ

അവിടെയുള്ളവർക്ക് എത്രയോ സൗകര്യപ്രദമായിരുന്നു. അതിലെല്ലാംതന്നെ യൂണിയൻ ഗവൺമെന്റ് സമീപനം തെറ്റായ രൂപത്തിലുള്ളതാണ്. അത് പരിഹരിക്കാൻ നമുക്ക് ഒന്നിച്ച് ശ്രമിക്കാം. അറുപത് വയസ്സുവരെ ക്ഷേമനിധി അംഗത്വം വേണമെന്നുള്ള കാര്യം ഇവിടെ ഉന്നയിക്കപ്പെട്ടു. പക്ഷെ ഭേദഗതി ബില്ലുകൾ എന്നുപറയുന്നത് ഓപ്പൺ ചെയ്യുന്ന ക്ലോസിൽ മാത്രമേ ഭേദഗതിക്ക് സാധ്യതയുള്ളൂവെന്ന് നമുക്കറിയാം. നിയമത്തിൽതന്നെ അംഗത്വത്തിന്റെ കാര്യത്തിൽ വയസ്സ് പ്രതിപാദിക്കുന്നുണ്ട്. ആ ക്ലോസുകൾ ഈ ഭേദഗതിയിൽ ഓപ്പൺ ചെയ്തിട്ടില്ല. അത്തരം ആവശ്യങ്ങൾ എല്ലായിടത്തുനിന്നും ഉയർന്നുവരുന്നുണ്ട് എന്നത് ഭാവിയിൽ ചർച്ച ചെയ്യുമ്പോൾ ശ്രദ്ധിക്കാം. നിലവിൽ ഈ ഭേദഗതി ബില്ലിന്റെ സാധ്യതയ്ക്കുള്ളിൽ ആ ക്ലോസ് ഓപ്പൺ ചെയ്യാത്തതുകൊണ്ട് അത് ഇപ്പോൾ ഭേദഗതി ചെയ്യാൻ സാധിക്കില്ല.

ഇവിടെ ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞ കാര്യം ശരിയാണ്. ലോക കേരള സഭയിൽ രാഷ്ട്രീയ നേതൃത്വം പങ്കെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചെങ്കിലും പ്രതിപക്ഷവുമായി ബന്ധപ്പെട്ട പ്രവാസി സംഘടനകളെല്ലാം അതിൽ പങ്കെടുത്തിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞങ്ങളുംകൂടി നിർദ്ദേശിച്ചിട്ടാണ് അവർ പങ്കെടുത്തത് (മൈക്ക് ഓഫ്)...

ശ്രീ. പി. രാജീവ്: സർ, അത് നല്ലത്. വേറൊരു രീതിയിൽ നിർദേശിച്ചാൽ നിങ്ങൾക്കുതന്നെ ക്ഷീണമുണ്ടാകും. ലോക കേരള സഭപോലുള്ള സംവിധാനത്തെ നിങ്ങൾ രാഷ്ട്രീയപരമായി ബഹിഷ്കരിക്കുമ്പോൾതന്നെ സംഘടനകൾ പങ്കെടുക്കണമെന്ന് തീരുമാനിച്ചത് പ്രതിപക്ഷത്തിന്റെ ഉദാരതയുടെ ഭാഗമായി ഞാൻ കാണുന്നില്ല. കാരണം അവിടെനിന്ന് വലിയ സമ്മർദ്ദം നിങ്ങൾക്ക് വരും. ബഹുമാനപ്പെട്ട അംഗം പി. ഉബൈദുള്ളയ്ക്കൊക്കെ രാത്രിയും പകലുമൊക്കെ ഫോൺകോളുകളുടെ ബഹളമായിരിക്കും. 'നിങ്ങൾ ഉടൻതന്നെ തീരുമാനിക്കു, ഞങ്ങൾ ടിക്കറ്റ് എടുത്തുനിൽക്കുകയാണ്, ഹോട്ടൽ ബുക്ക് ചെയ്തു, ഞങ്ങളുടെ പണത്തിനാണ് ബുക്ക് ചെയ്തത്, ഞങ്ങൾ തന്നെയാണ് ഭക്ഷണം കഴിക്കുന്നത്, നിങ്ങൾ തടസ്സമുണ്ടാക്കരുത്, ബാക്കി നിങ്ങൾ നിയമസഭയിൽ ചർച്ച ചെയ്തോളൂ, കേരളത്തിൽ നിങ്ങൾ തർക്കിച്ചോളൂ, എന്നാൽ ഞങ്ങൾക്ക് പങ്കെടുക്കാൻ അനുമതി നൽകണം' എന്ന് അവരെല്ലാവരുംകൂടി പ്രതിപക്ഷത്തോട്

ആവശ്യപ്പെട്ടു. അപ്പോൾ 'ശരി, പങ്കെടുത്തോള്ളൂ' എന്ന് നിങ്ങളും പറഞ്ഞു. അവർ വന്ന് നല്ല രീതിയിൽതന്നെ കാര്യങ്ങൾ ചർച്ച ചെയ്തു. നിങ്ങൾകൂടി പങ്കെടുത്തിരുന്നെങ്കിൽ ഈ പ്രശ്നങ്ങളെല്ലാം നമുക്ക് അവിടെ നന്നായി ചർച്ച ചെയ്യാമായിരുന്നു. ലോക കേരള സഭയുടെ...,

ശ്രീ. പി. ഉബൈദുള്ള: സർ, ഞങ്ങൾ യു.ഡി.എഫ്. ലോക കേരള സഭ ബഹിഷ്കരിക്കാൻ തീരുമാനിച്ചിരുന്നുവെന്ന കാര്യം ശരിയാണ്. പക്ഷെ ഞങ്ങളില്ലെങ്കിലും അവിടെ വിശദമായ ചർച്ചകൾ നടന്നല്ലോ. നാല് ലോക കേരള സഭകൾ നടന്നു. പ്രവാസികൾക്കുവേണ്ടി ഗുണകരമായ എന്ത് തീരുമാനങ്ങളാണ് ആ നാല് ലോക കേരള സഭകളിൽനിന്നുണ്ടായതെന്ന് ചുരുക്കിപ്പറയാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുമോ?

ശ്രീ. പി. രാജീവ്: സർ, എറണാകുളത്ത് ഒളിമ്പിക്സ് മാതൃകയിൽ സംസ്ഥാന സ്കൂൾ കായികമേള നടത്താൻ പോകുകയാണ്. ലോക കേരള സഭയിൽ വന്ന നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാണ് ചരിത്രത്തിലാദ്യമായി ഗൾഫ് രാജ്യങ്ങളിലുള്ള കേരള അഫിലിയേറ്റഡ് (കേരള സിലബസ്) സ്കൂളുകളിലെ കുട്ടികൾക്കും ഇതിൽ പങ്കെടുക്കാൻ അവസരം നൽകുന്നത്. ലോക

കേരള സഭയിൽ ചർച്ച ചെയ്ത ഇത്തരം ചെറിയ കാര്യങ്ങൾപോലും അംഗീകരിച്ച ഗവൺമെന്റാണിത്. അതുമാത്രമല്ല, അവിടെ ഉന്നയിക്കപ്പെട്ട നിർദേശങ്ങൾ പരിശോധിക്കാനും നടപ്പാക്കാനും മേൽനോട്ടം വഹിക്കാനും ലോക കേരള സഭയ്ക്കകത്തുതന്നെ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ പറഞ്ഞത്, ഇത് ഇപ്പോൾ ചർച്ച ചെയ്ത് നിയമസഭയുടെ സമയം കളയേണ്ട ഒരു കാര്യവുമില്ലായിരുന്നു. ഇതൊരു അസാധാരണമായ, ലോകത്തിനുതന്നെ ഒരു പുതിയ മാതൃകയാണ്. നിയമസഭാംഗങ്ങൾ, കേരളത്തിൽനിന്നുള്ള ലോക്സഭാംഗങ്ങൾ, മിക്കവാറും എല്ലാ രാജ്യങ്ങളിലുംനിന്നുമുള്ള പ്രവാസി പ്രാതിനിധ്യം എന്നിവർ ഒന്നിച്ച് സെഷനുകളായി തിരിഞ്ഞ് കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. മുൻ ലോക കേരള സഭയിൽ എന്തെങ്കിലും കുറവുകളുണ്ടോയെന്നത് അവിടെതന്നെ ചർച്ച ചെയ്യാം. അതുകൊണ്ട് ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് പി. ഉബൈദുള്ള അടുത്ത ലോക കേരള സഭ നടക്കുമ്പോൾ പങ്കാളിയാകണമെന്ന തീരുമാനം ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിലെടുക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. പൊതുവെ നല്ലരീതിയിൽതന്നെ പ്രവാസി ക്ഷേമത്തിനുവേണ്ടി സർക്കാർ ഇടപെടുന്നുണ്ട്.

വി. എസ്. ഗവൺമെന്റിന്റെ സമയത്താണ് ഈ ആക്റ്റ് കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് നിക്ഷേപം നടത്തി ഡിവിഡന്റ് ലഭിക്കുന്ന രൂപത്തിലുള്ള പുതിയ സംവിധാനം കൊണ്ടുവന്നത്. കിഫ്ബിയിൽ നിക്ഷേപിക്കുന്നതിന് ലഭിക്കുന്നത് 9 ശതമാനമാണെങ്കിൽ ബാക്കിവരുന്ന 1 ശതമാനം സർക്കാർ കൂടിയെടുക്കുന്നു. കിഫ്ബിയുടെ പലിശനിരക്കിൽ മാറ്റം വന്നാലും ഇതിനകത്ത് പണം നിക്ഷേപിക്കുന്നവർക്ക് ലഭിക്കുന്ന വരുമാനത്തിൽ കുറവ് വരാതിരിക്കാനുള്ള ക്ലോസ്സുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് ചെയ്തത്. ഈ നിയമത്തിന്റെ സവിശേഷതയെന്താണ്? സാധാരണ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി സബോർഡിനേറ്റ് ലെജിസ്ലേഷനാണ് ചർച്ച ചെയ്യുന്നത്. നിയമം പരിശോധിക്കുന്നത് സബ്ജക്ട് കമ്മിറ്റിയോ സെലക്ട് കമ്മിറ്റിയോ ആണ്. എന്നാൽ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി ചർച്ച ചെയ്യുന്ന ഘട്ടത്തിൽ.... ഉദ്ദേശ്യകാര്യങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഇത് ഭാവിയിൽ കീഴ്വഴക്കമാകേണ്ട കാര്യമില്ല. കാരണം അങ്ങനെയാണെങ്കിൽ ആ കമ്മിറ്റിയുടെ പരിധി വർധിച്ചുവരും. ഡെലിഗേറ്റഡ് ലെജിസ്ലേഷൻ മാത്രമാണ് സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി നോക്കുന്നത്. ഡെലിഗേറ്റഡ്

ലെജിസ്ലേഷനിലെ ചില വിജ്ഞാപനങ്ങൾ അവർ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ നിയമത്തിനകത്തും ചില പ്രശ്നങ്ങളുണ്ടെന്നും അതിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും അവരുടെ പരിധിക്കപ്പുറത്താണെങ്കിൽപോലും അവരൊരു നിർദേശം നൽകി. ആ നിർദേശംപോലും സൂക്ഷ്മമായി പരിഗണിച്ചുകൊണ്ട് ജനാധിപത്യത്തിന്റെ അന്തസത്തയെ കൂറേക്കൂടി സമ്പന്നമാക്കി ഈ ബില്ലിലേയ്ക്ക് എത്തുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗൾഫിൽ കഴിയുന്ന നമ്മുടെ പ്രവാസി സഹോദരന്മാർ ഒരുപാട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. അതൊന്നും ഞാൻ ഇവിടെ വിശദമായി പറയുന്നില്ല. കുട്ടികളുടെ വിദ്യാഭ്യാസപരമായ ഭാരിച്ച ചെലവാണ് നമ്മുടെ ആളുകൾ അവിടെ അഭിമുഖീകരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം. പലരും കുട്ടികളെ ഫാമിലിയായി ഇങ്ങോട്ടേയ്ക്ക് അയയ്ക്കുന്നുണ്ട്. പക്ഷെ ഇവിടെ സ്കൂളിൽ ചേർക്കുമ്പോൾ സീറ്റ് കിട്ടാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയുണ്ട്. പ്രവാസികളുടെ കുട്ടികൾക്ക് സീറ്റ് നൽകുന്നതിന് ഒരു മുൻഗണന നൽകണമെന്നാണ് പറയാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഗൾഫ് രാജ്യങ്ങളിൽ കേരള സിലബസ് പഠിപ്പിക്കുന്ന ഒൻപത് സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. വളരെ നല്ല നിലയിലാണ് അവ പ്രവർത്തിക്കുന്നത്. ഞാൻ അവിടെ പോയ അവസരത്തിൽ സ്കൂളിന്റെ അധികാരികളായ ഹെഡ് മാസ്റ്റർമാരുടെയും മാനേജർമാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. പാഠപുസ്തകങ്ങൾ കൊടുക്കുന്നതും പരീക്ഷ നടത്തുന്നതും നമ്മളാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഇവിടെ സൂചിപ്പിച്ച, കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രത്തിലാദ്യമായി ഗൾഫ് രാജ്യങ്ങളിൽ പഠിക്കുന്ന കേരളത്തിലെ വിദ്യാർഥികളെ കേരള സ്പോർട്സിൽ പങ്കെടുപ്പിക്കുന്നതിനുള്ള തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിരിക്കുകയാണ്. അത് നിലവിൽ വന്നൊരു മാറ്റമാണെന്ന് മനസ്സിലാക്കണം. ഗൾഫ് രാജ്യങ്ങളിലെ സ്കൂളുകളിൽ പഠിക്കുന്ന ഏതൊരു കുട്ടിക്കും കേരളത്തിലെ സ്കൂളിലെ ഏത് ക്ലാസിൽ പഠിക്കണമെങ്കിലും അപേക്ഷയോടൊപ്പം ബന്ധപ്പെട്ട ഡോക്യുമെന്റുകളുമായി അങ്ങ് എന്റെ കൈയിൽ തന്നാൽ മതി. അപ്പോൾ അതിനുള്ള നടപടി സ്വീകരിച്ചിരിക്കും.

ശ്രീ. പി. രാജീവ്: സർ, ആ പ്രശ്നത്തിനും പരിഹാരമായിട്ടുണ്ട്. അതോടൊപ്പംതന്നെ നമുക്ക് അംഗീകാരം ലഭിക്കുന്ന ഗ്ലോബൽ സിറ്റിയിൽ ഫിൻടെക്, എഡ്യൂടെക് പോലുള്ള സ്ഥാപനങ്ങളും ഉന്നതവിദ്യാഭ്യാസ അന്തർദേശീയ സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാമെന്നുള്ള ഗിഫ്റ്റ് സിറ്റിയുടെ അതേ കൺസെപ്റ്റ് തന്നെയാണ് ഗ്ലോബൽ സിറ്റിയിലും ഉദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ അന്തർദേശീയ വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ ആരംഭിക്കാനും പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും കഴിയും. ബഹുമാന്യരായ മറ്റ് അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച സ്കിൽ ഡെവലപ്മെന്റ് പ്രധാനപ്പെട്ടതാണ്. സംരംഭകത്വത്തിന്റെ ഭാഗമായി അത്തരം കാര്യങ്ങളിലെല്ലാംതന്നെ interest subvention-നും മറ്റ് രീതിയിലുള്ള സഹായങ്ങളും നമ്മൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഫെബ്രുവരി 21, 22 തീയതികളിൽ നടത്താൻ പോകുന്ന Invest Kerala Global Summit-ന് മുന്നോടിയായി പ്രവാസസംഘടനകളുമായി ഒരു ആശയവിനിമയം നടത്തുന്നുണ്ട്. അതിൽ അവർ ആവശ്യപ്പെടുന്ന കാര്യങ്ങളുൾപ്പെടെ ചർച്ച ചെയ്ത് നടപ്പാക്കും. പ്രവാസക്ഷേമം ഈ സർക്കാരിന്റെ മുഖമുദ്രയാണ്, പ്രഖ്യാപിതമായ

ലക്ഷ്യവുമാണ്. അതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. അതുകൊണ്ട് ഈ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പാസ്സാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

ചെയർപേഴ്സൺ: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും

കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ

രണ്ടാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendment.

121. In clause 2 after the symbols, figures and word " (19 of 1970)" , " the symbols and words " (hereinafter referred to as the principal Act)" shall be inserted.

Shri A. C. Moideen: Sir, I move the following amendment.

122. In section 2 proposed to be amended in the principal Act by clause 2, for the word " constituted" the word " established" shall be substituted.

Shri K. P. Kunhammed Kutti Master: Sir, I move the following amendment.

127. In section 2 proposed to be amended in the principal Act by clause 2, for the word " constituted" the words " set up" shall be substituted.

ചെയർപേഴ്സൺ: 123 മുതൽ 126 വരെ 122-ാം നമ്പർ ഭേദഗതിക്കും 128 മുതൽ 131 വരെ 127-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri E. T. Taison Master: Sir, I move the following amendments.

107. In the Preamble, the word " further" shall be deleted.

120. Clause 1(2) shall be recast as follows:-
" (2) It shall come into force on such date as Government may, by notification in the official Gazette, appoint."

DR. N. Jayaraj: Sir, I move the following amendment.

109. In the Preamble, after the figure " 1970" , the symbols, figures and word " (19 of 1970)" shall be inserted.

Prof. Abid Hussain Thangal: Sir, I move the following amendment.

110. In the Preamble, after the figure " 1970" , the words, figures and symbols " (Act 19 of 1970)" shall be inserted.

Shri Mons Joseph: Sir, I move the following amendments.

112. In the enacting formula for the word " enacted" the word " implemented" shall be substituted.

114. In clause 1 (2) for the words " come into force" the words " take effect" shall be substituted.

ചെയർപേഴ്സൺ: 113-ാം നമ്പർ ഭേദഗതി മാർജിനൽ ശീർഷകത്തിനായതിനാൽ ക്രമപ്രകാരമല്ല. 108-ാം നമ്പർ ഭേദഗതി 107-ാം നമ്പർ ഭേദഗതിക്കും 111-ാം നമ്പർ ഭേദഗതി 110-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 109-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 107, 120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 112, 114 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ബിൽ കേരളത്തിലെ ജനങ്ങൾക്ക് ഗുണം ചെയ്യുണമെന്ന രൂപത്തിൽ മാത്രമേ നടപ്പാക്കാവൂ എന്നതാണ് എന്റെ പക്ഷം. അതിലെ പ്രധാനപ്പെട്ട കാര്യം, സത്യത്തിൽ 1970-ലെ അച്യുതമേനോൻ ഗവൺമെന്റാണ് ഏറ്റവും കൂടുതൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനമെടുത്തത്. അത് നല്ലകാര്യമാണ്. കേരളത്തിലെ യുവജനങ്ങളുടെ ദീർഘകാലമായ ആവശ്യമാണ് അംഗീകരിച്ചത്. ഇപ്പോൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതെ നിൽക്കുന്നതുകൊണ്ടാണ് ബിൽ നടപ്പാക്കുമ്പോൾ അങ്ങ് ശ്രദ്ധിക്കണമെന്ന് ഞാൻ പറഞ്ഞത്.

പിൻവാതിലിലൂടെ നിയമിക്കുകയാണ്. പബ്ലിക് സർവീസ് കമ്മീഷൻ ഭംഗിയായി പ്രവർത്തിക്കുന്നുയെന്നാണ് ഇന്നിവിടെ നടന്ന ചർച്ചകളിൽ പൊതുവേ എല്ലാവരും പറഞ്ഞത്. അങ്ങനെ ഭംഗിയായി പ്രവർത്തിക്കുന്നുയെന്ന് അവകാശപ്പെടുന്ന പി.എസ്.സി. നിലനിൽക്കുമ്പോൾ എന്തിനാണ് പി.എസ്.സി.-യുടെ മുമ്പിൽപോലുമെത്താതെ പിൻവാതിലിലൂടെ ആളുകളെ നിയമിക്കുന്നത്? അത് നിയമപരമല്ല. അതുകാരണം നമ്മുടെ നാട്ടിലെ റിസർവേഷൻ സിസ്റ്റം ഇല്ലാതാകും. താൽക്കാലിക പോസ്റ്റുകളിലും ഇതേ സ്ഥിതിതന്നെയാണ്. ആ പോസ്റ്റുകൾ സ്വാഭാവികമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കാണ് പോകേണ്ടത്. 28, 29 വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന പാവപ്പെട്ട ഉദ്യോഗാർഥികളുണ്ട്. അവർക്ക് ആറ് മാസക്കാലത്തെ ജോലിപോലും കിട്ടാതിരിക്കുകയാണ്. അതേസമയം നൂറുകണക്കിന് തസ്തികകളിലേയ്ക്ക് പിൻവാതിലിലൂടെ ആളുകളെ കയറ്റുകയാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങ് പറഞ്ഞതിൽ ഒരു കാര്യം വസ്തുതയ്ക്ക് വിരുദ്ധമായതാണ്. വിവിധ

വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും കാർഡ് അയയ്ക്കുകയും ആളുകൾക്ക് ജോലി ലഭിക്കുകയും ചെയ്യുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ മുപ്പത്തിയെട്ടും നാൽപ്പതും വർഷം സീനിയോരിറ്റിയുള്ള ആളുകളുണ്ട്. കുറച്ച് വേക്കൻസികൾ മാത്രമേ വരുന്നുള്ളൂ. ഒരു പിൻവാതിൽ നിയമനവും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ നടക്കുന്നില്ല. അങ്ങയുടെ കാലഘട്ടത്തിലുള്ള ഓർമ്മയായിരിക്കും അങ്ങ് ഇവിടെ പറയുന്നതെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഓർമ്മയെയും ഓർമ്മപിശകിനെയും സംബന്ധിച്ച് നമ്മൾ തമ്മിൽ തർക്കിക്കേണ്ടതില്ല. അങ്ങ് ഇവിടെ പറഞ്ഞതിനെ സഭയ്ക്ക് നൽകുന്ന അഷ്വറൻസായി കരുതാമല്ലോ; സഭയ്ക്ക് അങ്ങ് അഷ്വർ ചെയ്യുകയാണ്. പിൻവാതിൽ നിയമനം നടത്തില്ലെന്നാണ് അങ്ങ് ഇവിടെ പരസ്യമായി പറഞ്ഞിട്ടുള്ളത്. കേരളത്തിലെ എല്ലാ സ്ഥലങ്ങളിലേയ്ക്കും താൽക്കാലിക ഒഴിവുകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നുതന്നെ ആളുകളെ നിയമിക്കും എന്ന പ്രഖ്യാപനത്തിലേയ്ക്ക് എത്തുമോ എന്നതാണ് എന്റെ

ചോദ്യം? ഞാൻ ചോദിച്ചതും അങ്ങ് പറഞ്ഞതും ഒരു കാര്യംതന്നെയാണ്. തർക്കിച്ച് പുറകോട്ട് പോകരുത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഏതെങ്കിലുമൊരു വകുപ്പ് ഒരു വേക്കൻസിയിലേയ്ക്ക് ആളിനെ ചോദിച്ചാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അത് നൽകുന്നതിനുള്ള ഉദ്യോഗാർഥി ഇല്ലെങ്കിൽ പുറത്തുനിന്നും ആളിനെ നിയമിക്കേണ്ടതായിവരും. അത് സ്വഭാവികമാണ്. എല്ലാ സർക്കാരുകളും ചെയ്തുകൊണ്ടിരിക്കുന്ന കാര്യമാണത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കുറിച്ചല്ലേ പറയുന്നത്; അങ്ങ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ഭരണചുമതലകൂടിയുള്ള ആളാണ്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഏത് തസ്തികയിലേയ്ക്കാണ് ആളെ ലഭിക്കാത്തത്. ആറ് മാസക്കാലത്തെ ജോലിക്കായി 49 വയസ്സുകഴിഞ്ഞ പാവപ്പെട്ട ഒരു സ്ത്രീ നിയമനം ലഭിക്കുന്നതിനായി കാത്തിരിക്കുമ്പോൾ.......... അവരെല്ലാവരും അവിടെനിന്നും റിട്ടയർ ചെയ്തുപോകുകയാണ്. 50 വയസ്സുകഴിഞ്ഞാൽ ആ ജോലി ലഭിക്കില്ല. 50 വയസ്സിനുമുമ്പേ നിയമനം ലഭിച്ചാൽ മാത്രമെ അവർക്ക് ജോലി ലഭിക്കുകയുള്ളൂ. ആ

സമയത്താണ് പുറകിലെ വാതിലിലൂടെ നിയമനം നൽകി റിസർവേഷൻ അട്ടിമറിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വേണമെന്ന് പറയുന്നതിന്റെ സാങ്റ്റിറ്റി മാത്രമല്ല സമൂഹത്തിലുള്ള റിസർവേഷന്റെ സിസ്റ്റവുമുണ്ട്. ആ റിസർവേഷൻ സിസ്റ്റത്തിനകത്ത് നിലവിൽ പിൻവാതിലിലൂടെ നിയമിതരായ ആളുകളുടെ കണക്ക് നോക്കൂ; ഈ റിസർവേഷൻ കാറ്റഗറിയിലുള്ള എത്ര ആളുകളുണ്ടെന്ന് പരിശോധിക്കൂ; പിൻവാതിലിലൂടെ വന്ന് കയറുന്നതിനാലാണ് അവർക്ക് ജോലി ലഭിക്കാതെ പോകുന്നത്. പുറംവാതിൽ മുട്ടിയാണ് അവർ കയറി വരുന്നത്. മുൻവാതിൽ തുറന്നിട്ടിരിക്കുകയാണെങ്കിലും ആരും കയറുന്നില്ല. ആ സാഹചര്യം ഈ ബിൽ നടപ്പാക്കുന്ന സമയത്ത് അങ്ങ് ശ്രദ്ധിക്കണമെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് എഴുന്നേൽക്കുമ്പോൾ ദയവായി ഒരു അഷ്വറൻസ് സഭയ്ക്ക് നൽകണം. സഭയുടെ പേരിൽ അങ്ങയോട് അപേക്ഷിക്കാൻ മാത്രമേ ഞങ്ങൾക്ക് കഴിയുകയുള്ളൂ. അങ്ങ് വിദ്യാർഥി യുവജന പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന ആളാണ്. കേരളത്തിലെ പാവപ്പെട്ട ചെറുപ്പക്കാരെ മനസ്സിൽ കരുതിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിതന്നെ ആളുകളെ ഞങ്ങൾ താൽക്കാലികമായി

നിയമിക്കുമെന്ന അഷ്വറൻസ് സഭയ്ക്ക് നൽകിയാൽ ഞങ്ങൾക്ക് വളരെ സന്തോഷമായിരിക്കും.

ശ്രീ. പി. രാജീവ്: സർ, വളരെ പരിണതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന അംഗം ഇത്രയും സമയം സഭയിൽ ഇരിക്കുകയും മൂന്നാം വായനയിൽ പ്രസംഗിക്കുമ്പോൾ എന്തെങ്കിലും കാര്യമായ കാര്യങ്ങൾ പറയണമല്ലോ; അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ പ്രസക്തമായ കാര്യത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ചുമതലയുള്ള മന്ത്രിതന്നെ മറുപടി പറഞ്ഞു. ഒരു കാര്യം വ്യക്തമാക്കാം, ഇതുപോലെ പി.എസ്.സി.-ക്ക് റിക്രൂട്ട് ചെയ്യുന്ന വേക്കൻസികൾ ധനപരമായ പ്രതിസന്ധിയോ സാമ്പത്തിക ഞെരുക്കമോയൊന്നും പരിഗണിക്കാതെ ആവശ്യമായ സ്ഥലങ്ങളിലെല്ലാം പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പി.എസ്.സി. വഴി നിയമനം നടത്തുകയും ചെയ്യുന്ന ഇന്ത്യയിലെത്തന്നെ ഒന്നാമത്തെ സർക്കാരാണ് കേരളം ഭരിക്കുന്ന സർക്കാർ. ഞങ്ങൾ താൽക്കാലികമായി ആളുകളെ നിയമിച്ചെങ്കിലും, പിൻവാതിലിലൂടെ വന്ന ആളുകളെ സ്ഥിരപ്പെടുത്തുന്ന രീതി സർക്കാർ സ്വീകരിക്കുകയില്ല. എന്നാലിപ്പോൾ ജനങ്ങൾ പുറംതള്ളിയത് .... നിങ്ങളുടെ അമിത ആത്മവിശ്വാസത്തിന്റെ

ഭാഗമായാണ് രാജസ്ഥാനിൽ തിരഞ്ഞെടുപ്പ് സമയത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രചാരവേലയെ സംബന്ധിച്ച് മലയാളം ദിനപത്രത്തിൽ വാർത്ത നൽകേണ്ടതില്ലായിരുന്നു. പക്ഷെ ഇവിടത്തെ പത്രങ്ങളുടെ സ്നേഹം കൊണ്ടായിരിക്കും ആ വാർത്ത നൽകിയത്. രാജസ്ഥാനിലാണ് 1,10,000 കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്. നിങ്ങളുടെ അമിത ആത്മവിശ്വാസത്തിന് ജനങ്ങൾ വിധിയെഴുതി. അങ്ങ് എപ്പോൾ എഴുന്നേറ്റാലും ബഹുമാനപ്പെട്ട ചെയർ അംഗീകരിക്കുകയാണെങ്കിൽ ഞാൻ വഴങ്ങാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം എന്താണ്; ഒരു തസ്തികയിൽ എട്ട് വർഷക്കാലം സ്ഥിരമായി ജോലി ചെയ്യുന്ന ഒരു വ്യക്തിക്ക് സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശമുണ്ട് എന്ന സുപ്രീം കോടതിയുടെ വിധിയുണ്ട്. അവിടെയാണ് ഞാൻ പിൻവാതിൽ നിയമനത്തെക്കുറിച്ച് പറഞ്ഞത്. പബ്ലിക് സർവീസ് കമ്മീഷൻ ഒരുഭാഗത്ത് നിൽക്കുകയാണ്. അത് കോൺസ്റ്റിറ്റ്യൂഷണൽ ബോഡിയാണ്. അത് അതിന്റെ സർവാധികാരങ്ങളുമായി നിൽക്കുകയാണ്. അതേസമയം ഒരേ തസ്തികയിൽ എട്ട് വർഷക്കാലം ജോലി ചെയ്തിരുന്ന ആളുകളെ ഇവിടെ സ്ഥിരപ്പെടുത്താമെന്ന

സുപ്രീം കോടതിയുടെ വിധിയുണ്ട്. ആ വിധിയെക്കുറിച്ച് അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ കരുതുന്നു. ആ വിധി നിലനിൽക്കുമ്പോൾ  എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകാതെ പിൻവാതിലിലൂടെ നിയമനം നൽകുന്നുവെന്നതാണ് പ്രശ്നം. പിന്നീട് അവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള സാധ്യതയുണ്ട്. ദയവായി ആ പാപം ചെയ്യരുത്.  അങ്ങ് പാപം ചെയ്യരുതെന്നാണ് ഞാൻ പറയുന്നത്. അങ്ങയെക്കൊണ്ട് മാത്രമെ ഇതിന് മറുപടി പറയാൻ സാധിക്കുകയുള്ളൂ.  ഇപ്പോൾ അങ്ങയുടെ കൈയിലാണ് അതിന്റെ അധികാരവും അംശവടിയുമെല്ലാമിരിക്കുന്നത്. അതുകൊണ്ട് അങ്ങേയ്ക്കുമാത്രമെ ഇതിന് മറുപടി പറയാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അങ്ങ് എഴുന്നേൽക്കുന്നതിനുവേണ്ടി ഞാൻ മൂന്നാം വായനയിൽ ഇക്കാര്യം ഉന്നയിച്ചത്. ഇത് കേരളത്തിലെ ജനസമൂഹത്തിന്റെ പൊതുവായ അഭിപ്രായമാണ്.  ആ അഭിപ്രായത്തോടൊപ്പം അങ്ങ് നിൽക്കുമോയെന്നതാണ് എന്റെ പ്രസക്തമായ ചോദ്യം.

ശ്രീ. പി. രാജീവ്:  സർ, അങ്ങ് ആദ്യം പറഞ്ഞതിന്  ഒരുഭാഗം വസ്തുതയ്ക്ക് നിരക്കുന്നതല്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞു. ഇപ്പോൾ എല്ലാ ഭാഗവും വസ്തുതയ്ക്ക് നിരക്കാത്തതായി മാറി. കാരണം സുപ്രീം കോടതിയുടെ വിധി

അങ്ങ് വായിച്ചിട്ടുണ്ടാകും. ഉമാദേവി കേസ്സാണ് ഏറ്റവും ഒടുവിൽ വന്നത്. അതിൽ പറയുന്നത്, അതിനുമുമ്പ് ഒരു നിശ്ചിത കാലാവധി വച്ചിട്ടുണ്ട്. പിന്നീട് ഇത്തരത്തിലുള്ള സ്ഥിരപ്പെടുത്തലുകളെല്ലാം പിൻവാതിൽ നിയമനമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അതാണ് സുപ്രീം കോടതി വിധി. പലയിടങ്ങളിലും അത്തരം നിയമനങ്ങൾ വരുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ചില ട്രേഡ് യൂണിയൻ നേതാക്കന്മാർക്ക് അറിയാം. അവരുടെത്തന്നെ ആവശ്യപ്രകാരം ദീർഘകാലം ജോലി ചെയ്തിട്ടുള്ളവരെ സ്ഥിരപ്പെടുത്തിയതുപോലും കോടതികൾ സ്റ്റേ ചെയ്യുന്നുണ്ട്. പക്ഷെ അതൊന്നും പാലിക്കാതെ രാജസ്ഥാനിൽ 110000 പേരെ സ്ഥിരപ്പെടുത്തിയതുകൂടി പരിഗണിച്ചായിരിക്കും അവിടെയൊരു വിധിയെഴുത്തുണ്ടായത്. ഇത്തരത്തിലുള്ള ഒരാളെയും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തിയിട്ടില്ല. അങ്ങനെ സ്ഥിരപ്പെടുത്തേണ്ട മാനുഷിക പ്രശ്നമുണ്ടെന്നത് നിങ്ങളിൽ പലരും ശ്രദ്ധയിൽപ്പെടുത്താറുണ്ട്. ഇരുപത് വർഷമൊക്കെ ജോലി ചെയ്യുന്ന ആളുകൾ നിൽക്കുകയാണ് അവർ എന്ത് ചെയ്യുമെന്ന മാനുഷിക പ്രശ്നങ്ങളെല്ലാം ശ്രദ്ധയിൽപ്പെടുത്താറുണ്ട്. പക്ഷെ നിയമപരമായി അതിനുള്ള ഒരവസ്ഥ

നിലനിൽക്കാത്തതുകൊണ്ടാണ് അത് ചെയ്യാത്തത്. രണ്ട്, ഒരുതരത്തിലും സുതാര്യമല്ലാത്ത രീതിയിലൂടെ ഒരു നിയമനവും (സ്ഥിരനിയമനമാണെങ്കിലും താൽക്കാലിക നിയമനമാണെങ്കിലും) ഈ ഗവൺമെന്റ് നടത്തില്ലെന്ന കാര്യം ഞാൻ ഉറപ്പുപറയുന്നു. നടത്തിയിട്ടുമില്ല, ഇനി നടത്തുകയുമില്ല. എന്നാൽ അങ്ങയുടെ കാലഘട്ടത്തിൽ മുൻവാതിൽ അടച്ചിടുകയും പിൻവാതിൽ മാത്രം തുറന്നിടുകയും ചെയ്ത കാലത്തിന്റെ ഓർമ്മയിൽ നിന്നായിരിക്കണം ഇത്തരത്തിലുള്ള പരാമർശങ്ങൾ പറഞ്ഞത്. ഇപ്പോൾ അംശവടിയും അധികാരവുമെന്നെല്ലാം പറഞ്ഞല്ലോ; കുറച്ചുകാലമായി ഇതെല്ലാം പോയപ്പോഴുണ്ടായ അസ്വസ്ഥത നിങ്ങൾക്ക് ആ ഭംഗത്തിലുണ്ടെന്ന് എനിക്കറിയാം. എന്നാൽ അങ്ങേയ്ക്ക് ഉണ്ടാകാനിടയില്ല, അങ്ങ് പരിണതപ്രജ്ഞനാണ്. സർക്കാർ കൃത്യമായിത്തന്നെ പി.എസ്.സി. വഴി നിയമനങ്ങൾ നടത്തും. ഇപ്പോൾ പറഞ്ഞതുമാത്രമല്ല മറ്റുമേഖലകൾക്കകത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. അതിന് സ്വകാര്യ സംരംഭങ്ങളും ഐ.ടി. സംരംഭങ്ങളും വരണം. കേരളത്തിലുള്ള ചെറുപ്പക്കാർക്കും വിദേശത്തേയ്ക്ക് പോയിട്ടുള്ള ആളുകൾക്കും ജോലി ലഭിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ

സുതാര്യമായ രീതിയിലൂടെ മാത്രമേ ഗവൺമെന്റ് നിയമനങ്ങൾ നടത്തുകയുള്ളൂ. ഇനിയും ആ രൂപത്തിൽത്തന്നെയാണ് നിയമനങ്ങൾ നടത്താൻപോകുന്നത്. ഏതായാലും മൂന്നാം വായനയിൽ അങ്ങയെപോലെ പരിണതപ്രജ്ഞനായ അംഗം ഇടപെട്ടതിനെ പ്രത്യേകം അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ചെയർപേഴ്സൺ: 2024-ലെ കേരള പബ്ലിക് സർവീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ പാസ്സായിരിക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

## ii) 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ

### രണ്ടാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

131. ഖണ്ഡം 2-ൽ, " ഖണ്ഡം" എന്നതിനുപകരം "ശകലം" എന്ന് ചേർക്കുക.

149. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ " ഉറപ്പായ" എന്നതിനുപകരം " ഈട്" എന്ന് ചേർക്കുക.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "എന്നാൽ" എന്നതിനുപകരം "എന്നത്" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "നിശ്ചയിച്ചിരിക്കുന്ന" എന്നതിനുപകരം "അംഗീകരിച്ചിട്ടുള്ള" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "ഏജൻസികൾക്ക്" എന്നതിനുശേഷം "ബോർഡ്" എന്ന് ചേർക്കുക.

138. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "കൈമാറ്റം ചെയ്യുന്ന" എന്നതിനുശേഷം "പ്രവാസി കേരളീയരുടെ" എന്ന് ചേർക്കുക.

139. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "നിക്ഷേപത്തിന്" എന്നതിനുപകരം "നിക്ഷേപത്തുകയ്ക്ക്" എന്ന് ചേർക്കുക.

140. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "നൽകേണ്ടതായ" എന്നതിനുശേഷം "പലിശയുൾപ്പെടെയുള്ള" എന്നത് ചേർക്കുക.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

141. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ " തുകയും" എന്നതിനുപകരം " ഡിവിഡന്റ് വരുമാനവും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

150. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ " ഉറപ്പായ" എന്നതിനുപകരം " വാഗ്ദാനം ചെയ്തിട്ടുള്ള" എന്ന് ചേർക്കുക.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "ഉറപ്പായ" എന്നതിനുപകരം "വാഗ്ദത്ത " എന്ന് ചേർക്കുക.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ "ഉറപ്പായ" എന്നതിനുപകരം "അവരുടെ നിക്ഷേപത്തിനാനുപാതികമായി വാഗ്ദാനം ചെയ്യുന്ന" എന്ന് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-യിൽ "ബോർഡിന്" എന്നതിനുശേഷം "പ്രതിമാസം" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

158. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-യിൽ "അനുവദിച്ച്" എന്നത് ഒഴിവാക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-യിൽ "അനുവദിച്ച് കിട്ടുന്ന" എന്നതിനുപകരം "ലഭിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ “ അനുവദിച്ച് കിട്ടുന്ന” എന്നതിനുപകരം “ അനുവദിക്കുന്ന” എന്ന് ചേർക്കുക.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ)-ൽ " കിട്ടുന്ന" എന്നതിനുപകരം " നൽകേണ്ട" എന്ന് ചേർക്കുക.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(ജിഎ) ചുവടെപ്പറയും പ്രകാരം മാറ്റുക.
" (ജിഎ) " ഡിവിഡന്റ്" എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം പ്രസ്തുത പദ്ധതിയിലെ അംഗങ്ങൾക്ക് അല്ലെങ്കിൽ ഗുണഭോക്താക്കൾക്ക് കിട്ടുന്ന തുക എന്നർത്ഥമാകുന്നു."

<u>ചെയർപേഴ്സൺ</u>: 136-ാം നമ്പർ ഭേദഗതി 135-ാം നമ്പർ ഭേദഗതിക്കും 142-ാം നമ്പർ ഭേദഗതി 141-ാം നമ്പർ ഭേദഗതിക്കും 151-ാം നമ്പർ ഭേദഗതി 150-ാം നമ്പർ ഭേദഗതിക്കും 153-ാം നമ്പർ ഭേദഗതി 152-ാം നമ്പർ ഭേദഗതിക്കും 155-ാം നമ്പർ ഭേദഗതി 154-ാം നമ്പർ ഭേദഗതിക്കും 157-ാം നമ്പർ ഭേദഗതി

156-ാം നമ്പർ ഭേദഗതിക്കും 159-ാം നമ്പർ ഭേദഗതി 158-ാം നമ്പർ ഭേദഗതിക്കും 161-ാം നമ്പർ ഭേദഗതി 160-ാം നമ്പർ ഭേദഗതിക്കും 165 മുതൽ 167 വരെ 164-ാം നമ്പർ ഭേദഗതിക്കും 171-ാം നമ്പർ ഭേദഗതി 170-ാം നമ്പർ ഭേദഗതിക്കും 173-ാം നമ്പർ ഭേദഗതി 172-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 131, 149 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 137, 138, 139, 140 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

181. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ (2)-ൽ, "മുൻകാലപ്രാബല്യത്തോടുകൂടിയോ," എന്നത് ഒഴിവാക്കുക.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

182. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(2)-ൽ, "മുൻകാലപ്രാബല്യത്തോടുകൂടിയോ, പിൽക്കാല പ്രാബല്യത്തോടുകൂടിയോ," എന്നത് ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

185. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(2)-ൽ, ", എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ, ഭേദഗതി വരുത്തുകയോ,

വിട്ടുകളയുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്." എന്നതിന് പകരം "ഭേദഗതി ചെയ്യാവുന്നതാണ്"എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

188. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(2)-ൽ, "കൂട്ടിച്ചേർക്കുകയോ" എന്നതിന് പകരം "ചേർക്കലോ" എന്ന് ചേർക്കുക.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

190. ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 എ(2)-ൽ, "വ്യത്യാസപ്പെടുത്തുകയോ" എന്നതിന് പകരം "മാറ്റം വരുത്തുകയോ" എന്ന് ചേർക്കുക.

ചെയർപേഴ്സൺ: 174 മുതൽ 178 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. 183-ാം നമ്പർ ഭേദഗതി 182-ാം നമ്പർ ഭേദഗതിക്കും 191 മുതൽ 193 വരെ 190-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## നാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

194. ഖണ്ഡം 4(1)- പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(3)-ൽ "നാമനിർദ്ദേശം ചെയ്യുന്ന" എന്നതിന് പകരം "നാമനിർദ്ദേശം ചെയ്യുന്നവർ ഉൾപ്പെടെ" എന്ന് ചേർക്കുക.

210. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(4) താഴെപ്പറയും പ്രകാരം മാറ്റുക.
"(4) ബോർഡിന്റെ പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന ഡയറക്ടർമാരിൽനിന്നും ഒരാളെ, സർക്കാർ, അതിന്റെ ചെയർമാനായി നിയമിക്കേണ്ടതാണ്."

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

195. ഖണ്ഡം 4(1)- പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(3)-ൽ "പതിനഞ്ച്" എന്നതിന് പകരം "പതിനൊന്ന്" എന്ന് ചേർക്കുക.

197. ഖണ്ഡം 4(1)- പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(3)(ii)-ൽ "രണ്ട്" എന്നതിന് പകരം "ഒന്ന്" എന്ന് ചേർക്കുക.

199. ഖണ്ഡം 4(1)- പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(3)(iii)-ൽ "നാല്" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

200. ഖണ്ഡം 4(2) ഒഴിവാക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

204. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(4)-ൽ "പ്രവാസി കേരളീയൻ (വിദേശം) ആയ" എന്നതിന് പകരം "പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്നവരിൽ" എന്ന് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 4(2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 9(4)-ൽ "ചെയർമാനായി" എന്നതിന് പകരം "ചെയർപേഴ്സണായി" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

211. ഖണ്ഡം 4(3) ഒഴിവാക്കുക.

ചെയർപേഴ്സൺ: 201-ാം നമ്പർ ഭേദഗതി 200-ാം നമ്പർ ഭേദഗതിക്കും 207 മുതൽ 209 വരെ 206-ാം നമ്പർ ഭേദഗതിക്കും 212-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതിലെ പ്രധാന ഭേദഗതികൾ നേരത്തെ സൂചിപ്പിച്ച ഖണ്ഡം 4(2) സംബന്ധിച്ചുള്ളതാണ്. ഏത് പ്രവാസിക്ക് ആകാമെന്നുള്ളത് സംബന്ധിച്ച് നേരത്തെ വിശദീകരിച്ചുകഴിഞ്ഞതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 194, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 195, 197, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. പി. സുമോദ് അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

213. ഖണ്ഡം 5(1) ഒഴിവാക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 5(1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "ഗസറ്റ്" എന്നതിന് മുൻപായി "അപ്രകാരമുള്ള" എന്ന് ചേർക്കുക.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

220. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "കഴിയുന്നത്ര വേഗം" എന്നതിന് പകരം "15 ദിവസങ്ങൾക്കുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

222. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ, "കഴിയുന്നത്ര വേഗം" എന്നതിന് പകരം "ഒരു മാസത്തിനകം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

224. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ, "ആൾക്ക്" എന്നതിന് പകരം "ഡയറക്ടറുടെ ഔദ്യോഗിക കാലാവധി" എന്ന് ചേർക്കുക.

225. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ, "സ്ഥാനത്തേക്കാണോ" എന്നതിന് പകരം "ഒഴിവിലേക്കാണോ" എന്ന് ചേർക്കുക.

235. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "മാത്രം ഉദ്യോഗം വഹിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്" എന്നതിന് പകരം "മാത്രമായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

228. ഖണ്ഡം 5(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ, "ചെയ്യപ്പെട്ടത്" എന്നതിന് പകരം "ചെയ്തത്" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

234. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "കാലയളവിലേക്ക്" എന്നതിന് പകരം "കാലയളവിലേക്കോ ബോർഡിന്റെ കാലാവധി അവസാനിക്കുന്നതുവരെയോ" എന്ന് ചേർക്കുക.

ശ്രീ. എ. രാജ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

236. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "ഉദ്യോഗം" എന്നതിന് പകരം "സ്ഥാനം" എന്ന് ചേർക്കുക.

ചെയർപേഴ്സൺ: 229-ാം നമ്പർ ഭേദഗതി 228-ാം നമ്പർ ഭേദഗതിക്കും 237-ാം നമ്പർ ഭേദഗതി 236-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ് അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 224, 225, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. രാജ അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ “ കാണുന്ന” എന്നതിന് പകരം “ കാണപ്പെടുന്ന” എന്ന് ചേർക്കുക.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. പീഠികയിൽ “ വീണ്ടും” എന്നത് ഒഴിവാക്കുക.

126. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.
“ (2) ഇത് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

117. പീഠികയിൽ “ വീണ്ടും” എന്നതിന് "ഒരിക്കൽ കൂടി" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

122. തത്വപ്രഖ്യാപന വാക്യത്തിൽ “ താഴെപ്പറയും” എന്നതിന് പകരം "താഴെക്കാണുന്ന" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

“ (2) ഇത് സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

ചെയർപേഴ്സൺ: 114 മുതൽ 116 വരെ 113-ാം നമ്പർ ഭേദഗതിക്കും 123 മുതൽ 125 വരെ 122-ാം നമ്പർ ഭേദഗതിക്കും 127 മുതൽ 129 വരെ 126-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ് അവതരിപ്പിച്ച 113, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 117 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 122-ാം എന്നീ നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

( ശ്രീമതി. ജെ. ചിഞ്ചു റാണി...)

P-14-10-2024 5.20-5.30 RL-SO- (2) ബി.സമ.

(iii) 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

(iv) 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും

ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റ് (2011-ലെ 3-ാംആക്റ്റ്), അതുപോലെ 44-ാം വകുപ്പിന്റെ മൂന്നാം ഉപവകുപ്പ് പ്രകാരം മാനേജ്മെന്റ് കൗൺസിൽ കണക്കുകളുടെ ഒരു പകർപ്പും റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടികളുടെ ഒരു സ്റ്റേറ്റ്മെന്റും സഹിതം സർക്കാരിന് സമർപ്പിക്കേണ്ടതും സംസ്ഥാന സർക്കാർ അത് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. സർവ്വകലാശാല വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചുകൊണ്ടുള്ള വ്യവസ്ഥ പ്രസ്തുത ആക്റ്റിൽ ഇല്ല. സർവ്വകലാശാലയ്ക്ക് വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും

സമർപ്പിക്കുന്നതിനുള്ള ഒരു സമയപരിധി, അതായത് തൊട്ടടുത്ത വർഷം സെപ്റ്റംബർ 30-ാംതീയതിയോ അതിനുമുമ്പോ എന്ന് നിശ്ചയിച്ചുകൊണ്ടുള്ള ഒരു വ്യവസ്ഥ ആക്റ്റിൽ ഉൾപ്പെടുത്തുന്നതിനാണ് ഈ ഭേദഗതി ബിൽ സഭയിൽ അവതരിപ്പിക്കുന്നത്. ബിൽ പരിഗണിക്കണമെന്ന് സഭയോട് അഭ്യർത്ഥിക്കുന്നു.

അതോടൊപ്പംതന്നെ കേരള കന്നുകാലി പ്രജനന ബില്ലിന്റെ പശ്ചാത്തലത്തെക്കുറിച്ച് ബിൽ അവതരിപ്പിച്ച വേളയിൽ വിശദമായി സംസാരിച്ചിരുന്നു. കേന്ദ്രസർക്കാർ തയ്യാറാക്കിയ മാതൃകാബില്ലിൽ നിന്നുകൊണ്ടാണ് ഈ ബില്ലും തയ്യാറാക്കിയിട്ടുള്ളത്. ഇതിനുമുമ്പ് എട്ടോളം ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇതേ മാതൃകയിൽ നിയമം നടപ്പിലാക്കിക്കഴിഞ്ഞു. അതിന്റെ ചുവട് പിടിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തും ഈ ബിൽ അവതരിക്കപ്പെടുന്നത്.

സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളെ വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് അവലംബിച്ചിട്ടുള്ള പ്രധാന മാർഗങ്ങളിൽ പ്രധാനപ്പെട്ടവ – (1) ആക്റ്റിന് കീഴിൽ ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് കൃത്രിമ ബീജദാന

പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രജനന പ്രവൃത്തികൾ നിയന്ത്രിക്കുക, (2) സെമൻ സ്റ്റേഷൻ, സെമൻ ബാങ്ക്, കൃത്രിമ ബീജദാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുക, (3) വിത്തുകാളകളെ സാക്ഷ്യപ്പെടുത്തുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ചെയ്യുക, (4) പരിശീലനം ലഭിച്ച ആളുകൾ മാത്രം പ്രജനന പ്രവൃത്തികളിൽ ഏർപ്പെടാൻ പാടുള്ളൂ എന്ന നിബന്ധന ഉൾപ്പെടുത്തൽ, (5) A.I. (Artificial Insemination) ടെക്നീഷ്യന്മാരെ സാക്ഷ്യപ്പെടുത്തുന്നതിന് അതോറിറ്റിയെ അധികാരപ്പെടുത്തുക, (6) അനധികൃത ബീജം, സബ് സ്റ്റാൻഡേർഡ് ബീജം, മിസ് ബ്രാൻഡഡ് ബീജം എന്നിവയുടെ ഉൽപാദനം, വില്പന, വിതരണം മുതലായവ നിരോധിക്കുക എന്നിവയാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ.

ചെയർപേഴ്സൺ: രണ്ട് ബില്ലുകളും സംബന്ധിച്ചുള്ള ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന

ബിൽ എന്നിവ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി സമയം ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുകയാണ്. മാനേജ്മെന്റ് കൗൺസിൽ മാർച്ച് 31-ന് അവസാനിക്കുന്ന ഒരു സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളുടെയും ഓഡിറ്റ് റിപ്പോർട്ടിന്റെയും ഒരു പകർപ്പ്, ഓഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല സ്വീകരിച്ച നടപടിയുടെ ഒരു സ്റ്റേറ്റ്മെന്റ് സഹിതം തൊട്ടടുത്ത വർഷം മാർച്ച് 1-ാം തീയതിയോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതും അപ്രകാരം ലഭിക്കുന്നമുറയ്ക്ക് സർക്കാർ അത് സഭയിൽ വയ്ക്കേണ്ടതുമാണെന്നുള്ള ഭേദഗതിയാണ് ഈ ബില്ലിലൂടെ വന്നിരിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധിയിലേക്ക് ഈ സർക്കാർ തള്ളിവിട്ട ഒരു സർവ്വകലാശാലയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് മാർച്ച് 31-നുമുമ്പ് സമർപ്പിക്കണം എന്നുള്ളതാണ് ഈ ഭേദഗതി. മൃഗസംരക്ഷണ മേഖലയുടെ

ഉന്നമനം ലക്ഷ്യമിട്ടുകൊണ്ട് 2011-ൽ കാർഷിക സർവ്വകലാശാല വിഭജിച്ച് രൂപീകരിക്കപ്പെട്ട വെറ്ററിനറി സർവ്വകലാശാല വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലെത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നോൺ-പ്ലാൻ ഫണ്ട് കാര്യമായി വർധിപ്പിച്ചിട്ടില്ല എന്നുള്ളത് സർവ്വകലാശാലയുടെ പ്രതിസന്ധിയെ രൂക്ഷമാക്കുകയാണ്. 2011-12-ൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആദ്യം അനുവദിച്ചത് 30 കോടിയുടെ നോൺ-പ്ലാൻ ഗ്രാന്റ് ആണെങ്കിൽ 2015-16-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറങ്ങിപ്പോകുന്ന വർഷം അത് ഇരട്ടിയായി വർധിപ്പിച്ചു. എട്ടര വർഷം കൊണ്ട് 60-ൽ നിന്ന് 95-ൽ എത്തുകയാണ് ചെയ്തിട്ടുള്ളത്. മാത്രവുമല്ല, 2021-22-ൽ 97.78 കോടി രൂപയായിരുന്ന നോൺ-പ്ലാൻ ഗ്രാന്റ് അടുത്ത വർഷം അത് 94 കോടി ആയി കുറഞ്ഞു. 2023-24-ൽ വീണ്ടും 94 കോടി ആയി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ നടപ്പുവർഷം ഒരു കോടി രൂപ കൂടി വർധിപ്പിച്ചിരിക്കുകയാണ്.

ഒരു വർഷം സർവ്വകലാശാലയ്ക്ക് പ്രവർത്തിക്കണമെങ്കിൽ ഏകദേശം 155 കോടി രൂപയാണ് വേണ്ടത്. 95 കോടി രൂപയാണ് ഈ വർഷം

അനുവദിച്ചിട്ടുള്ളത്. അതിൽ ആഭ്യന്തര വരുമാനം 27 കോടി രൂപ. എങ്ങനെ നോക്കിയാലും 40 കോടി രൂപ കമ്മിയായി വരുന്നൊരു സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. നിലവിൽ 58 കോടി രൂപയാണ് സർവ്വകലാശാലയുടെ ബാധ്യത. വിരമിച്ച ജീവനക്കാർക്കുള്ള പെൻഷനും ആനുകൂല്യങ്ങളും നൽകാനുള്ളത് 8,90,86,222/- രൂപ, 50 ശതമാനം യു.ജി.സി. പേ-റിവിഷൻ അരിയർ 7,72,96087/- രൂപ, ഓഡിറ്റ് കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക 2,25,02,427/- രൂപ, അധ്യാപകർക്കും അനധ്യാപകർക്കും തൊഴിലാളികൾക്കും നൽകാനുള്ള ഡി.എ. 10 കോടി രൂപ, അധ്യാപകരുടെ പ്രൊമോഷൻ അരിയർ നൽകുന്നതിനുള്ള തുക 5 കോടി രൂപ, അനധ്യാപക ജീവനക്കാരുടെ പേ-റിവിഷൻ അരിയർ 3 കോടി രൂപ, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിൽനിന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സർവ്വകലാശാലയ്ക്ക് ഓപ്ഷൻ മുഖേന വന്ന ജീവനക്കാർക്ക് നൽകാനുള്ള പ്രൊവിഡന്റ് ഫണ്ടിന്റെ രണ്ടാമത് ഗഡു 19,18,50,000/- രൂപ, തൊഴിലാളികളുടെ പതിനൊന്നാമത് ശമ്പള പരിഷ്കരണ കുടിശ്ശിക 2,46,05,000/- രൂപ, ആകെ 58,53,40,367/- രൂപയുടെ കടം ഈ സർവ്വകലാശാലയ്ക്ക് വന്നിരിക്കുകയാണ്.

2019-2020 സാമ്പത്തിക വർഷം വരെ സാമ്പത്തികമായി മികച്ച നിലയിൽ പ്രവർത്തിച്ചിരുന്ന ഒരു യൂണിവേഴ്സിറ്റിയാണ് ഇതെന്നാണ് നമ്മൾ മനസ്സിലാക്കാനുള്ളത്. നോൺ-പ്ലാൻ ഗ്രാന്റിൽ കാലോചിതമായ വർധന വരാത്തതുമൂലമാണ് സാമ്പത്തികമായി ഇത്രയുമധികം കടത്തിലേക്ക് എത്തിയിട്ടുള്ളത്. ഇപ്പോൾ തന്നെ കടുത്ത നിയന്ത്രണങ്ങൾ സർവ്വകലാശാല ഏർപ്പെടുത്തിയതുകൊണ്ടും അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികളെല്ലാം മാറ്റിവച്ചതുകൊണ്ടും പ്ലാൻ ഫണ്ടിൽനിന്നും മറ്റ് ചെലവുകൾ കണ്ടെത്തുന്നതുകൊണ്ടുമാണ് ചെലവ് 124 കോടിയിൽ നിർത്തിയിരിക്കുന്നതെന്നുകൂടി ഈ അവസരത്തിൽ കാണേണ്ടതാണ്. ഇവിടെ സർവ്വകലാശാല രൂപീകരിച്ചതുമുതൽ സർവ്വകലാശാലയുടെ വികസനത്തിനായി കാര്യമായൊരു വൺടൈം ഗ്രാന്റോ മറ്റോ അനുവദിച്ചിട്ടില്ല എന്നുള്ളത് നമുക്ക് കാണാൻ സാധിക്കും. ഒരു സർവ്വകലാശാലയ്ക്ക് ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ ഇന്നും വെറ്ററിനറി സർവ്വകലാശാലയ്ക്കില്ലെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. പത്തുപേർക്ക് താമസിക്കാനുള്ള ഗസ്റ്റ് ഹൗസ് പോലും സർവ്വകലാശാല ആസ്ഥാനത്തില്ല. അതുപോലെ ഇപ്പോൾ സർവ്വകലാശാല

പ്രവർത്തിക്കുന്നത് കാർഷിക സർവ്വകലാശാലയിൽനിന്ന് കൈമാറ്റം ചെയ്യപ്പെട്ട് കിട്ടിയിട്ടുള്ള കെട്ടിടങ്ങളിലും സ്ഥലങ്ങളിലുമാണ്. അതുപോലെ ഹോസ്റ്റലുകളിൽ തസ്തിക സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല, ഹോസ്റ്റൽ മേട്രൺ, ഹോസ്റ്റൽ മാനേജർ, സ്റ്റുവാർഡ്, എക്സ്റേ ടെക്നീഷ്യൻ തുടങ്ങിയ നിരവധി പോസ്റ്റുകൾ sanctioned post ഇല്ലാത്തതുകൊണ്ട് ഒഴിഞ്ഞ് കിടക്കുകയാണ്. സർവ്വകലാശാല ആസ്ഥാനം ആരംഭിക്കുന്നതുതന്നെ പൂക്കോട് വെറ്ററിനറി കോളേജിലാണ്. 25 വർഷങ്ങൾക്കുമുമ്പ് ആ കോളേജ് ആരംഭിക്കുമ്പോൾ ഒരു വർഷം ഉണ്ടായിരുന്നത് 40 വിദ്യാർത്ഥികൾക്കുള്ള അക്കോമഡേഷനാണ്. ഇന്ന് വർഷംതോറും 100 പേർ ആയിരിക്കുകയാണ്. ഏറ്റവും കൂടുതൽ പെൺകുട്ടികളാണ് അവിടെ പഠിക്കാൻ വരുന്നത്. അവർക്കുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള യാതൊരു സൗകര്യങ്ങളുമില്ല. വാടകയ്ക്കെടുത്ത ഹോസ്റ്റലിലേയ്ക്കാണ് ഇപ്പോൾ അവരെ പാർപ്പിച്ചിരിക്കുന്നത്. അടുത്ത കാലത്ത് പട്ടികജാതി വകുപ്പിന്റെ കീഴിലുള്ള റസിഡൻഷ്യൽ സ്കൂളിന്റെ പഴയ ഹോസ്റ്റൽ സർവ്വകലാശാലയ്ക്ക് നൽകി. അവർപോലും പുതിയ ഹോസ്റ്റൽ നിർമ്മിക്കുമ്പോൾ വെറ്ററിനറി സർവ്വകലാശാല പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നില്ല.

തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഡയറി സയൻസ് കോളേജ് കൈമനത്തെ ബി.എസ്.എൻ.എൽ.-ന്റെ കെട്ടിടത്തിലാണ് വാടകയ്ക്ക് പ്രവർത്തിക്കുന്നത്. ഹോസ്റ്റലിനുമാത്രം വാടകയിനത്തിൽ 63 ലക്ഷം രൂപ ഒരു വർഷം കൊടുക്കുന്നുണ്ട്. തിരുവനന്തപുരത്തെ ഡയറി സയൻസ് കോളേജിന് 52 ലക്ഷമാണ് വാടക. സാമ്പത്തിക പ്രയാസത്തിൽ നിൽക്കുമ്പോൾപോലും ഒരു വർഷം 1.15 കോടി രൂപ വാടകയിനത്തിൽ മാത്രം സർവ്വകലാശാല കൊടുക്കുന്നുണ്ടെന്നുള്ളത് നമ്മൾ കാണേണ്ടതാണ്. പ്ലാൻ ഫണ്ടിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 49 കോടി രൂപ വകയിരുത്തിയതിൽ 28 കോടി രൂപയാണ് സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ടിൽ വകയിരുത്തുന്ന തുക എത്ര ലഭിക്കുമെന്നോ എന്ന് ലഭിക്കുമെന്നോ അറിയാത്തതുകൊണ്ട് പുതിയ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ സർവ്വകലാശാലകൾക്ക് കഴിയാത്തൊരു സ്ഥിതിവിശേഷമാണ് ഉണ്ടായിരിക്കുന്നത്. അതുപോലെ സർവ്വകലാശാലയ്ക്ക് അന്ന് അനുവദിക്കപ്പെട്ടത് ചെങ്കുത്തായ സ്ഥലമായതുകൊണ്ട് അവിടത്തെ പ്രകൃതി സംരക്ഷണ സമിതി അവിടം കെട്ടിടം നിർമ്മിക്കാൻ കഴിയാത്തൊരു മേഖലയാണെന്ന് പറഞ്ഞ്

കോടതിയിൽ കേസ് നൽകി. ഗ്രീൻ ട്രൈബ്യൂണലിൽനിന്ന് അനുകൂലമായ വിധി വന്നെങ്കിലും ഇപ്പോഴും സുപ്രീംകോടതിയിൽ കേസ് നടക്കുകയാണ്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, അവിടെ വീണ്ടും കെട്ടിടം നിർമ്മിക്കാനുള്ള സാഹചര്യമില്ല എന്നതാണ് നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഫണ്ട് അനുവദിച്ചിരുന്നെങ്കിലും പിൽക്കാലത്ത് ഭൂമിയുടെ വില സംബന്ധിച്ച തർക്കം കാരണം ചെലവഴിക്കാൻ കഴിയാതെ ഫണ്ട്, സർക്കാർ തിരിച്ചെടുക്കുന്ന സാഹചര്യമുണ്ടായി.

<u>ശ്രീ. സനീഷ് കുമാർ ജോസഫ്</u>: സർ, ചാലക്കുടിയിലെ കൊന്നക്കുഴിയിൽ ഏക്കർ കണക്കിന് ഭൂമിയും അതിന്റെ പ്രാദേശിക സെന്ററും അതോടൊപ്പം തന്നെ ഫുഡ് ടെക്നോളജിക്കുവേണ്ടി നിർമ്മിച്ച എല്ലാ സൗകര്യങ്ങളോടുംകൂടിയ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്നതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവിടെ പുതിയ കോഴ്സുകൾ തുടങ്ങാനും ആ ഭൂമി ഉപയോഗപ്പെടുത്താനും അവിടത്തെ പ്രാദേശിക സെന്റർ വികസിപ്പിക്കുന്നതും ഇതിന്റെ പരിധിയിൽ വരേണ്ടതല്ലേ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും. അത്തരം ഭൂമി അവിടെ ഒഴിഞ്ഞ് കിടക്കുകയാണെങ്കിൽ സർവ്വകലാശാലയും സർക്കാരും അതുകൂടി പരിഗണിച്ച് പുതിയതും കാലോചിതമായിട്ടുള്ള കോഴ്സുകൾ അനുവദിക്കേണ്ടതാണെന്നുള്ള കാര്യത്തിൽ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്ന് തോന്നുന്നില്ല. അടിയന്തരമായി സർവ്വകലാശാലയ്ക്ക് കൂടുതൽ ഭൂമി വാങ്ങുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം, ഹോസ്റ്റലുകൾ നിർമ്മിക്കണം. അതുപോലെ നോൺ-പ്ലാൻ ഫണ്ടും പ്ലാൻ ഫണ്ടും യഥാസമയം അനുവദിക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഇവിടെ പറയുന്നത്. കാലിവളർത്തുന്ന കർഷകന്റെ സ്ഥിതി വളരെ ദുരിതത്തിലാണ്; കാലിവളർത്താൻ തീരുമാനിച്ചാൽ പോക്കറ്റ് കാലിയാകുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. പാലിന്റെ നിറം വെളുപ്പാണെങ്കിലും കർഷകന്റെ കഷ്ടപ്പാടുകളും ജീവിത പ്രയാസങ്ങളും കടവും അവന്റെ ജീവിതത്തിൽ വലിയ കരിനിഴൽ വീഴ്ത്തിയിരിക്കുന്നുവെന്നത് ഒരു വസ്തുതയായി നമുക്ക് കാണാം.

അവനെ സംരക്ഷിക്കാൻവേണ്ടിയുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വസ്തുത. ഒരു ശരാശരി കർഷകൻ ഒരു പശുവിനെ വളർത്താൻ തീരുമാനിച്ചാൽ.....

ചെയർപേഴ്സൺ: ശ്രീ. എം. വിൻസെന്റ്, അങ്ങേയ്ക്ക് അനുവദിച്ച സമയത്തിനുള്ളിൽ പറയാൻ ശ്രമിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ രാഷ്ട്രീയമായ ഒരു കാര്യവും പറയുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് ബില്ലിലെ കാര്യങ്ങൾ കേന്ദ്രീകരിച്ച് വളരെ ഭംഗിയായി പറഞ്ഞിട്ടുണ്ട്. 10 മിനിട്ടിനുള്ളിൽ പൂർത്തീകരിക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു പശുവിന്റെ വില 50,000 രൂപ മുതൽ 70,000 രൂപ വരെയാണ്. പ്രസവിച്ച ആദ്യത്തെ മാസം 10 ലിറ്റർ പാൽ ഒരു പശുവിൽനിന്നും ലഭിക്കും. ഒരു ലിറ്റർ പാലിന് 43 രൂപയാണ്. 10 x 4=430 രൂപയാണ്. അതിന്റെ ചെലവ് കണക്കാക്കിയാൽ, 50 കിലോ കാലിത്തീറ്റ പാക്കറ്റിന് 1500 മുതൽ 1550 രൂപ വരെ വിലയുണ്ട്. അതുതന്നെ ഒരു ദിവസം ആറ് കിലോഗ്രാം ചെലവായാൽ 186 രൂപ ചെലവ് വരുന്നുണ്ട്. 186 രൂപ

കാലിത്തീറ്റയ്ക്കുമാത്രമുള്ള കണക്കാണ്. വയ്ക്കോൽ വാങ്ങാതെ പുല്ല് മാത്രം വാങ്ങിയാൽ 150 രൂപയും കൂലി 40 രൂപയും വയ്ക്കോലിന്റെ വിലയും ചേർത്ത് ആകെ 376 രൂപയാണ് ചെലവ് വരുന്നത്. പ്രസവിച്ച് നാല് മാസത്തിലെ ഒരു ദിവസത്തെ വരുമാനം 430 രൂപയും ചെലവ് 376 രൂപയും ലാഭം 54 രൂപയുമാണ്. അങ്ങനെ നാല് മാസം (120 ദിവസം) 6480 രൂപ ലാഭം കിട്ടും. പക്ഷേ പ്രസവിച്ച് അഞ്ചാം മാസം മുതൽ പശുവിന്റെ പാൽ കുറയുകയാണ്; 7 ലിറ്റർ പാലാണ് ലഭിക്കുന്നത്. അഞ്ചാം മാസം മുതൽ പത്താം മാസം വരെ ലഭിക്കുന്ന (6 മാസം) 7 ലിറ്റർ പാലിന് ലഭിക്കുന്നത് 301 രൂപയും ചെലവ് 314 രൂപയുമാണ്. ഒരു ദിവസം 13 രൂപയുടെ നഷ്ടമാണ് വരുന്നത്. അങ്ങനെ 180 ദിവസത്തെ കണക്ക് നോക്കുമ്പോൾ 2340 രൂപയുടെ നഷ്ടമാണ്. അതുപോലെ പിന്നെയുള്ള രണ്ട് മാസം കറവ വറ്റുന്ന സമയമാണ്. രണ്ടോ മൂന്നോ ലിറ്റർ പാല് ലഭിക്കും. മൂന്ന് ലിറ്റർ പാൽ കിട്ടിയാൽ 129 രൂപയാണ് ലാഭം; ചെലവ് ഇതുതന്നെയാണ്. അങ്ങനെ രണ്ട് മാസത്തേയ്ക്ക് 8040 രൂപയാണ് കടമായി വരുന്നത്. എല്ലാ വർഷവും പശു പ്രസവിക്കുന്നുവെന്ന സങ്കൽപത്തിൽ കണക്കാക്കിയാൽ, ഒരു വർഷം മാത്രം 3900 രൂപ നഷ്ടമാണ്. അവന്

കൂലിയില്ല, ശമ്പളമില്ല, ഒന്നുമില്ല. കറവക്കാരനായ ഒരു കർഷകന് 3900 രൂപയാണ് നഷ്ടം സംഭവിക്കുന്നത്. ഇതിൽ പശുവിന്റെ വിലയുടെ പലിശയെല്ലാം കണക്കാക്കിയാൽ വലിയ തുക വരുന്നുണ്ട്. അതുപോലെ, പശുവിന് അസുഖം ബാധിച്ചാൽ 3000 രൂപ മുതൽ 5000 രൂപ വരെ കർഷകൻ ചെലവഴിക്കേണ്ടിവരും. ഇൻഷ്വറൻസ് പ്രീമിയം 7000 രൂപ വരെ കർഷകൻ അടക്കേണ്ടതായി വരുന്നുണ്ട്. ഇൻഷ്വറൻസ് പ്രീമിയം ഇല്ലാതെ പശുചത്തുപോയാൽ അവർക്ക് ഒന്നും കിട്ടുന്നില്ലെന്നുള്ള സ്ഥിതി വരുന്നുണ്ട്. വർഷം മുഴുവനും പാലിന് നാല് രൂപ സബ്സിഡി നൽകുകയും പശുക്കൾക്ക് കറവ വറ്റുന്ന സമയത്ത് പത്താം മാസം മുതൽ രണ്ട് മാസത്തേയ്ക്ക് കാലിത്തീറ്റ സൗജന്യമായും നൽകിയാൽ മാത്രമെ കർഷകർക്ക് ഈ മേഖലയിൽ നിലനിൽക്കാൻ കഴിയുകയുള്ളൂ. പുതിയ തലമുറയെ ആകർഷിക്കുന്നുവെന്ന് പറഞ്ഞ് നടപ്പിലാക്കുന്ന പദ്ധതികളിലൊന്നും പുതിയ തലമുറ വരുന്നില്ല. നിലവിലുള്ള കർഷകർക്കുപോലും ജീവിക്കാൻ പറ്റാത്ത സാഹചര്യമാണുണ്ടായിരിക്കുന്നത്. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന [Special Livestock Breeding Programme (SLBP)] പദ്ധതികൾ കഴിഞ്ഞ

വർഷം കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മൾ ക്ഷീരകർഷകരുടെ കാര്യങ്ങളാണ് പറയുന്നത്. പശുക്കൾക്ക് ആവശ്യമായ പുല്ല് ലഭിക്കാത്തതാണ് ക്ഷീരകർഷകർ നേരിടുന്ന പ്രധാന ബുദ്ധിമുട്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. നിയമസഭാ സമിതി പഞ്ചാബ് സന്ദർശിച്ചപ്പോൾ അവിടെനിന്ന് കേരളത്തിലേയ്ക്ക് വയ്ക്കോൽ കൊണ്ടുവരുന്നതിനെക്കുറിച്ച് തീരുമാനമെടുത്തെങ്കിലും ഇപ്പൊഴത്തെ അവസ്ഥയെന്താണെന്നറിയില്ല. അന്ന് പറഞ്ഞത് നല്ലൊരു കാര്യമാണ്; അതുസംബന്ധിച്ച വിശദാംശങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുമെന്ന് കരുതുന്നു. പശുവിന് പുല്ല് കിട്ടാനില്ല, കാലിത്തീറ്റയ്ക്ക് വിലകൂടുതലുമായപ്പോൾ ക്ഷീരകർഷകർ വലിയ പ്രയാസത്തിലാണ്. അക്കാര്യത്തിൽ, എങ്ങനെ പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന് ചിന്തിക്കേണ്ടതാണ്. പാലിന് വില കൂട്ടിയാൽ പൊതുസമൂഹത്തിന് വലിയ പ്രശ്നമാണ്.

ചെയർപേഴ്സൺ: ശ്രീ. അൻവർ സാദത്ത്, ചുരുക്കി സംസാരിക്കണം. ഏഴ് പേർക്ക് സംസാരിക്കാനുണ്ട്.

ശ്രീ. അൻവർ സാദത്ത്: സർ, പാലിന് വില കൂട്ടുന്ന സമയത്ത് കാലിത്തീറ്റയ്ക്ക് വില കൂട്ടാതിരിക്കാനുള്ള ക്രമീകരണം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും ഞാൻ അതിനെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. പാലിന്റെ സബ്സിഡിക്കായി 2023-24-ൽ സർക്കാർ വകയിരുത്തിയ ഫണ്ട് ഏപ്രിൽ മാസം ഒരു രൂപ വീതവും മേയ് മാസം 35 പൈസയും വീതം നൽകിയതോടുകൂടി ആ ഫണ്ട് തീർന്നു. ത്രിതല പഞ്ചായത്തുകൾ നൽകിയ ഫണ്ട് ആറ് മാസത്തേക്ക് മാത്രമെ തികയുന്നുള്ളൂ. നാല് രൂപയെങ്കിലും പാലിന് സബ്സിഡി നൽകാൻ സർക്കാർ തയ്യാറാകണം. രണ്ട് മാസത്തേയ്ക്കുള്ള കാലിത്തീറ്റ സൗജന്യമായി നൽകണം. മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന കന്നുകുട്ടി പരിപാലന പദ്ധതി (A Special breeding programme)-ക്ക് 50 ശതമാനം മൃഗസംരക്ഷണ വകുപ്പും 25 ശതമാനം പഞ്ചായത്തും 20 ശതമാനം ഗുണഭോക്തൃവിഹിതവുമാണ് ലഭിക്കുന്നത്. ഈ വർഷം ടി പദ്ധതി നടപ്പാക്കിയിട്ടില്ല. അതുപോലെതന്നെ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ നേരത്തെ സൗജന്യമായിരുന്നു. ഇപ്പോൾ അതിന് 25 രൂപ

ഈടാക്കുന്നുണ്ട്. പെൺപശുക്കുഞ്ഞ് ജനിക്കാൻ പ്രത്യേക സെമന് 500 രൂപ അടയ്ക്കേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷമാണുള്ളത്. സമഗ്ര ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ നടപ്പാക്കിയിട്ടില്ല. പ്രൈവറ്റ് കമ്പനികൾക്ക് 7000 രൂപയാണ് ഇൻഷ്വറൻസ് തുക. ഇൻഷ്വറൻസ് എടുക്കാത്ത ഒരു കന്നുകാലി ചത്തുപോയാൽ 15,000 രൂപ കിട്ടുന്ന കണ്ടിജൻസി ഫണ്ട് ഇപ്പോഴില്ല. ക്ഷീരവികസന വകുപ്പ് കുറെയേറെ ആഘോഷപരിപാടികൾ നടത്തുന്നുണ്ട്. റീജിയണൽ വർക്ക്ഷോപ്പ്, സംസ്ഥാനക്ഷീര സംഗമം, ജില്ലാ ക്ഷീര സംഗമം, ബ്ലോക്ക് ക്ഷീര സംഗമം, കർഷക സമ്പർക്ക പരിപാടി തുടങ്ങിയ പദ്ധതികളിലൂടെ ഭീമമായ തുക ചെലവഴിക്കുന്ന ഗവൺമെന്റ്, കർഷകരെ ജീവിതവൃത്തിയിൽ നിലനിർത്തുന്നതിനുവേണ്ടിയുള്ള പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല എന്നുള്ളതാണ് നമുക്ക് കാണാൻ സാധിക്കുന്നത്. പുൽകൃഷി 20 സെന്റിൽ ചെയ്യുന്നതിനായി 1200 രൂപ നൽകുകയും 180 രൂപ രജിസ്ട്രേഷൻ ഫീസായി തിരികെ വാങ്ങുകയും ചെയ്യുന്നു. ഓരോ ക്ഷീരകർഷകന്റെയും അധ്വാനം നമുക്ക് അറിയാവുന്നതാണ്. പുലർച്ചെ എഴുന്നേറ്റാൽ രാത്രി 12:00 മണിയാകാതെ ഉറങ്ങാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത്രയധികമാണ് കർഷകർ രാവും

പകലും കഷ്ടപ്പെടുന്നത്. ഓരോ ക്ഷീരകർഷകന്റെയും ജീവിതം അടുത്തുനിന്നുകണ്ടാൽ, സ്വന്തം മക്കളെ പരിപാലിക്കുന്നതിനേക്കാൾ കഷ്ടപ്പെട്ടാണ് കന്നുകാലികളെ പരിപാലിക്കുന്നതെന്ന് മനസിലാകും. അങ്ങനെയുള്ള കർഷകന് ജീവിക്കാൻപോലും കഴിയാത്തവിധത്തിൽ സാഹചര്യങ്ങൾ എത്തിയിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഗവൺമെന്റ് ഇത്തരത്തിലുള്ള ബിൽ കൊണ്ടുവരുന്നതിനെ നമ്മൾ സ്വാഗതം ചെയ്യുന്നു. പക്ഷേ ആ ബിൽ കൊണ്ടുവരുന്നതോടൊപ്പം കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള.....

ശ്രീ. മോൻസ് ജോസഫ്: സർ, അങ്ങ് നല്ല കാര്യങ്ങളാണ് പറഞ്ഞത്. ക്ഷീരകർഷകർക്കുവേണ്ടി ശക്തമായി വാദിക്കുകയും ഇതുപോലെ അവരുടെ സങ്കടങ്ങളും പ്രയാസങ്ങളും നന്നായി സഭയിൽകൊണ്ടുവരികയും ചെയ്തതിന് ക്ഷീർകാർഷിക മേഖലയിൽനിന്നുള്ള ജനപ്രതിനിധിയെന്ന നിലയിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. പ്രധാനപ്പെട്ട ഒരു പ്രശ്നംകൂടി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്. ഇത്തരത്തിൽ ധാരാളം പദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ സഹായമാകുന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ

ധനസഹായം. പ്രസ്തുത സഹായം കേരളം പ്രയോജനപ്പെടുത്തിയാൽ ക്ഷീരകർഷകർക്കുവേണ്ടിയുള്ള നിരവധി പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കും. മുൻകാലങ്ങളിൽ അത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുമുണ്ട്. ഇപ്പോൾ കേന്ദ്ര ഗൺമെന്റിന് അടയ്ക്കാനുള്ള വിഹിതം കേരളം അടയ്ക്കാത്തതുകൊണ്ട് കേന്ദ്ര സഹായ പദ്ധതികൾ കേരളത്തിന് ലഭിക്കാതെ പെൻഡിംഗിൽ നിൽക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? കേരളത്തിൽ ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ വേണ്ടതുപോലെ പണം നൽകുന്നില്ലെന്നാണ് ഞങ്ങളെല്ലാവരും മനസ്സിലാക്കുന്നത്. ധനകാര്യ വകുപ്പ് പണം നൽകാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങളുണ്ടായിരിക്കുന്നതെന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ധനകാര്യ വകുപ്പിന്റെ പണം കൈപ്പറ്റി ഇത് എത്രയുംവേഗം അടയ്ക്കാൻ വകുപ്പുമന്ത്രി തലത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള ഇടപെടൽ അങ്ങ് നടത്തുമോ?

ചെയർപേഴ്സൺ: അങ്ങ് ഇങ്ങനെ വഴങ്ങിക്കൊണ്ടേയിരിക്കരുത്; 20 മിനിട്ടാകാൻ പോകുകയാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ക്ഷീരകർഷകർ ഇപ്പോൾ നഷ്ടത്തിൽനിന്നും നഷ്ടത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. ക്ഷീരകർഷകരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അവർക്ക് കൂടുതൽ വരുമാനമുണ്ടാക്കുന്നതിനും അവരുടെ നഷ്ടം കുറയ്ക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും വളരെക്കാലമായി നമ്മളെല്ലാവരും ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. കേന്ദ്ര ഗവൺമെന്റുകൂടി......

ശ്രീ. ജി. എസ്. ജയലാൽ: സർ, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യം പരാമർശിച്ചതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഗവൺമെന്റ് ക്ഷീര മേഖലയിൽ നൽകുന്ന പരിഗണനയുടെ ഭാഗമായി നഗരസഭ നടപ്പാക്കുന്ന അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വിൻസെന്റ്: സർ, തീർച്ചയായും. അതുപോലെതന്നെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ക്ഷീരകർഷകരെ ഉൾപ്പെടുത്തിയാൽ അത് അവർക്ക് വലിയൊരു സഹായമായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് കർഷകരെ സഹായിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. കേരള ഫീഡ്സിന്റെയും മിൽമയുടെയും കാലിത്തീറ്റയുടെ വിലയെങ്കിലും കുറയ്ക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണ്ടേ? കാരണം, കർഷകർക്ക് അവരുടെ ഉൽപാദനച്ചെലവ് കുറച്ചാൽമാത്രമെ ഈ നിലയിൽ പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള നടപടികൾകൂടി സർക്കാർ പ്രഖ്യാപിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർഥിക്കാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ ഈ ഭേദഗതികൾ നിർദേശിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാനെന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ, കന്നുകാലികളുടെ ഉല്പാദനവും പാലുല്പാദനവും വർധിപ്പിക്കാൻ കഴിയുന്ന നിലയിൽ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒന്നാണെന്ന് ബഹുമാനപ്പെട്ട മന്ത്രി

സൂചിപ്പിക്കുകയുണ്ടായി. ക്ഷീര-കാർഷികമേഖലയിലുണ്ടായ പൊതുവായ വിഷയങ്ങളാണ് സഭയിൽ പലപ്പോഴും ഉയർന്നുവന്നിട്ടുള്ളത്. ഗവൺമെന്റിന് അക്കാര്യത്തിൽ ഇടപെടാൻ സാധിക്കാത്തതിനാൽ ക്ഷീര-കാർഷിക മേഖലയിലെ പ്രതിസന്ധി എല്ലായ്പ്പോഴും നിലനിൽക്കുന്നുവെന്നുള്ളതും യാഥാർത്ഥ്യമാണ്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നതുൾപ്പെടെ ഇവിടെ പ്രതിപാദിച്ച ഒട്ടനവധി വിഷയങ്ങൾ എത്രയോ വർഷങ്ങളായി മുന്നോട്ടുവയ്ക്കുന്നവയാണ്. പക്ഷേ ഇപ്പോഴും ഗവൺമെന്റ് അക്കാര്യങ്ങൾ പരിഗണനയിലെടുക്കുവാൻ തയ്യാറായിട്ടില്ലെന്നുള്ളത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്.

ഈ ബില്ലിലെ ഒന്നുരണ്ട് വിഷയങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ബില്ലിലെ 3-ാം വകുപ്പുപ്രകാരം കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റിയുടെ രൂപീകരണത്തിൽ, അതിലെ അംഗമായി ഭാരതസർക്കാരിന്റെ ക്ഷീരവികസന മന്ത്രാലയത്തിലെ ജോയിന്റ് കമ്മീഷണറെ ഉൾപ്പെടുത്താനായി നിഷ്കർഷിച്ചിട്ടുണ്ട്. ജോയിന്റ് കമ്മീഷണറെ ഉൾപ്പെടുത്താനായി നിഷ്കർഷിക്കുമ്പോൾ കമ്മിറ്റിയുടെ ചെയർപേഴ്സണായി

വരുന്നത് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറാണ്. ജോയിന്റ് കമ്മീഷണറും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറും തമ്മിലുള്ള പ്രോട്ടോക്കോളിൽ വ്യത്യാസം വരുന്നതിനാൽ ഇതെല്ലാം വലിയരീതിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ പോകുന്ന വിഷയമാണ്..

ഈ ബില്ലിന്മേൽ നേരത്തെ ഞാൻ നൽകിയിരുന്ന ഒബ്ജക്ഷൻ അവതരിപ്പിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഒട്ടനവധി സാങ്കേതിക തകരാറുകൾ ഇതിൽ കടന്നുവന്നിട്ടുണ്ടെന്ന് ഈ ബിൽ പരിശോധിക്കുമ്പോൾ മനസ്സിലാകും. അതുപോലെ, 5-ാം വകുപ്പിലും ഇതേരീതിയിൽ തന്നെയാണ് വരുന്നത്; "രജിസ്ട്രാർ, ചെയർപേഴ്സണുമായി കൂടിയാലോചിച്ച്, നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും, നിർണ്ണയിക്കപ്പെടുന്ന നടപടിക്രമങ്ങൾ പാലിച്ചും അതോറിറ്റിയുടെ യോഗം ചേരേണ്ടതാണ്."

അതോറിറ്റിയുടെ യോഗം ഏത് സന്ദർഭങ്ങളിലും ചേരാൻ കഴിയുമെങ്കിലും അപ്രകാരം യോഗം ചേരുമ്പോൾ ഒരു ജോയിന്റ് കമ്മീഷണറുടെ സാന്നിധ്യം ഉറപ്പുവരുത്താൻ കഴിയില്ല. അതിനാൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥനെ പകരം

ഉൾപ്പെടുത്താൻ കഴിയുന്ന നിലയിലുള്ള പ്രായോഗികമായ ഒരു ഇടപെടൽ അക്കാര്യത്തിലുണ്ടാകണം.

6-ാം വകുപ്പിൽ, 9 അംഗങ്ങളിൽ കൂടാത്ത വിദഗ്ധരുടെ ഒരു കൺസൾട്ടേറ്റീവ് പാനൽ അതോറിറ്റി തയ്യാറാക്കാനാണ് നിഷ്കർഷിച്ചിരിക്കുന്നത്. 9 അംഗങ്ങളെ കൂടാതെയുള്ള വിദഗ്ധരുടെ കൺസൾട്ടേറ്റീവ് പാനൽ തയ്യാറാക്കി അവരെ തിരഞ്ഞെടുക്കുമ്പോൾ ഈ അംഗങ്ങളുടെ യോഗ്യതയെയോ മാനദണ്ഡങ്ങളെയോ സംബന്ധിച്ച് യാതൊന്നും ഇവിടെ പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ നിങ്ങൾക്ക് ഇഷ്ടക്കാരെ തിരികിക്കയറ്റാനുള്ള അവസരം അതിലുണ്ടാകുമെന്നാണ് മനസ്സിലാകുന്നത്. അത്തരമൊരു പ്രൊവിഷൻ ഈ ബില്ലിലുള്ളതിനാൽ, അവരെ ഈ പാനലിലേയ്ക്കുൾപ്പെടുത്തി ആ രീതിയിൽ മുന്നോട്ടുപോകാനാണ് സാധ്യത. 9 പേരടങ്ങുന്ന വിദഗ്ധരുടെ ഒരു കൺസൾട്ടേറ്റീവ് പാനൽ രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുവെങ്കിൽ അവരുടെ യോഗ്യതയെ സംബന്ധിച്ച് റൂൾസിൽ കൊണ്ടുവരാനാണോ ഉദ്ദേശിക്കുന്നതെന്ന് ഇതിൽ

പ്രതിപാദിക്കേണ്ടതാണ്; പക്ഷേ അക്കാര്യം ആക്റ്റിൽ ഒരിടത്തും പ്രതിപാദിച്ചിട്ടില്ല.

8-ാം വകുപ്പിലെ 3-ാം ഉപവകുപ്പിൽ; "കന്നുകാലി പ്രജനനപ്രവർത്തനം നടത്തുന്ന പരിസരത്തിന്റെ ഉത്തരവാദപ്പെട്ട ആൾ അല്ലെങ്കിൽ മറ്റേതെങ്കിലും ആൾ അത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്" ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് എന്ന് അതോറിറ്റിക്ക് അഭിപ്രായം ഉള്ളപ്പോൾ, "അങ്ങനെയുള്ള ആളോട് വിനിർദ്ദേശിക്കപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ നൽകുവാൻ ആവശ്യപ്പെടുന്നതിന് അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്." എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾ ലംഘിച്ചാൽ ആ വ്യക്തിയിൽനിന്നും വിവരം ശേഖരിച്ച് അതോറിറ്റിക്ക് ആ വ്യക്തിക്കെതിരെ കേസ് കൊടുക്കാൻ കഴിയും. അതായത് വ്യക്തിക്കെതിരെ വ്യക്തിയിൽ നിന്നുതന്നെ വിവരം ശേഖരിച്ച് അദ്ദേഹത്തിനെതിരെ കേസ് കൊടുക്കാനും വ്യക്തി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തെളിവുകൾ

ഹാജരാക്കാനും അതോറിറ്റിക്ക് സാധിക്കും. ഒരു കുറ്റവാളിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ അയാൾക്കെതിരെ കേസെടുക്കുന്ന രീതിയിലേയ്ക്ക് ഇത് വരുന്നുവെന്നുള്ളതാണ് ഇതിൽ കാണാൻ സാധിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, കേരളത്തിലെ ക്ഷീരകർഷകർക്കും മറ്റ് വളർത്തുമൃഗങ്ങൾക്കും വേണ്ടി എല്ലാ ബ്ലോക്കിലും വെറ്ററിനറി വാഹനങ്ങൾ നൽകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അത് കുറച്ചുസ്ഥലത്ത് മാത്രമേ കൊടുക്കാൻ സാധിച്ചുള്ളൂ. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരിയിലെ മാടപ്പള്ളി ബ്ലോക്കുൾപ്പെടെയുള്ള പല ബ്ലോക്കിലും ഈ വാഹനം ലഭിച്ചിട്ടില്ല. അടിയന്തരമായി ഈ വാഹനം നൽകുകയാണെങ്കിൽ വെറ്ററിനറി സർജനുൾപ്പെടെയുള്ളവർക്ക് ആ ബ്ലോക്കിലെ ക്ഷീരകർഷകരുടെ വീട്ടിലെത്തി പരിശോധന നടത്താൻ സാധിക്കുകയും അതുവഴി ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനമുണ്ടാകുകയും ചെയ്യും. ഇതുമൂലം ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് സൂചിപ്പിച്ചത്, ആനിമൽ ആംബുലൻസിനെ സംബന്ധിച്ചാണെന്ന് തോന്നുന്നു. ആനിമൽ ആംബുലൻസ്

എറണാകുളം ജില്ലയിൽ രണ്ടിടത്തുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി ബ്ലോക്കിൽ ക്രമീകരിച്ചുവന്നിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിന്റെ നടപടികൾ കൂടുതൽ വേഗതയിലാക്കണമെന്നാണ് ബഹുമാനപ്പെട്ട ചങ്ങനാശ്ശേരി അംഗം പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്.

'Persons accused of a crime cannot be forced to be witness against themselves' എന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 20(3) പറയുന്ന തത്ത്വങ്ങളിലൊന്നാണ്. ഈ ആക്റ്റ് ഇവിടെ കൊണ്ടുവരുമ്പോൾ, നേരത്തേ പറഞ്ഞതിൽനിന്നുമുള്ള ലംഘനം ഈ ആക്റ്റിലെ 8-ാം വകുപ്പിലെ മൂന്നാം ഉപവകുപ്പുപ്രകാരമുള്ള വ്യവസ്ഥയിലൂടെ വരുന്നുവെന്നുള്ളതാണ് ഞാൻ ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുന്നത്.

ഈ ആക്റ്റ് പ്രകാരം രൂപീകരിക്കുന്ന അതോറിറ്റിയുടെ ലൈസൻസില്ലാതെ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾപോലും പ്രവർത്തിപ്പിക്കാൻ കഴിയുകയില്ലെന്ന 9-ാം വകുപ്പിലെയും 11-ാം വകുപ്പിലെയും വ്യവസ്ഥ ഞങ്ങൾ നേരത്തേ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി

ഔദ്യോഗിക ഭേദഗതിയിലെ 11-ാം വകുപ്പിൽ അത് മാറ്റിയതായി കാണാൻ കഴിഞ്ഞു. പക്ഷേ 9-ാം വകുപ്പിൽ കേന്ദ്ര സ്ഥാപനത്തിന് ഇവിടെ ആരംഭം കുറിക്കാൻ കഴിയുകയില്ലെന്ന് ഇപ്പോഴും കാണുന്നതിനാൽ 9-ാം വകുപ്പിലും അത് മാറ്റേണ്ടിവരും. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അവതരിപ്പിക്കുമ്പോൾ അത് പരിഗണിക്കേണ്ട വിഷയമാണ്.

23-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്, local stand-നെ സംബന്ധിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്; "അതോറിറ്റിയുടെയോ അല്ലെങ്കിൽ അതോറിറ്റി ഇതിനായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കാൻ പാടില്ലാത്തതാകുന്നു." എന്നാണ്. അതോറിറ്റിയെടുക്കുന്ന ഏതെങ്കിലുമൊരു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകന് പ്രയാസമുണ്ടായാൽ ഈ കർഷകൻ എവിടെ പരാതിപ്പെടും? ഈ അതോറിറ്റി കൊണ്ടുവരുന്ന വിഷയത്തിന്മേൽ ഒരു കർഷകന് നീതി ലഭിക്കുന്നതിനായി അദ്ദേഹം

ആഗ്രഹിച്ച ഉൽപ്പന്നത്തിലേയ്ക്കല്ല വരുന്നതെങ്കിൽ അദ്ദേഹത്തിന് പരാതിപ്പെടാനുള്ള സാഹചര്യം ഇവിടെ നിഷേധിക്കപ്പെടുന്നു. അതിനാൽ ആ ഒരു സാഹചര്യം ഒഴിവാക്കി ആർക്കും കോടതിയെ സമീപിക്കാൻ കഴിയുന്നനിലയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കണം. അതായത് കർഷകനും local stand ലഭിക്കത്തക്കനിലയിൽ ഇക്കാര്യം നമുക്ക് മുന്നോട്ടുവയ്ക്കേണ്ടതായുണ്ട്. കർഷകരുടെ പൊതുതാല്പര്യം നിഷേധിക്കുന്നുവെന്ന കാര്യങ്ങൾ ഉയർന്നുവരുമെന്നതിനാലാണ് ഞാൻ ഈ ബില്ലിലെ ഒന്നുരണ്ട് വിഷയങ്ങൾ ചൂണ്ടിക്കാട്ടിയത്.

ശ്രീ. എം. വിൻസെന്റ് ഉൾപ്പെടെയുള്ളവർ നേരത്തേ പറഞ്ഞതുപോലെ, ക്ഷീരവികസന മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി, ശ്രദ്ധിക്കപ്പെടേണ്ട കാര്യങ്ങളിലൊന്നായതിനാൽ അക്കാര്യത്തിൽ ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമാണ്. ഇൻഷ്വറൻസ് പദ്ധതികളുടെ പോരായ്മകളും പാലിന്റെ വില വർധിപ്പിക്കണമെന്നുള്ള പ്രശ്നങ്ങളും ഇൻസെന്റീവ് വർധിപ്പിച്ച് നൽകണമെന്നുള്ള വിഷയങ്ങളെല്ലാം നിലനിൽക്കുകയാണ്. കർഷകർക്ക്

ലഭിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം സംബന്ധിച്ച് നിയമങ്ങൾ പാസാക്കിയിട്ടുണ്ടെങ്കിലും അതിന്റെ പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്.

ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്താൻ കഴിയുന്ന സാഹചര്യങ്ങൾ കൊണ്ടുവരണമെന്നത് വർഷങ്ങളായി ആവശ്യപ്പെടുന്ന വിഷയങ്ങളാണ്. ധനകാര്യവകുപ്പ് പണം നൽകാത്തതിനാൽ കന്നുകാലി ഇൻഷ്വറൻസ് മുടങ്ങി. ഗോസമൃദ്ധി പദ്ധതിക്കായി ബജറ്റിൽ നീക്കിവച്ച 6 കോടിരൂപ ധനകാര്യവകുപ്പ് മൃഗസംരക്ഷണ വകുപ്പിന് കൈമാറാത്തതാണ് പദ്ധതി നടത്തിപ്പിന് തടസ്സമായി നിൽക്കുന്നത്. ഇത് കഴിഞ്ഞ സാമ്പത്തികവർഷത്തിലുണ്ടായ ഒരു വിഷയമാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾക്കുപോലും ധനകാര്യവകുപ്പിന്റെ ഭാഗത്തുനിന്നും ഉദാരമായ സമീപനമുണ്ടാകുന്നില്ല. കർഷകരെ സംബന്ധിച്ച് അവർ വളരെ പ്രതീക്ഷയോടെ നോക്കിക്കാണുന്ന ഗോ സമൃദ്ധി പദ്ധതി മുടങ്ങിപ്പോകാതെ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയുന്ന നിലയിലേയ്ക്കെത്തിക്കാൻ സാധിക്കണം.

കർഷകരെ വളരെയേറെ പ്രയാസപ്പെടുത്തുന്ന ഒന്നാണ് കാലിത്തീറ്റ വിലവർധന. ഇതിന്റെ ഗുണനിലവാരം സംബന്ധിച്ച് ആദ്യമേ സൂചിപ്പിച്ചു.

കാലിത്തീറ്റയുടെ വില നിയന്ത്രണവിധേയമാക്കാനും കർഷകർക്ക് ആയത് ലഭ്യമാക്കാനുമുള്ള നടപടികൾ ഉണ്ടാവുകയെന്നതും ആവശ്യമാണ്. അതോടൊപ്പം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്യാത്ത, വീട്ടുകളിൽ പാൽ കൊടുക്കുന്ന അനവധി കർഷകരുണ്ട്. ക്ഷീരകർഷകർ പലതരമാണ്. സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്യാത്തതിനാൽ അവർ പലപ്പോഴും എല്ലാ ആനുകൂല്യങ്ങളിൽനിന്നും പുറത്താണ്. വളരെ നാമമാത്രമായ ചെറുകിട കർഷകർക്ക് മറ്റുരീതിയിലേയ്ക്ക് പോകാൻ സാധിക്കാത്ത പല കാരണങ്ങളും പ്രായോഗികമായ പ്രശ്നങ്ങളുമൊക്കെയുണ്ടാകാം. അങ്ങനെയുള്ളവർക്ക് പലപ്പോഴും ഈ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനാൽ അപ്രകാരം രജിസ്റ്റർ ചെയ്യാത്തതും സൊസൈറ്റിയിൽ പേരുകൊടുക്കാത്തതുമായ കർഷകരെക്കൂടി ഈ മേഖലയിലുൾപ്പെടുത്തി നീങ്ങാൻ കഴിയുകയെന്നത് ആവശ്യമാണ്. സംഘങ്ങളുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ തന്നെയാണ് മുന്നോട്ടുപോകുന്നതെങ്കിലും അതിലൊരു പരിശോധന ആവശ്യമാണ്. കൂടാതെ സംഘങ്ങളിൽ പല ജില്ലകളിൽനിന്നും ലഭിക്കുന്ന പരാതികളുടെമേൽ കൃത്യമായ പരിശോധനകൾ നടത്തുമ്പോൾ അവിടെ ഉദ്യോഗസ്ഥരുടെ മേധാവിത്വം

ഉണ്ടാകണമെന്നല്ല ഞാൻ ഉദ്ദേശിച്ചത്. അതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം. നല്ല രീതിയിൽ ഉൽപാദനം വർധിപ്പിക്കാനാണ് ഈ ബിൽ ലക്ഷ്യം വച്ചിരിക്കുന്നത്. ബീജത്തിൽ ഉറപ്പുവരുത്തേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്; അത് ഡിസ്സീസ് റെസിസന്റായിരിക്കണം, ബ്രീഡിംഗ് ക്യാപ്പബിലിറ്റിയും പ്രൊഡക്റ്റിവിറ്റിയും ഉണ്ടാകണം, ഇത്തരം കാര്യങ്ങളെല്ലാം നിർബന്ധമായും ഉറപ്പുവരുത്താൻ സാധിക്കണം. ഇതിൽ ക്വാളിറ്റി എൻഷ്വർ ചെയ്യാൻ സാധിക്കുകയെന്നതാണ് ആവശ്യം. ആ ക്വാളിറ്റി എൻഷ്വർ ചെയ്യാനുള്ള ഒരു പ്രൊവിഷൻ ഈ ബില്ലിൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. നിയമവും നിയമത്തിന്റെ പരിരക്ഷയും ഓരോ മേഖലയിലും കൊണ്ടുവരുന്നു. ഇതുവഴി ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതും കർഷകർ ആഗ്രഹിക്കുന്നതും ക്വാളിറ്റി എൻഷ്വർ ചെയ്യുകയെന്നതാണ്. ക്വാളിറ്റി എൻഷ്വർ ചെയ്ത് അതിനൊരു മാനദണ്ഡം നിർബന്ധമാക്കി മുന്നോട്ടുപോകാനും അത് ഇംപ്ലിമെന്റ് ചെയ്യാനും സാധിക്കുമ്പോഴാണ് ഈ ബിൽ പരിപൂർണ്ണമായും വിജയിച്ചുവെന്ന് പറയാൻ സാധിക്കുന്നത്. അതിനുവേണ്ടിയുള്ള ഇടപെടലുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ക്ഷീരകർഷക മേഖലയെ സംരക്ഷിച്ച് നിർത്താൻ സാധിക്കുന്ന കൃത്യമായ

ഇടപെടലുകൾ തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇപ്പോൾ എടുക്കുന്ന നടപടികൾക്ക് കൂടുതൽ കൃത്യത ഉറപ്പുവരുത്താൻ സാധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ വിയോജനം ഒരിക്കൽക്കൂടി രേഖപ്പെടുത്തുകയാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലും 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലും നമ്മുടെ മുന്നിൽ ചർച്ചയ്ക്ക് വന്നിരിക്കുകയാണ്. ഈ സന്ദർഭത്തിൽ എന്റെ വിയോജനം രേഖപ്പെടുത്തുന്നു. വെറ്ററിനറി സർവ്വകലാശാല ഇന്നും ശൈശവദശ പിന്നിട്ടിട്ടില്ലെന്നുള്ളതാണ് വസ്തുത. ഒരു കോളേജിന്റെ നിലവാരത്തിലേക്കുപോലും ആ സർവ്വകലാശാലയെ ഇതിനകം നമുക്ക് ഉയർത്താൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത നിഷേധിക്കാൻ സാധിക്കില്ല. ആ സർവ്വകലാശാലയ്ക്ക് ഒരു മാസം പ്രവർത്തിക്കാൻ 14 കോടി രൂപ ആവശ്യമാണ്. അവിടെ grant-in-aid ആയി 7.8 കോടി രൂപയും ഇന്റേണൽ റവന്യൂ ആയി 1.6 കോടി രൂപയും മാത്രമാണുള്ളത്. അവിടത്തെ വരവുചെലവ് കണക്കുകളും അതിന്റെ പാസ്സാക്കലും മറ്റ് കാര്യങ്ങളുമൊക്കെ ചർച്ചയ്ക്കെടുക്കുമ്പോൾ ആ

സർവ്വകലാശാലയെ സ്വന്തം കാലിൽ നിർത്താനുള്ള സാമ്പത്തിക പിന്തുണ നൽകാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇവിടെ കേരള കന്നുകാലി പ്രജനന ബിൽ സംബന്ധിച്ച്...., കേന്ദ്രം ഇങ്ങനെയൊരു ബിൽ പാസ്സാക്കി, അപ്പോൾ നമ്മളും ആവേശത്തൊടുകൂടി ആ വഴിക്കുപോയി ഒരു ബിൽ പാസ്സാക്കുന്നു. ഇതിനുമുമ്പ് കാലിത്തീറ്റ നിയന്ത്രണ ബിൽ കേന്ദ്രം പാസ്സാക്കി. അതിന് പിന്നാലെ നമ്മളും ഒരു ബിൽ പാസ്സാക്കി. കേന്ദ്രം എന്തൊക്കെ ചെയ്യുന്നോ അതിന് പിന്നാലെ പോകുന്നൊരു നയമായി നമ്മുടെതും മാറിയിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുത്. ഈ നിയമങ്ങളും സംവിധാനങ്ങളുമൊക്കെ രൂപീകരിക്കുമ്പോൾ കാർഷിക മേഖലയിൽ, മൃഗസമ്പത്തിന്റെ കാര്യത്തിൽ കൂടുതൽ കരുത്ത് പകരാനും മെച്ചപ്പെട്ട സംവിധാനം സൃഷ്ടിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്. ഈ ബിൽ വരുന്നതോടുകൂടി അന്തകവിത്ത് എന്ന ബഹുരാഷ്ട്ര കുത്തകകളുടെ ഒരു താൽപ്പര്യം ഭംഗിയായി നടക്കാൻ പോകുകയാണ്. നാടൻ സംവിധാനങ്ങൾ കേരളത്തിലുണ്ടായിരുന്നത് അറ്റുപോയിക്കൊണ്ടിരിക്കുകയാണ്. ഈ രീതിയിലല്ലാതെ പ്രജനനം നടത്താൻ കഴിയാത്തൊരു സാഹചര്യം നമ്മുടെ നാട്ടിലുണ്ടാകും. അപ്പോൾ നാടൻ പശുക്കളെയും നാടൻ സംവിധാനങ്ങളെയും

സംരക്ഷിക്കാനുള്ള സംവിധാനങ്ങൾകൂടി നിലനിർത്തണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ലോകത്തിൽവച്ച് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യമാണ് നമ്മുടേത്. കേരളവും ഇതിൽ പിന്നിലല്ല. കാർഷിക മേഖലയിലെ മൊത്തം വരുമാനത്തിന്റെ 12.14 ശതമാനവും ക്ഷീരമേഖലയിൽനിന്ന് നമുക്ക് നേടിയെടുക്കാൻ കഴിയുന്നതെന്നതാണ് വസ്തുത. 2007-ലെ സെൻസസനുസരിച്ച് 35.8 ലക്ഷം കന്നുകാലികളാണ് ഇവിടെ ഉണ്ടായിരുന്നത്. അത് 2019-ൽ എത്തിയപ്പോൾ 26.9 ആയി ചുരുങ്ങിയെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. ഈ ബിൽ പാസ്സാക്കിയെടുക്കുമ്പോൾ നാം കാണേണ്ടത്, കർഷകർക്ക് ആവശ്യം വരുമ്പോൾ ബീജമാത്രുകൾ ലഭ്യമാക്കാൻ നമുക്ക് സാധിക്കണം. ബീജമാത്രുകൾ ലഭിക്കേണ്ട സമയത്ത് ലഭ്യമാകാത്തതുകൊണ്ട് സ്വകാര്യമേഖലയിൽ പോയി അത് വാങ്ങുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഇത് ആവശ്യത്തിന് ലഭ്യമാക്കുവാൻ നമുക്ക് സാധിക്കണമെന്നുള്ള വസ്തുതയുണ്ട്. അംഗീകൃത കേന്ദ്രങ്ങളിൽനിന്ന് കുത്തിവച്ച ഒരു ജെഴ്സി പശുവിന് പിറന്ന കുട്ടി വളർന്നപ്പോൾ വേറൊരു ഇനത്തിൽപ്പെട്ടതായിപ്പോയി. അംഗീകൃത

കേന്ദ്രത്തിൽനിന്നാണ് ബീജമാത്രകൾ സ്വീകരിച്ചത്. ഇക്കാര്യം എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. വാർത്തയിലും വന്ന കാര്യമാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; ബീജമാത്രയുടെ ക്വാളിറ്റിയിൽ സംരക്ഷണമുണ്ടാകണം. അതുപോലെ യഥാസമയം ഇത് ലഭ്യമാക്കാനും ശ്രമിക്കണം. അല്ലാതെ ഒരു ബിൽ പാസ്സാക്കിയതിനുശേഷം കർഷകരെ നടുക്കടലിലാക്കുന്നൊരു സാഹചര്യം ഉണ്ടാകരുത്. ഇവിടെ തള്ളപ്പശുവിൽനിന്നും 20 ലിറ്റർ പാൽ ലഭിക്കും. നമ്മൾ കുത്തിവച്ചുണ്ടാക്കി ചെന പിടിപ്പിച്ച് ഗർഭംധരിച്ച് പിറന്ന കുഞ്ഞ് വളർന്നുവന്ന് അത് പ്രസവിച്ച് പാൽ ചുരത്തിയപ്പോൾ 5 ലിറ്റർ പാൽ മാത്രമെ ലഭിച്ചിട്ടുള്ളൂ. എന്തിനാണ് ഈ രീതിയിൽ നമുക്കൊരു പരീക്ഷണം; അപ്പോൾ ഇങ്ങനെയുള്ള ദുർഗതി കർഷകർക്ക് ഉണ്ടാകരുത്. അതുകൊണ്ട് നല്ല രീതിയിൽ ബീജമാത്രകൾ ശേഖരിക്കുകയും സൂക്ഷിക്കുകയും അതിന് സംരക്ഷണം നൽകുകയും വേണം. അത് കൃത്യമായി വിതരണം ചെയ്യാനുള്ള സംവിധാനങ്ങളും ആവശ്യപ്പെടുന്ന നേരത്ത് കർഷകർക്കെത്തിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാകണം. വേണമെങ്കിൽ ബ്ലോക്കുതലത്തിലും കിടാരി പാർക്കുകൾ

ആരംഭിക്കാവുന്നതാണ്. ആധുനിക പ്രജനന സംവിധാനമനുസരിച്ച് വളർന്നുവരുന്ന മൃഗങ്ങൾക്ക് പ്രതിരോധശേഷിയും ആയുസ്സും കുറവാണെന്നൊരു അഭിപ്രായം കർഷകർക്കിടയിലുണ്ട്. പെട്ടന്ന് രോഗം വരുന്നതും കൂടുതൽകാലം ജീവിത ദൈർഘ്യം ലഭിക്കാത്തതും ഈ രീതിയിൽ വളർത്തിയെടുക്കുന്ന മൃഗങ്ങൾക്കാണെന്നത് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. നാടൻ കന്നുകാലികൾക്ക് ഇതിനെക്കാൾ കൂടുതൽ ആയുസ് ലഭിക്കുന്നതായും പ്രതിരോധശേഷി കൂടുതലുണ്ടെന്നും അഭിപ്രായമുണ്ട്. രാജ്യത്തൊട്ടാകെ കർഷകരുടെ വരുമാനം കുറഞ്ഞുവരുന്നൊരു സാഹചര്യമാണ് പ്രത്യേകിച്ചും ക്ഷീരകർഷകർക്കിടയിൽ ഇപ്പോഴുള്ളത്. NABARD-ന്റെയും India Ratings and Research എന്ന ഏജൻസിയുടെയും ഒരു പഠനത്തിൽ, രാജ്യത്തെ ഒരു കർഷകന്റെ ശരാശരി പ്രതിമാസ വരുമാനം 3140 രൂപ മാത്രമാണ്. ഗുജറാത്തിലെ ക്ഷീരകർഷകരാണ് വരുമാനത്തിന്റെ കാര്യത്തിൽ കുറച്ച് മുന്നിൽ നിൽക്കുന്നത്. ഈ രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധികളെല്ലാം കണക്കിലെടുത്തുവേണം നാം മുന്നോട്ടുപോകേണ്ടത്. പ്രജനനതോത്

സംസ്ഥാനത്തും രാജ്യത്തെന്നപോലെ കുറഞ്ഞുവരികയാണ്. ഒരു തവണ പ്രസവിച്ചാൽ ഗർഭാശയത്തിൽ അണുബാധയുണ്ടാകും. ഗർഭാശയം ശുചീകരിച്ചതിനുശേഷമാണ് പിന്നീട് ബീജമാത്രകൾ നിക്ഷേപിക്കേണ്ടത്. കർഷകന് അപ്പോൾ വരുന്ന ചെലവ് ചെറുതല്ലെന്നറിയാമല്ലോ? അതുപോലെ ഹോർമോണുകൾ ഈ മൃഗങ്ങൾക്ക് നൽകേണ്ടതുണ്ട്. ധാതുലവണത്തിന്റെ കുറവും ആ സമയത്തുണ്ടാകുന്നു. ഇങ്ങനെവരുമ്പോൾ കർഷകന്റെ ഉൽപ്പാദനച്ചെലവ് എത്രയോ ഇരട്ടിയായി വർധിക്കുന്ന സാഹചര്യമുണ്ടെന്ന വസ്തുത നിങ്ങൾ കാണാതെ പോകരുത്. കർഷകന്റെ ഭാരം കുറച്ച് അവരെ സഹായിക്കാനുള്ള സംവിധാനം കൂടിയുണ്ടാകണം. കേരളത്തിൽത്തന്നെ Holstein Friesian, വെച്ചൂർ, ജേഴ്സി തുടങ്ങിയയിനം പശുക്കൾ കുറഞ്ഞുവരുകയാണ്. എവിടെയ്ക്കാണ് ഇത് ചെന്നെത്തുന്നത്. ബഹുരാഷ്ട്രകുത്തകയുടെ ഒരു താൽപ്പര്യമെന്നരീതിയിൽ നമ്മൾ ഇതിന്റെ പിന്നാലെ പോകുമ്പോൾ അനിവാര്യമായ ചില ഘട്ടങ്ങളുണ്ടാകും, എന്നാൽ അതിനെ എങ്ങനെ അതിജീവിക്കാനാകുമെന്നുകൂടി കേരളത്തിലെ കർഷകരെ മുമ്പിൽകണ്ടുകൊണ്ട് നാം ആലോചിക്കേണ്ടതുണ്ട്. കർഷകർക്ക് ഒരു ലിറ്റർ

പാലിന് നാല് രൂപ വീതം സബ്സിഡിയായി നൽകുമെന്ന് പ്രഖ്യാപിച്ചതാണ്. അതിൽ മൂന്ന് രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്നുണ്ട്. എന്നാൽ നമ്മുടെ സർക്കാർ നൽകേണ്ട ഒരു രൂപ നൽകുന്നില്ല. നാളികേര കർഷകർക്കും മറ്റുകർഷകർക്കുമുള്ള സബ്സിഡി വിഹിതം ഒരു വർഷമായി സംസ്ഥാന സർക്കാർ നൽകാത്തതുപോലെ മൂന്നുവർഷമായി ക്ഷീരമേഖലയിൽ സംസ്ഥാന സർക്കാർ വിഹിതവും ലഭിക്കുന്നില്ല. ആകെ ഒരു മാസത്തിൽ ഒരുരൂപ മാത്രമാണ് സംസ്ഥാന സർക്കാർ നൽകിയത്. ഈ സബ്സിഡികൊണ്ട് ക്ഷീര കർഷകർക്ക് പിടിച്ചുനിൽക്കാൻ സാധിക്കില്ലെന്ന് നമുക്കറിയാം. അതുകൊണ്ട് സബ്സിഡി തുക അഞ്ച് രൂപയെങ്കിലുമാക്കി ഉയർത്തുകയും മൂന്ന് രൂപ തദ്ദേശസ്വയംസ്ഥാപനങ്ങളും രണ്ട് രൂപ സംസ്ഥാന സർക്കാരും നൽകുന്ന ഒരു സാഹചര്യമുണ്ടാക്കേണ്ടതുണ്ട്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി ഇതൊന്നുമല്ല. താങ്കൾ അത് കണ്ടില്ലെന്നുതോന്നുന്നു. പത്ത് രാജ്യങ്ങളിൽനിന്ന് ഇറക്കുമതിക്ക് ഇപ്പോൾ അനുമതി നൽകിക്കഴിഞ്ഞു. അതുപോലെ ഇവിടെ വാൾമാർട്ടിന് ഡയറിഫാം ആരംഭിക്കാൻ അനുമതി

നൽകിക്കഴിഞ്ഞു. ‘ Lactalis’ എന്ന കമ്പനി ഇന്ത്യയിൽവന്ന് പിടിമുറുക്കിയിരിക്കുകയാണ്. തിരുമല ഡയറി, മദ്ധ്യ ഇന്ത്യയിലെ അനിക് ഡയറി, പടിഞ്ഞാറൻ ഇന്ത്യയിലെ പ്രഭാത് ഡയറി എന്നിവയൊക്കെ ആ കമ്പനി ഏറ്റെടുത്തുകഴിഞ്ഞു. ജൈവ-അജൈവ പാൽ എന്നുപറഞ്ഞ് toned milk പുറത്തിറക്കി. അതിൽ വൈറ്റമിൻ 'സി', 'ഡി' എന്നിവയുണ്ടെന്ന് പറയുന്നുണ്ട്. 150 മില്ലിഗ്രാമിന് 10 രൂപ നിരക്കിൽ അത് പുറത്തിറക്കിയിരിക്കുകയാണ്. ആ പാലായിരിക്കും പ്രധാനപ്പെട്ടവരൊക്കെ വാങ്ങി ഉപയോഗിക്കുന്നത്. നമ്മുടെ നാട്ടിലെ പാവപ്പെട്ട സ്ത്രീകളായിരിക്കും ഇതിന്റെ ദുരിതം അനുഭവിക്കുന്നത്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി അമേരിക്കയിൽ പോയതിനുശേഷം പാലും പാലുൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുകയാണ്. അവിടെ വലിയ രീതിയിലുള്ള സബ്സിഡി നൽകിയാണ് അത് ഇറക്കുമതി ചെയ്യുന്നത്. അങ്ങനെ വന്നാൽ നമ്മുടെ ക്ഷീരമേഖല മുഴുവൻ തകരുന്ന ഒരു സ്ഥിതിയുണ്ടാകും. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരായി നമ്മൾ യോജിച്ച് നിൽക്കേണ്ടതല്ലേ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്ങ് ഇതിലെടപെടുമെന്ന് എനിക്ക് അറിയാമായിരുന്നു. വളരെ പ്രധാനപ്പെട്ട

കാര്യമാണ് അങ്ങ് ഇവിടെ ഉന്നയിച്ചത്. ആ രീതിയിൽ പുറത്തുനിന്ന് വരുന്ന ബഹുരാഷ്ട്രകുത്തകകളുടെ ഉൽപ്പന്നങ്ങൾ നമ്മളും വാങ്ങാൻ നിർബന്ധിതാരാകും. അവരുടെ ഉൽപ്പന്നങ്ങൾ ഇവിടെ വളരെ സമൃദ്ധമായി വിതരണം ചെയ്യാനുള്ള ഒരു വകുപ്പുകൂടിയാണ് ഈ നിയമത്തിലൂടെ വരാൻ പോകുന്നത്. ഈ ഉൽപന്നങ്ങൾ നമ്മൾ വാങ്ങാൻ നിർബന്ധിതരായിരിക്കുകയാണ്. നമ്മുടെ സ്വന്തം നാടൻ ഉൽപ്പന്നങ്ങളില്ലാതാകുന്ന അവസ്ഥയുണ്ടാകും. ബഹുരാഷ്ട്രകുത്തകകളുടെ താൽപ്പര്യങ്ങൾക്ക് പിന്നാലെയാണ് നമ്മൾ പോകുന്നത്. ശ്രീ. നരേന്ദ്ര മോദി അമേരിക്കയിൽച്ചെന്ന് നിയമം രൂപീകരിക്കുകയാണ്. അത് കണ്ട് സംസ്ഥാന സർക്കാരും നിയമം രൂപീകരിക്കാൻ പോകുകയാണ്. ഇതിനെ എതിർക്കാൻ നമ്മൾ ഒന്നിച്ചുനിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് അവർക്ക് അനുകൂലമായ നിയമങ്ങളല്ല കൊണ്ടുവരേണ്ടത്. അതിനെതിരെയുള്ള ബഹുജനപ്രക്ഷേപത്തിന് ഞങ്ങൾ തയ്യാറാണ്. ഭരണപക്ഷം കൂടെ നിൽക്കുമോ?

ചെയർപേഴ്സൺ: സമയം തീരെ കുറവാണ്, പ്രസംഗം കുറച്ചുകൂടി ചുരുക്കണം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിമാർതന്നെ ഇടപെട്ട് സംസാരിക്കുമ്പോൾ അതിന് മറുപടി പറയാതിരിക്കുന്നത് ശരിയല്ലല്ലോ?

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മന്ത്രി നല്ല നിർദേശമാണ് വച്ചത്. അത് സ്വീകരിക്കാമോ?

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ആ നിർദേശം സ്വീകരിച്ചുകൊണ്ട് യോജിച്ചൊരു പ്രക്ഷോപം വേണമെന്നതാണ് എന്റെ അഭിപ്രായം. ഈ രീതിയിൽ നിയമം രൂപീകരിച്ച് മുന്നൊട്ടുപോകുകയല്ല വേണ്ടത്. അതിനെതിരായ ചർച്ചയും ചിന്തയും നാം വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കണം. തീറ്റപ്പുൽ വളർത്തലിനുള്ള സംവിധാനങ്ങൾ പ്രഖ്യാപിച്ചതാണ്. അഞ്ച് ഏജൻസികൾ ഇവിടെ തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. പക്ഷെ കർഷകന് ആവശ്യത്തിന് തീറ്റപ്പുൽ ലഭിക്കുന്നില്ല, അവർക്ക് സബ്സിഡിയും ലഭിക്കുന്നില്ല. അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 'ഗോ സമൃദ്ധി' പദ്ധതി മുടങ്ങിപ്പോയി. മൃഗങ്ങളെയും കർഷകരെയും ഇൻഷ്വർ ചെയ്യുന്ന രീതിയുണ്ടായിരുന്നത് ഇപ്പോൾ നിലവിലില്ല.

<u>ചെയർപേഴ്സൺ</u>: സമയം അനന്തമായി പോകരുത്, പ്രസംഗം ചുരുക്കണം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പുതിയ ഇൻഷ്വറൻസ് സംവിധാനം ആരംഭിച്ചെങ്കിലും അത് പ്രായോഗികമായില്ല. അങ്ങനെ കർഷകൻ അന്താളിച്ചുനിൽക്കുന്ന ഒരു സാഹചര്യമാണിപ്പോഴുള്ളത്. മൃഗങ്ങളെയും കർഷകനെയും സംയുക്തമായി ഇൻഷ്വർ ചെയ്യുന്ന സംവിധാനമാണുണ്ടാകേണ്ടത്. തിരൂരിലെ വെറ്ററിനറി ഹോസ്പിറ്റൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് അറിയാവുന്നതാണ്. ആ ഹോസ്പിറ്റൽ കെട്ടിടത്തിന് ആവശ്യമായ തുകയുടെ പകുതി മാത്രമേ കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ളൂ. ബാക്കി തുക ഈ വർഷം ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ആ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിന് ആവശ്യമായ ബാക്കി തുക കൂടി അനുവദിച്ചുതരണമെന്നുകൂടി സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വാഴൂർ സോമൻ): സർ, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ അവതരിപ്പിച്ച 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെയും 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിനെയും ഞാൻ പിന്താങ്ങുകയാണ്. ക്ഷീര മേഖലയെയും ക്ഷീര കർഷകരെയും സംരക്ഷിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും എൽ.ഡി.എഫ്. സർക്കാരിനും എന്റെ അഭിവാദ്യങ്ങൾ അറിയിക്കുന്നു. ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ മൃഗസംരക്ഷണ അനുബന്ധ പരിപാലന പ്രവർത്തനങ്ങളിലും മൃഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിവിധ മേഖലകളിലും പ്രവർത്തിക്കുന്ന പൊതുജനങ്ങൾ, സംരംഭകർ, കർഷകർ എന്നിവർക്കായി സംസ്ഥാനത്തെ മൃഗസമ്പത്തിലും വളർത്തുമൃഗാധിഷ്ഠിതമായ വിവിധ സംരംഭങ്ങളിലും സമൂലമായ മാറ്റം കൊണ്ടുവരുന്നതിനായി കേരള വെറ്ററിനറി യൂണിവേഴ്സിറ്റി വിവിധ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ടെന്നതിൽ അതിയായ സന്തോഷമുണ്ട്. പാൽ, മാംസം, മുട്ട എന്നിവയുടെ ഉൽപ്പാദന വർദ്ധനവിനും മൂല്യവർദ്ധനവിനും കേരള വെറ്ററിനറി സർവകലാശാല വിവിധ ശാസ്ത്രീയ ഇടപെടലുകൾ

നടത്തുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 'ഗോ സമൃദ്ധി' പദ്ധതിയിൽ അംഗമാകുന്ന ക്ഷീരകർഷകന് അപകടമരണമോ, പൂർണ്ണമായോ ഭാഗീകമായോ അംഗവൈകല്യം സംഭവിക്കുകയോ അവരുടെ കാലികൾ മരണമടയുകയോ ചെയ്യുമ്പോൾ അവർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻവേണ്ടിയുള്ള സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചത് ക്ഷീരകർഷകർക്ക് വലിയ ആശ്വാസം പകരുന്നതാണ്. 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കന്നുകുട്ടിയുടെ വളർച്ച, കാലിത്തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ, ശാസ്ത്രീയ പരിപാലനം എന്നിവയ്ക്കായി പ്രത്യേക കന്നുകാലി വികസന ഗോ വർദ്ധന പദ്ധതികൾ, സംസ്ഥാനത്തെ മുഴുവൻ പശുക്കൾക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതികൾ, കുളമ്പ് രോഗം, പേവിഷബാധ, ചർമ്മമുഴ തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പ്രത്യേക പദ്ധതികൾ, കർഷകരെ കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ, വെള്ളം, പാലും പാൽ ഉൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് NABL Accreditations-ഓടുകൂടിയ സ്റ്റേറ്റ് ലാബും റീജിയണൽ ലാബുകളും പ്രവർത്തിച്ചുവരികയാണ്. സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം 8.5 കോടി രൂപ തീറ്റപ്പുൽ കൃഷി വികസന പദ്ധതിയ്ക്ക് അനുവദിച്ചു. 6350 ഹെക്ടർ സ്ഥലത്ത് അധികമായി തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ചു. 10.79 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉൽപ്പാദിപ്പിച്ചു. കുടുബശ്രീയുമായി സഹകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതി നടപ്പിലാക്കിവരുന്നുവെന്നത് ക്ഷീര കർഷകരോടൊപ്പമാണ് സർക്കാരെന്നുള്ളതിന്റെ തെളിവാണ്. കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി 2024-25 സാമ്പത്തികവർഷം 42.5 കോടി രൂപയും ക്ഷീര വികസന മേഖലയ്ക്കായി 109.25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ ' The Rural Dairy Extension and Advisory Service' എന്ന പദ്ധതിക്ക് 11.4 കോടി രൂപയും ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായമായി 22.55 കോടി രൂപയും വകയിരുത്തിയത് പ്രത്യേകമെടുത്തുപറയേണ്ട കാര്യമാണ്. സംസ്ഥാനത്തിന്റെ ക്ഷീര കർഷക മുന്നേറ്റത്തിൽ ഗണ്യമായ വർദ്ധനവാണ് സൃഷ്ടിച്ചിരിക്കുന്നത്. കോഴി, താറാവ്, പന്നി എന്നിവയെ വളർത്തുന്ന കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ് പന്നിപ്പനി, ചർമ്മമുഴ തുടങ്ങിയവയുടെ വ്യാപനവും അതുമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും. പക്ഷിപ്പനി വ്യാപിച്ചതുമൂലം ആലപ്പുഴ

ജില്ലയിൽ മാത്രം കഴിഞ്ഞവർഷം ഒക്ടോബർ മുതൽ ഈ വർഷം ജനവരി വരെ അഞ്ചുലക്ഷത്തോളം പക്ഷികളെ കൊന്നൊടുക്കേണ്ടിവന്നു. വളർത്തുപക്ഷികളെ കൊന്നുനശിപ്പിച്ചയിനത്തിൽ 97.88 ലക്ഷം രൂപയുടെയും പക്ഷികൾ ചത്തയിനത്തിൽ 16.34 ലക്ഷം രൂപയുടെയും നഷ്ടമാണുണ്ടായത്. യഥാസമയം കേന്ദ്രസർക്കാരിൽ നിന്നുള്ള ധനസഹായമൊന്നുംതന്നെ ലഭിക്കുന്നില്ലെന്നുള്ളത് ഒരു യാഥാർഥ്യമാണ്. 2014 മുതൽ 2022 മാർച്ച് 31 വരെ സംസ്ഥാനത്ത് നഷ്ടപരിഹാരമായി 22.5 കോടി രൂപ നൽകേണ്ടിവന്നു. പക്ഷിപ്പനി, ആഫ്രിക്കൻ പന്നിപ്പനി എന്നിവമൂലം നഷ്ടം സംഭവിച്ചവർക്ക് യഥാക്രമം 17.5 കോടി രൂപയാണ് കേരളം അനുവദിച്ചത്. കേന്ദ്രസർക്കാർ വിഹിതം ചേർത്തുള്ള തുകയാണ് സംസ്ഥാന സർക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ നൽകിയതെന്നത് ഇവിടെ എടുത്തുപറയേണ്ട കാര്യമാണ്. മൃഗസംരക്ഷണത്തിന് പ്രാധാന്യം നൽകി എല്ലാ ജില്ലകളിലും രണ്ട് ബ്ലോക്കുകൾക്കുവീതം മൊബൈൽ വെറ്ററിനറി വാഹനവും ഇടുക്കി ജില്ലയുടെ ഭൂപ്രകൃതി പരിഗണിച്ച് മൂന്ന് വാഹനങ്ങളും അനുവദിച്ച ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് പ്രത്യേകം അഭിവാദ്യങ്ങൾ അറിയിക്കുകയാണ്. കേരള

വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലുള്ള കോലാഹലമേട് ഡയറി സയൻസ് കോളേജിനെ ലോകോത്തര നിലവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിനായി 100 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി നൽകിയിരുന്നു. നബാർഡിന്റെയോ ലോകബാങ്കിന്റെയോ മറ്റ് ഏജൻസികളുടെയോ സഹായത്തോടെ PPP (Public-Private Partnerships) മോഡലിൽ ഇത് നടപ്പിൽവരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുകയാണ്. ഇവിടെ അവതരിപ്പിച്ച 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബില്ലിനെയും 2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിനെയും ഒരിക്കൽക്കൂടി പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം ചുരുക്കുന്നു.

<u>ശ്രീമതി ഉമ തോമസ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല ആക്റ്റിൽ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും സർക്കാരിന് സമർപ്പിക്കുന്നതിന് സമയപരിധി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളുന്നതാണ് ടി ഭേദഗതി. കേരളത്തിലെ വയനാട് ജില്ലയിലെ പൂക്കോട് സ്ഥിതി ചെയ്യുന്ന സർവകലാശാലയാണ് കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ്. 21 സ്ഥാപനങ്ങളാണ് ടി സർവകലാശാലയ്ക്ക് കീഴിലുള്ളത്. കേരള കാർഷിക സർവകലാശാല വിഭജിച്ച് രൂപീകരിച്ച വെറ്ററിനറി സർവകലാശാലയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികളൊന്നും സർക്കാർ സ്വീകരിക്കുന്നില്ല. ഒരു സർവകലാശാലയുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലും സർക്കാർ തികച്ചും പരാജയപ്പെട്ടിരിക്കുകയാണ്. സർവകലാശാലയിലും അതിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിലും ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനും നിയമനം നടത്തുന്നതിനും യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. രാഷ്ട്രീയ താൽപര്യങ്ങൾ മുൻനിർത്തി തങ്ങളുടെ സ്വന്തക്കാരെയും പാർട്ടിക്കാരെയും പിൻവാതിലിലൂടെ നിയമിക്കുന്നതിനുള്ള

നടപടികളാണ് പുരോഗമിക്കുന്നത്. ഇത് തികച്ചും ഖേദകരമാണ്. സർവകലാശാലയുടെ പ്രവർത്തനത്തിനാവശ്യമായ ഫണ്ട് യഥാസമയം അനുവദിക്കുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലും സർക്കാർ പരാജയമാണ്. ഉന്നതാധികാര സമിതിയായ ബോർഡ് ഓഫ് മാനേജ്മെന്റിന്റെയോ മാനേജ്മെന്റ് കൗൺസിലിന്റെയൊ അംഗീകാരമില്ലാതെ പൂക്കോട് വെറ്ററിനറി സർവകലാശാലയിൽ 80 അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടി റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. മാനേജ്മെന്റ് കൗൺസിലിൽ അവതരിപ്പിക്കാതെയാണ് സർവകലാശാല രജിസ്ട്രാർ വിജ്ഞാപനം പുറത്തിറക്കിയിരിക്കുന്നത്. അധ്യാപക യോഗ്യതകളിലും സംവരണത്തിലും അവ്യക്തതയുണ്ട്. ആവശ്യത്തിന് കെട്ടിടമോ ഹോസ്റ്റൽ സൗകര്യങ്ങളോ ലഭ്യമാകാതെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഡയറി പ്ലാന്റിന്റെ അഭാവത്തിലാണ് ഡയറി സയൻസ് വിഭാഗം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നിലവിലില്ലാത്ത ഒഴിവുകൾ സൂചിപ്പിച്ച് 156 തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ സർവകലാശാല ജനുവരിയിൽ വിജ്ഞാപനം പുറത്തിറക്കിയിരുന്നു. എന്നാൽ

വിവാദമായതോടെ അത് മരവിപ്പിച്ചിരുന്നു. 156 തസ്തികകൾ എന്നത് പുതിയ വിജ്ഞാപനത്തിൽ 80 ആയി ചുരുങ്ങിയത് എങ്ങനെയാണെന്നതിൽ ഒരു വിശദീകരണം ആവശ്യമാണ്. നിലവിൽ ബോർഡ് ഓഫ് മാനേജ്മെന്റിൽ വൈസ് ചാൻസിലറും രജിസ്ട്രാറും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ. രണ്ട് ജനപ്രതിനിധികൾ, കർഷകർ എന്നിങ്ങനെ പുറത്തുനിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി ബോർഡ് പുനഃസംഘടിപ്പിക്കണം. ഇപ്പോൾ ഒരു വർഷം ശരാശരി 40 കോടി രൂപ നഷ്ടത്തിലാണ് സർവകലാശാലയുടെ പ്രവർത്തനം നടക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ സ്വന്തക്കാരായ പലരെയും തിരുകിക്കയറ്റിയാണ് പുതിയ നിയമനം നടത്തിക്കൊണ്ടിരിക്കുന്നത്. വെറ്ററിനറി സർവകലാശാലയിൽ സർക്കാർ, ഗവർണറുടെ പ്രതിനിധിയില്ലാതെതന്നെ വൈസ് ചാൻസിലർ നിയമനത്തിനുള്ള സെർച്ച് കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണെന്നതാണ് പുതിയ റിപ്പോർട്ട്. വെറ്ററിനറി സർവകലാശാലയിൽ ഗവർണറുടെ പ്രതിനിധിയില്ലാതെ വൈസ് ചാൻസിലറെ സെർച്ച് കമ്മിറ്റി തീരുമാനിക്കുകയെന്നത് തെറ്റായ നടപടിയാണ്.

ചാൻസിലറായ ഗവർണറുടെ പ്രതിനിധി വേണമെന്ന സർവകലാശാല നിയമം ലംഘിച്ചാണ് പ്രസ്തുത സമിതി രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ സർക്കാരും ഗവർണറും തമ്മിലുള്ള തർക്കത്തിലൂടെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനും അവർക്ക് വേണ്ടപ്പെട്ടവരെ വിവിധ സർവകലാശാലകളിൽ നിയമിക്കുന്നതിനുമുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, ക്ഷീരകർഷകരെ സഹായിക്കുന്നതിനുവേണ്ടി കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തനം ആരംഭിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണ് കേരള ഫീഡ്സ് ലിമിറ്റഡ്. ക്ഷീരകർഷകർക്ക് ഏറ്റവും കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഫുഡ് സപ്ലിമെന്റുകൾ ഉല്പാദിപ്പിക്കുന്നതിന് വേണ്ടിയുള്ള ടി സ്ഥാപനം ഇന്ന് നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. നിലവിൽ നഷ്ടം 100 കോടി രൂപയിൽ എത്തിനിൽക്കുകയാണ്. ഒരു കാലഘട്ടത്തിൽ കർഷകർക്ക് ഏറ്റവും ഉപകാരപ്രദമായിരുന്ന സ്ഥാപനമായിരുന്നു ഇത്. കേരള ഫീഡ്സ് ലിമിറ്റഡിന്റെ എം.ഡി.-യുടെ സർവീസ് കാലാവധി അവസാനിച്ചെങ്കിലും

ഗവൺമെന്റിന്റെയും പാർട്ടിയുടെയും താൽപ്പര്യപ്രകാരം ടി വ്യക്തിയുടെ എം.ഡി. എന്ന പദവിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകി സ്ഥാപനത്തെ വീണ്ടും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവിടത്തെ തൊഴിലാളികൾ ഇപ്പോൾ സമരത്തിലാണ്. ഇത് നമ്മുടെ നാട്ടിലെ പ്രസ്തുത മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ടിയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു മേഖലയെ സംബന്ധിക്കുന്ന വിഷയമായതുകൊണ്ടാണ് ഞാൻ ഇടപെട്ട് സംസാരിക്കുന്നത്. ശ്രീ. കുറുക്കോളി മൊയ്തീൻ സംസാരിച്ച അവസരത്തിൽ കുറച്ചധികം കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ക്ഷീര ഉൽപ്പാദന മേഖലയിൽ കഴിഞ്ഞ തവണത്തെക്കാളും 30 ശതമാനം പാലിന്റെ സംഭരണം/ഉൽപ്പാദനം കുറഞ്ഞിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് കരുതുന്നു. ടി മേഖലയിലെ നിരവധി സംഘങ്ങൾ അടച്ചുപൂട്ടികയുണ്ടായി. കൂടാതെ നിലവിലെ ക്ഷീരകർഷരെല്ലാം 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്. ഇപ്പോൾ ചെറുപ്പക്കാർ.....,

ചെയർപേഴ്സൺ: ശ്രീമതി ഉമ തോമസിന് സംസാരിക്കാൻ അനുവദിച്ച സമയമാണിത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഒരൊറ്റ കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ഇവിടെ ഇൻസ്റ്റിറ്റ്യൂഷനുകളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വിദേശരാജ്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഒരു വെറൈറ്റി ബ്രീഡ് ജനറേറ്റ് ചെയ്താൽ അത് അതേപടി അഡോപ്റ്റ് ചെയ്യാമെന്ന ധാരണയാണ് നമുക്കുള്ളത്. റിസർച്ച് ആൻഡ് ഡെവലപ്മെന്റിലൂടെ തദ്ദേശീയമായി ഡെവലപ് ചെയ്യുന്നതല്ലാത്ത യാതൊന്നിൽനിന്നും നമുക്ക് ദീർഘകാലഗുണം ലഭിക്കണമെന്നില്ല. വെറ്ററിനറി സർവകലാശാലകളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നിലവിൽ ജനങ്ങൾക്കുവേണ്ടി ഇത്തരം സർവകലാശാലകൾ എന്താണ് കോൺട്രിബ്യൂട്ട് ചെയ്തതെന്ന് ആലോചിക്കണം. അതുപോലെ KLDB (Kerala Livestock Development Board) വളരെ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനമായിരുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കാനുള്ള കാര്യം വ്യക്തമാക്കണം. ടി വിഷയത്തെക്കുറിച്ച് പ്രസംഗിക്കാനുള്ള അവസരമല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, എത്രയുംവേഗം അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുള്ളതുകൊണ്ടാണ് ഇക്കാര്യങ്ങൾ ഈ അവസരത്തിൽ സൂചിപ്പിക്കുന്നത്. ടി മേഖലയിലെ നിരവധി പദ്ധതികളെക്കുറിച്ച് സഭയ്ക്കുള്ളിൽ വച്ചും അല്ലാതെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരാമർശിച്ചിട്ടുണ്ട്. പക്ഷെ അതിൽ പല പദ്ധതികളും മുന്നോട്ട് പോകാൻ കഴിയാത്ത അവസ്ഥയിലാണ്. കേന്ദ്രസർക്കാരിന്റെ പദ്ധതികളിൽ മാച്ചിംഗ് ഗ്രാൻഡ് അനുവദിക്കാതെ പദ്ധതികൾ നടപ്പാക്കാൻ കഴിയില്ല. മാച്ചിംഗ് ഗ്രാൻഡുപോലും അനുവദിക്കാത്ത സ്ഥിതിവിശേഷം സംസ്ഥാനത്തുണ്ട്. നല്ല രീതിയിലുള്ള മാറ്റമുണ്ടാകണമെങ്കിൽ ടി മേഖലയ്ക്ക് പര്യാപ്തമായ തുക അനുവദിക്കേണ്ടതാണ്. ഈ മേഖലയെ എത്രമാത്രം അവഗണനയോടെയാണ് സമീപിക്കുന്നതെന്ന് ബജറ്റ് അലോക്കേഷൻ പരിശോധിച്ചാൽ മനസ്സിലാകും. ഇക്കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി ഉമ തോമസ്: സർ, വളരെ ഗൗരവമേറിയ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട രണ്ടംഗങ്ങളും ഉന്നയിച്ചിട്ടുള്ളത്. ക്ഷീരകാർഷിക വിഭാഗത്തിൽ ധനകാര്യ വകുപ്പിന്റെകൂടി സഹായമുണ്ടെങ്കിൽ മാത്രമേ പദ്ധതികൾ നടപ്പാക്കാൻ കഴിയൂ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ വിഷയങ്ങൾ ഉന്നയിക്കുന്നത്. ഇവിടെ പരാമർശിച്ച കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വെറ്ററിനറി സർവകലാശാല നിയമനത്തിൽ സംവരണ ആനുകൂല്യം നടപ്പാക്കുന്നില്ലെന്ന റിപ്പോർട്ടുണ്ട്. ഇത് വളരെ മോശമായ നിലപാടാണ്. ഒ.ബി.സി. വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് അധ്യാപക നിയമനത്തിൽ പ്രായപരിധിയിൽ ഇളവ് നൽകണമെന്ന സർക്കാർ ഉത്തരവുപോലും പാലിക്കപ്പെടുന്നില്ല. കേരളത്തിലെ മറ്റ് സർവകലാശാലകളും പി.എസ്.സി.-യും ഉൾപ്പെടെ ഒ.ബി.സി. വിഭാഗക്കാർക്ക് ഉയർന്ന പ്രായപരിധിയിൽനിന്ന് മൂന്ന് വർഷത്തെ ഇളവ് നൽകുന്നുണ്ട്. ഈ അവസരത്തിലാണ് വെറ്ററിനറി സർവകലാശാലയിൽ ഇത്തരത്തിലൊരു നീതി നിഷേധം നടക്കുന്നത്. പൂക്കോട്, കോളേജ് ഓഫ് വെറ്ററിനറി & അനിമൽ സയൻസസിലെ വിദ്യാർഥി

സിദ്ധാർത്ഥൻ, എസ്.എഫ്.ഐ. പ്രവർത്തകരുടെ റാഗിംങിന് ഇരയായി കൊല്ലപ്പെട്ടത് മറ്റൊരു സംഭവമാണ്. വാർഡനായ ഡീനും അസിസ്റ്റന്റ് വാർഡനുമടക്കം ഹോസ്റ്റലിൽ അച്ചടക്കം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടുവെന്നത് ഈ സർവകലാശാലയ്ക്കുതന്നെ അപമാനമല്ലേ? അന്ന് അവിടെ ഹോസ്റ്റൽ ഭരിച്ചിരുന്നത് പലപ്പോഴും സീനിയേഴ്സ് ആണെന്ന് പല റിപ്പോർട്ടുകളും പുറത്തുവന്നിട്ടുണ്ട്.

വളർത്തുമൃഗങ്ങളെ ആശ്രയിച്ച് ജീവിതോപാധി നടത്തുന്ന ഒട്ടനവധി ആളുകളുണ്ട്. പ്രകൃതിദുരന്തം മൂലവും വന്യമൃഗ ആക്രമണംമൂലവും വളർത്തുമൃഗങ്ങളെ നഷ്ടപ്പെട്ടവർക്ക് അടിയന്തര ധനസഹായം ചെയ്തുകൊടുക്കണം. അത്തരം സഹായങ്ങളില്ലെങ്കിൽ അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കില്ലെന്ന വസ്തുത മനസ്സിലാക്കണം.

മൃഗസംരക്ഷണ വകുപ്പിൽ ശ്രദ്ധിക്കപ്പെടേണ്ടതും ഇടപെടൽ നടത്തേണ്ടതുമായ ഒട്ടനവധി വിഷയങ്ങളുണ്ട്. ......(ബഹളം)...

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുമ്പോൾ കോളേജ് ഓഫ് വെറ്ററിനറി &

ആനിമൽ സയൻസസ്, പൂക്കോട്, വയനാട് സർവകലാശാലയിൽ നടന്ന മരണവുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ. കുട്ടികളുടെ പേര് ചേർത്ത് കൊലപാതക കുറ്റത്തിന് കേസെടുത്തുവെന്ന രീതിയിൽ പറയുകയുണ്ടായി. അത് തെറ്റാണ്; അങ്ങനെയൊരു എഫ്.ഐ.ആർ. ഇല്ല; അത് പരിശോധിക്കപ്പെടേണ്ടതാണ്. അങ്ങ് പറഞ്ഞ ഈ പരാമർശം, നിങ്ങൾ പറഞ്ഞുണ്ടാക്കുന്ന പരാമർശമല്ലേ, അത് പരിശോധിക്കണം.

ശ്രീമതി ഉമ തോമസ്: സർ, അത് പോലീസ് റിപ്പോർട്ടിലുള്ള കാര്യമാണ്. ബഹുമാനപ്പെട്ട അംഗം അക്കാര്യം ശ്രദ്ധിച്ചിട്ടുണ്ടാവില്ല. മൃഗസംരക്ഷണ വകുപ്പിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഒന്നാണ് ഓൺലൈൻ ട്രാൻസ്ഫർ നടപടികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം. 1956 മുതൽ തുടങ്ങിയ സ്റ്റാഫ് പാറ്റേൺ ഒരുമാറ്റവുമില്ലാതെ വെറ്ററിനറി ഹോസ്പിറ്റലിൽ പാലിച്ചുകൊണ്ടിരിക്കുന്നതിനാൽ അമിത ജോലി ഭാരംമൂലം ഡോക്ടർമാരും സ്റ്റാഫുമൊക്കെ വളരെ ബുദ്ധിമുട്ടുകയാണ്. സ്റ്റാഫ് പാറ്റേൺ reorganize ചെയ്യാൻ recommendation committee നിർദേശം നൽകി പത്തുവർഷം കഴിഞ്ഞിട്ടും യാതൊരു മാറ്റവുമില്ല. വെറ്ററിനറി ഡോക്ടർമാർക്ക് കരിയർ അഡ്വാൻസ്മെന്റ്

സ്കീം നിഷേധിക്കപ്പെടുന്നതായി പരാതിയുണ്ട്. അക്കാര്യം മനസ്സിലാക്കേണ്ട വിഷയമാണ്. ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും സഹായമില്ലാത്തതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധിക്കപ്പെടുന്നില്ലെന്നത് ഗൗരവമായി ശ്രദ്ധിക്കേണ്ടൊരു വിഷയമാണ്. എമർജൻസി നൈറ്റ് വെറ്ററിനറി ഡോക്ടർമാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കുന്നില്ല. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾക്ക് ശമ്പളം, ഫ്യുവൽ ചാർജ്, മെയിന്റനൻസ് ചാർജ് ഇവയൊന്നും കൃത്യമായി കൊടുക്കുന്നില്ല. അനിമൽ ഡാറ്റ സെന്ററുകളിൽ മാസങ്ങളായി ശമ്പളം കൊടുക്കാത്തതിനാൽ അവ പ്രവർത്തനം നിർത്തുകയാണ്. എലിഫന്റ് സ്ക്വാഡ് പ്രവർത്തനം കാര്യമായി നടക്കുന്നില്ല. അതുപോലെ തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള എ.ബി.സി. പദ്ധതികൾ കൂടുതൽ കാര്യക്ഷമതയോടെ വിപുലീകരിക്കേണ്ടതുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാര പരിശോധന ഊർജിതമാക്കണം. മുട്ട, കോഴി, ഇറച്ചി തുടങ്ങിയവയുടെ ഗുണനിലവാരം പരിശോധിച്ച് ക്വാളിറ്റി ഉറപ്പാക്കേണ്ടതുണ്ട്. കേരളത്തിനാവശ്യമായ പാൽ, പാലുല്പന്നങ്ങൾ എന്നിവ ഇവിടെത്തന്നെ ഉല്പാദിപ്പിക്കാൻ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ

പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. Cattle feed-ന്റെയും Poultry feed-ന്റെയും വില വർധന തടയുന്നതിനാവശ്യമായ ഇടപെടൽ മന്ത്രിസഭാ തലത്തിൽനിന്നുണ്ടാകേണ്ടതുണ്ട്.

ഇനി കുറച്ച് രാഷ്ട്രീയം പറയാതെ വയ്യ. ഉത്തരം മുട്ടിയാൽ കൊഞ്ഞനംകുത്തുമെന്ന പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുംവിധമാണ് ചില സി.പി.ഐ.(എം) നേതാക്കളുടെ പ്രവൃത്തി. ചാനൽ ചർച്ചകളിൽ നിരന്തരം മറ്റുള്ളവരെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന സി.പി.ഐ.(എം) നേതാവ് കഴിഞ്ഞ ദിവസം നടന്നൊരു ചാനൽ ചർച്ചയിലും മൺമറഞ്ഞ പി. ടി. തോമസിനെ അധിക്ഷേപിച്ച് സംസാരിക്കുകയുണ്ടായി. 12-03-2018-ൽ കേരള നിയമസഭയിൽ പി. ടി. തോമസ് ഉന്നയിച്ച വിഷയത്തിൽ ഇന്നുവരെ ഒരക്ഷരംപോലും ഉരിയാടാതിരുന്ന സി.പി.ഐ.(എം) പി. ടി.-യുടെ ഓർമകളെപോലും ഇപ്പോൾ ഭയക്കുന്നുവെന്നതിന്റെ തെളിവാണ് ഇങ്ങനെയുള്ള വിലകുറഞ്ഞ ആക്ഷേപങ്ങൾ. ഇതിനുത്തരം നൽകാൻ പി. ടി. തോമസ് ഉയർത്തെഴുന്നേറ്റ് വരില്ലെന്ന് എനിക്കുറപ്പുണ്ട്. എന്നാൽ, പി.ടി.-യെ

സ്നേഹിക്കുന്ന ആയിരക്കണക്കിന് പ്രവർത്തകരും കേരളജനതയും ഇതിന് ഉചിതമായ മറുപടി നൽകുമെന്ന് എനിക്ക് വിശ്വാസമുണ്ട്.

സംസ്ഥാനത്ത് ക്രമസമാധാനനില നിയന്ത്രിക്കുന്നതിൽ ആഭ്യന്തര വകുപ്പ് തികഞ്ഞ പരാജയമാണെന്ന് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുകയാണ്. ഇടതുപക്ഷ പ്രവർത്തകർക്കുപോലും...

മി. സ്പീക്കർ: പ്ലീസ് ... പ്ലീസ്... ഇത്തവണ ആരും അനുവദിച്ച സമയത്തിൽ കൂടുതൽ എടുത്തിട്ടില്ല. പ്ലീസ്... ഇവിടെ ആരും violate ചെയ്തിട്ടില്ല.

ശ്രീമതി ഉമ തോമസ്: സർ, എനിക്കുണ്ടായ അനുഭവം പറയുകയാണ്.

മി. സ്പീക്കർ: നിങ്ങൾക്കുണ്ടായ അനുഭവം ബില്ലിൽ അല്ല പറയേണ്ടത്. പ്ലീസ് ... പ്ലീസ്... അവസാനിപ്പിക്കണം.

ശ്രീമതി ഉമ തോമസ്: സർ, എനിക്ക് ഉണ്ടായ അനുഭവം പറയുകയാണ്. ഇടതുപക്ഷ പ്രവർത്തകർപോലും പോലീസിൽനിന്ന് നീതി ലഭിക്കുന്നില്ലെന്ന് പറയുന്ന ഈ സമയത്ത്.....,

മി. സ്പീക്കർ: അവസാനിപ്പിക്കണം പ്ലീസ് ... പ്ലീസ് ... ഇങ്ങനെയാണെങ്കിൽ അടുത്തയാളെ വിളിക്കേണ്ടി വരും.

ശ്രീമതി ഉമ തോമസ്: സർ, ഒരു വനിത എം.എൽ.എ. ആയ എനിക്ക് തൃക്കാക്കര പോലീസ് സ്റ്റേഷനിലുണ്ടായൊരനുഭവം പറയണം.

മി. സ്പീക്കർ: അത് മുഖ്യമന്ത്രിക്ക് എഴുതി കൊടുത്താൽ പോരെ, സഭയിൽ പറയേണ്ട കാര്യമുണ്ടോ?

ശ്രീമതി ഉമ തോമസ്: സർ, ഒരു യൂത്ത് കോൺഗ്രസ് പ്രവർത്തകനെ പോലീസ് അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ടുള്ള സാഹചര്യങ്ങൾ എന്താണെന്ന് അന്വേഷിക്കാൻ പോലീസ് സ്റ്റേഷനിൽ എത്തിയപ്പോൾ എസ്.എച്ച്.ഒ. തിരക്കിലായതിനാൽ എസ്.ഐ. ശ്രീ. അനസ് എം. ബഷീറാണ് എന്നോട് സംസാരിക്കാൻ വന്നത്. കേസിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ആരാഞ്ഞപ്പോൾ രോഷാകുലനായി സംസാരിക്കുകയും എം.എൽ.എ.-യോട് എനിക്കിത് സംസാരിക്കാൻ താല്പര്യമില്ലെന്ന് പറയുകയും ചെയ്തു.

മി. സ്പീക്കർ: അത് മുഖ്യമന്ത്രിക്ക് എഴുതി കൊടുത്താൽ മതി. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആക്ഷനെടുക്കാൻ ചെയർ ഇടപെടാം. സ്പീക്കർക്ക് എഴുതി തന്നോളൂ. ഇക്കാര്യം ബില്ലിൽ സംസാരിക്കണ്ട. നമ്മൾ ഉണ്ടാക്കിയ ഒരു ധാരണയുണ്ട്.

ശ്രീമതി ഉമ തോമസ്: സർ, സംസ്ഥാനത്തെ ആഭ്യന്തര വകുപ്പ് തികഞ്ഞ പരാജയമാണ്. എനിക്ക് അക്കാര്യം പറയാതിരിക്കാൻ കഴിയില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ ഒരു ഇടപെടൽ ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. എം.എൽ.എ.-യെന്ന നിലക്ക് എനിക്കുണ്ടായ അനുഭവമാണ് ഞാൻ പറഞ്ഞത്. അക്കാര്യം ഞാനിവിടെയല്ലാതെ മറ്റെവിടെ പോയി പറയാനാണ്.

മി. സ്പീക്കർ: ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുണ്ടാകണമെന്ന് ചൂണ്ടിക്കാട്ടി ചെയറിന് എഴുതി നൽകിയാൽ മതി.

ശ്രീ. ജി. സ്റ്റീഫൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രാചീനകാലം മുതൽ നമ്മുടെ രാജ്യത്തേയും പ്രത്യേകിച്ച് കേരളത്തിലെയും ജനങ്ങൾ കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. മൃഗസംരക്ഷണവും ക്ഷീരവികസനവുമെന്നത് കൃഷിയുടെ ഏറ്റവും പ്രധാനപ്പെട്ട

അനുബന്ധ മേഖലയാണ്. ക്ഷീരവികസനത്തിൽ രാജ്യത്ത് ഏറ്റവും ഉയർന്ന നിലയിൽ നിൽക്കുന്നൊരു സംസ്ഥാനമാണ് കേരളം. ഈ ബിൽ പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് സംസ്ഥാനത്തെ കന്നുകാലികളുടെ എണ്ണവും ഗുണനിലവാരവും വർധിപ്പിക്കുകയെന്നതാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുമ്പോൾ ഗ്രാമീണ കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിന് വളരെയേറെ സഹായകരമാകും. ആ നിലയിലുള്ള മുന്നേറ്റമാണ് ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. പാലിന്റെയും മാംസത്തിന്റെയും ഉല്പാദനം വർധിപ്പിക്കുന്നതിനായി സർക്കാർ ഏറ്റവും ശാസ്ത്രീയമായ രീതിയിലാണ് കന്നുകാലി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. അവയിലേറ്റവും പ്രധാനപ്പെട്ടത് സങ്കരയിനം പ്രജനന പ്രവർത്തനങ്ങളാണ്. മികച്ചയിനം കന്നുകാലികളെ വർധിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് കേരള കന്നുകാലി പ്രജനന ബിൽ ഈ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. പാൽ ഉല്പാദനം വർധിപ്പിക്കുകയാണ് ഈ ബില്ലിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. പരിമിതമായ തോതിലാണെങ്കിലും പുറത്തുനിന്നുള്ള ഏജൻസികളുടെ ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങൾ കേരളത്തിൽ എത്തിക്കുന്നുയെന്നുള്ളത്

വസ്തുതയാണ്. മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ബീജമാത്രകളുടെ അനധികൃത ഉപയോഗം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ അനധികൃതമായി വിത്തുകാളകളെ വളർത്തുന്നവർക്കെതിരെ നടപടിയുണ്ടാകാൻ വേണ്ടിയുള്ള ബില്ലാണിത്. സർക്കാർ നിയന്ത്രണത്തിൽ പ്രജനന വ്യവസ്ഥകൾ കൊണ്ടുവന്ന് നിലവിലുള്ള പ്രജനന മാർഗങ്ങൾ നിയന്ത്രിക്കാനായി കന്നുകാലി പ്രജനന നിയന്ത്രണ അതോറിറ്റി രൂപവൽക്കരിക്കുന്നതിൽ ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, വളരെ സ്വീകാര്യമായിട്ടുള്ളൊരു നിയമ സംവിധാനമാണ് ഗവൺമെന്റ് കൊണ്ടുവരുന്നത്. വെച്ചൂർ, ഗീർ, സഹിവാൾ തുടങ്ങിയ വിവിധയിനം പശുക്കളിലൂടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പാലാണ് A2 milk ആണ്. നിലവിൽ ഏറ്റവും ആരോഗ്യ സമ്പൂർണ്ണമായ പാലാണ് A2 milk എന്ന പേരിൽ കേരളത്തിലുല്പാദിപ്പിക്കുന്നത്. ഗ്രാമീണ ജനതയുടെ ഏറ്റവും പ്രധാനപ്പെട്ടൊരു ജീവിതമാർഗമെന്ന നിലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന A2 milk ആരോഗ്യത്തിനും വളരെയേറെ ഗുണകരമായിട്ടുള്ളതാണ്. ന്യൂസിലാന്റിൽ നിന്ന് Fonterra company അടക്കം

'A2 പശു'വിന്റെ കുത്തക ഏറ്റെടുത്തുകൊണ്ട് ഇന്ത്യയിലേക്ക് വരുന്നുവെന്നാണ് കേൾക്കുന്നത്. അപ്പോൾ സ്വാഭാവികമായും ഗ്രാമീണ ജനത ഏറ്റവും നല്ല പാൽ ഉപയോഗിക്കുന്നൊരു സാഹചര്യം ഇല്ലാതാക്കുന്ന സ്ഥിതിവിശേഷം സംജാതമാവില്ലേയെന്ന കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം പരമാവധി വഴങ്ങാതിരിക്കുക.

ശ്രീ. ജി. സ്റ്റീഫൻ: സർ, കൊഴുപ്പുരഹിതപാലിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് ബഹുമാന്യയായ മെമ്പർ ഉന്നയിച്ച കാര്യംകൂടി തദ്ദേശീയമായി പരിഗണിക്കുന്നത് നന്നായിരിക്കുമെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്. പാലുല്പാദനത്തിൽ സംസ്ഥാനം രാജ്യത്ത് ടോപ് റാങ്കിംഗിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിലാണ് കേരളത്തിൽ ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. 1992 മുതൽ സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം നിലവിലുണ്ടെങ്കിലും പൂർണ്ണമായും കർഷകർക്ക് ഗുണകരമായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ഇതിന്റെ കൂടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ കന്നുകാലി പ്രജനന ബിൽ കൊണ്ടുവന്നിരിക്കുന്നത്. പുതുതായി

നിലവിൽ വരുന്ന അതോറിറ്റിയുടെ അംഗീകാരമില്ലാതെ സംസ്ഥാനത്തിലുള്ളിലോ സംസ്ഥാനത്തിന് പുറത്തോ മറ്റ് രാജ്യങ്ങളിൽനിന്നോ ഉല്പാദിപ്പിക്കുന്ന ബീജമാത്രുകൾ, ഭ്രൂണത്തിന്റെ സംഭരണം, വില്പന, ഉപയോഗം എന്നിവ ഈ ബില്ലിലൂടെ നിയന്ത്രിക്കാൻ സാധിക്കും. അതോറിറ്റി സാക്ഷ്യപ്പെടുത്തിയ വിത്തുകാളകളിൽ നിന്നല്ലാതെ ബീജോൽപാദനം പാടില്ലെന്നുള്ളതാണ് ഈ ബില്ലിന്റെ ഒരു പ്രത്യേകത. നിലവിലുള്ളതും പുതുതായി ആരംഭിക്കുന്ന ബീജ സംഭരണ സ്റ്റേഷനുകൾക്കും ഈ നിബന്ധന ബാധകമായിരിക്കും. വിത്തുകാളകൾക്ക് സർട്ടിഫിക്കറ്റും സവിശേഷ തിരിച്ചറിയൽ നമ്പർകൂടി നൽകുന്നത് ഈ ബില്ലിന്റെ ഭാഗമാണ്. അതോടൊപ്പം കൃത്രിമ ബീജദാനം നടത്തുന്ന ടെക്നീഷ്യനെ അതോറിറ്റി നിയമിക്കുന്നതാണ്. അതോറിറ്റി അധികാരപ്പെടുത്തിയ വ്യക്തികൾക്കല്ലാതെ മറ്റാർക്കും ബീജമാത്രുകളോ ഭ്രൂണമോ വിൽക്കാനോ വിതരണം ചെയ്യാനോ കുത്തിവയ്ക്കാനോ സാധിക്കില്ല. മാനദണ്ഡങ്ങൾക്കുവിരുദ്ധമായി പ്രവർത്തിച്ചാൽ ആ കേന്ദ്രങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിന് വേണ്ടിയുള്ള വ്യവസ്ഥകളും ഈ ബില്ലിന്റെ ഭാഗമാണ്. അതോറിറ്റിയിൽനിന്നുള്ള രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റില്ലാതെ ഇത്തരത്തിലുള്ള സംഘടനകൾക്കോ വ്യക്തികൾക്കോ പ്രവർത്തിക്കാൻ സാധിക്കില്ല. ഇത്തരത്തിൽ സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർധിപ്പിച്ച് ഈ മേഖലയിൽ സ്വയംപര്യാപ്തത നേടുന്നതിനും ക്ഷീരകർഷകരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും ഈ ബില്ലിലൂടെ സർക്കാർ ലക്ഷ്യമിടുന്നുണ്ട്. കേരളത്തിലെ ഒരു ദിവസത്തെ പാലുല്പാദനത്തിന്റെ productivity average 10.75 ലിറ്ററാണ്. 1960-ൽ ഇൻഡോ-സ്വിസ് പ്രോജക്ട് മാട്ടുപ്പെട്ടിയിൽ തുടങ്ങിയ കാലം മുതൽ കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരളത്തിൽ ഏറ്റവും നന്നായി നടക്കുന്നുണ്ട്. എന്നാൽ പഞ്ചാബ്, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽ പാലുല്പാദനക്ഷമത 15 ശതമാനത്തിലേറെയാണ്. പ്രിയപ്പെട്ട സഹപ്രവർത്തകർ ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ വർധിച്ച ഉൽപാദന ചെലവാണെന്ന് പാലുല്പാദനത്തിൽ നേരിടുന്ന ബുദ്ധിമുട്ട് എന്നകാര്യം നമുക്കറിയാം. കാലിത്തീറ്റയുടെ വില, കേരളത്തിലെ കൂലി നിരക്ക്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്, വൈക്കോലിന്റെ ലഭ്യതക്കുറവ് ഇതെല്ലാം ഈ രംഗത്ത് വലിയ വെല്ലുവിളികളാണ് നേരിടുന്നത്. എന്നാൽ ഈ ബിൽ

കൊണ്ടുവരുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ പഞ്ചാബ്, ഹരിയാന അടക്കമുള്ള സംസ്ഥാനങ്ങളിൽ പോയി ഗുണനിലവാരമുള്ള സെമൻ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും അത് കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നതിനും വേണ്ട നടപടികൾ വകുപ്പുതന്നെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ക്ഷീരവികസന മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ വകുപ്പ് മുന്നോട്ടുകൊണ്ടുപോകുന്നുണ്ട്. പാലിന്റെ വിലയിൽ നാല് രൂപ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് നൽകുന്നുണ്ട്. ഇന്ത്യയിൽ പാലിന് ഏറ്റവും കൂടുതൽ വിലയുള്ള സംസ്ഥാനം കേരളമാണ്. പശു കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് 'ഗോവർദ്ധിനി' എന്ന പേരിൽ മൃഗസംരക്ഷണ വകുപ്പ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. നിലവിൽ ഗോവർദ്ധിനി പദ്ധതി പ്രകാരം 4 മുതൽ 6 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് 50 ശതമാനം സബ്സിഡി സർക്കാർ നൽകിവരുന്നുണ്ട്. 12500/- രൂപ സർക്കാരും 12500/- രൂപ വ്യക്തിയുംകൂടി ചേർന്ന് 25000/- രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കിവരുന്നത്. 2024-25 വർഷത്തിൽ 35589 കന്നുകുട്ടികളെ ഈ പദ്ധതിയിൽ ചേർക്കുന്നതിനുള്ള

എൻറോൾമെന്റ് നടപടി പുരോഗമിച്ചുവരുന്നു. ഇതിലേക്കായി നടപ്പുസാമ്പത്തിക വർഷം വകുപ്പ് 22,24,31250/- രൂപയുടെ ഭരണാനുമതി നൽകുകയും ഇതിനാവശ്യമായ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി നിലവിൽ ധാരാളം പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. 14 ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ, 50 വെറ്ററിനറി പോളിക്ലിനിക്കുകൾ, 214 വെറ്ററിനറി ഹോസ്പിറ്റലുകൾ, 868 വെറ്ററിനറി ഡിസ്പെൻസറികൾ, 38 പ്രദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ, 1330 വെറ്ററിനറി സബ് സെന്ററുകൾ, 9 മൊബൈൽ വെറ്ററിനറി ആശുപത്രികൾ, 7 Mobile Farm Aid Unit-കൾ, ഒരു മോട്ടോർ ബോട്ട് വെറ്ററിനറി ആശുപത്രി എന്നിവയുൾപ്പെടെ വിപുലമായൊരു വെറ്ററിനറി സംവിധാനമാണ് ഈ വകുപ്പ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. കർഷകരുടെ വീട്ടുപടിക്കൽ സേവനമെത്തിക്കുന്നതിനായി 'മൊബൈൽ വെറ്ററിനറി യൂണിറ്റ്' പദ്ധതി നിലവിൽ പ്രവർത്തിക്കുകയാണ്. സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ

2023 ജനവരി മുതൽ മൊബൈൽ വെറ്ററിനറി സേവനങ്ങൾ നൽകിവരികയാണ്. ഇത് 127 ബ്ലോക്കുകളിൽക്കൂടി നടപ്പിലാക്കേണ്ടതുണ്ട്.

ഞാൻ പ്രതിനിധാനം ചെയ്യുന്ന അരുവിക്കര മണ്ഡലം വനമേഖലകൾക്കൂടി ഉൾപ്പെടുന്ന മണ്ഡലമാണ്. ഈ മണ്ഡലത്തിലടക്കം മൊബൈൽ വെറ്ററിനറി സേവനങ്ങൾ ലഭ്യമായാൽ അവിടത്തെ ക്ഷീരകർഷകർക്ക് വളരെയേറെ സഹായകരമായിരിക്കുമെന്ന കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ആശുപത്രിയുടെ പ്രവർത്തനസമയത്തിനുശേഷം മൃഗങ്ങൾക്കുണ്ടാകുന്ന അസുഖങ്ങൾമൂലം കർഷകർ ബുദ്ധിമുട്ടുന്ന സന്ദർഭങ്ങളിൽ മൃഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതാണ് 'രാത്രികാല അടിയന്തര മൃഗചികിത്സാ' പദ്ധതി എന്നത്. ഈ വകുപ്പ് നടപ്പിലാക്കുന്ന വളരെയധികം പ്രയോജനകരമായ പദ്ധതിയാണ്. ആകെ 156 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കർഷകർക്ക് കൂടുതൽ സേവനം നൽകുന്നതിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. യുവ ഡോക്ടർമാർക്ക് കൂടുതൽ പരിശീലനം ലഭ്യമാക്കുന്നതിന് സംസ്ഥാനത്ത് തിരഞ്ഞെടുക്കപ്പെട്ട 60 മൃഗചികിത്സാ കേന്ദ്രങ്ങളിൽ വെറ്ററിനറി ബിരുദം നേടിയ പുതിയ വെറ്ററിനറി ഡോക്ടർമാരെ

ജൂനിയർ റെസിഡന്റുമാരായി നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ 'ഇ-സമൃദ്ധ' പദ്ധതിയും വകുപ്പിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് വളരെയേറെ സഹായകരമാണ്. ഈ ലക്ഷ്യങ്ങൾ യാഥാർഥ്യമാക്കുന്നതിനുവേണ്ടിയാണ് കേരളത്തിലൊരു പുതിയ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ നിയമനിർമ്മാണം ക്ഷീരമേഖലയിൽ വലിയ പുരോഗതിക്കും ക്ഷീരകർഷകർക്കും സഹായകരമാകും. ക്ഷീരകർഷകരിൽ വലിയ വിഭാഗം വനിതകളാണ്. അവരുടെ വരുമാന വർധനവിന് ഈ നിയമനിർമ്മാണം വളരെയേറെ പ്രയോജനം ചെയ്യുമെന്നുമാത്രം ഈ അവസരത്തിൽ സൂചിപ്പിച്ച് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള കന്നുകാലി പ്രജനന ബില്ലിനെ പിന്താങ്ങി എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഇതൊരു അനുകരണീയ മാതൃകയാണ്. ശ്രീ. ജി. സ്റ്റീഫനെ മാതൃകയാക്കാം.

ശ്രീ. ടി. ജെ. വിനോദ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ വീണ്ടും അതേ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെക്കുറിച്ച് സംസാരിച്ച ജനപ്രതിനിധികളെല്ലാം കേരളത്തിലെ ക്ഷീരകർഷകർ നേരിടുന്ന പ്രയാസങ്ങളും ദുരിതങ്ങളും കഷ്ടപ്പാടുകളും ഇവിടെ വിവരിക്കുകയുണ്ടായി. എന്റെ സ്നേഹിതൻ ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ സ്വന്തം മക്കളെപ്പോലെ പരിപാലിക്കുന്ന കന്നുകാലികളിൽനിന്നും വരുമാനം ലഭിക്കാതെ നിരാശയോടെ നിൽക്കുന്ന ക്ഷീരകർഷകരെയാണ് നമ്മുടെ സംസ്ഥാനത്തെമ്പാടും കാണാൻ സാധിക്കുന്നത്. കാരണം, പാലിന് ആവശ്യമായ വില ലഭ്യമാകുന്നില്ല. കന്നുകാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലവർധനവ്, തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ് ഇതെല്ലാം ഈ മേഖലയിൽ ഇന്ന് വലിയ ദുരന്തമാണുണ്ടാക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് മികച്ചയിനം കന്നുകാലികളുടെ എണ്ണം വർധിപ്പിക്കുന്നതിനായി വിത്തുകാളകളിൽനിന്നുള്ള ബീജോല്പാദനം, ബീജമാത്രകളുടെ സംസ്കരണം, ശേഖരണം, വില്പന, വിതരണം കൂടാതെ കൃത്രിമ ബീജദാനം തുടങ്ങിയ പ്രജനന

പ്രവൃത്തികൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാനത്ത് പ്രജനന നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടാണ് അതോറിറ്റി രൂപീകരിക്കുന്നത്. 1992 മുതൽ സംസ്ഥാനത്ത് കന്നുകാലി പ്രജനന നയം നിലവിലുണ്ടെങ്കിലും പൂർണ്ണമായും കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ നടപ്പാക്കുന്നതിന് നിയമത്തിന്റെ പിൻബലം ആവശ്യമാണ്. അതിനുവേണ്ടിയാണ് 2023-ലെ കന്നുകാലി പ്രജനന ബിൽ നടപ്പാക്കുന്നത്. സംസ്ഥാനത്തെ പശുക്കളിൽ സങ്കര പ്രജനന നയമാണ് നടപ്പാക്കുന്നത്. രാജ്യത്തെ പാലുല്പാദനത്തിൽ സംസ്ഥാനം രണ്ടാം സ്ഥാനത്ത് എത്തിയതും ഈ നയത്തിന്റെ ഫലമാണ്. എന്നാൽ പരിമിതമായ തോതിലെങ്കിലും പുറത്തുനിന്നുള്ള ഏജൻസികളുടെ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ബീജമാത്രകളുടെ അനധികൃത ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ പ്രജനന നയം പൂർണ്ണമായ തോതിൽ നടപ്പാക്കുന്നതിനും നിയമസാധുത ഉറപ്പുവരുത്തുന്നതിനും പ്രജനന നയം അനിവാര്യമാണ്. പ്രജനനനയം നടപ്പാക്കുകയും സംസ്ഥാനത്തിന് അകത്തോ പുറത്തോ ഉല്പാദിപ്പിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ

ബീജമാത്രകളുടെയോ ഭ്രൂണത്തിന്റെയോ സംഭരണം, വില്പന, ഉപയോഗം എന്നിവ നിയന്ത്രിക്കുകയും ബീജകേന്ദ്രങ്ങൾ, ബീജ ബാങ്കുകളിൽ രജിസ്റ്റർ ചെയ്യുക, Artificial Insemination (AI) ടെക്നീഷ്യൻമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ക്രമീകരിക്കുക എന്നിവയാണ് അതോറിറ്റിയുടെ ചുമതലകൾ. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകൾപ്രകാരം അതോറിറ്റിക്ക് നൽകിയിരിക്കുന്ന ചില അധികാരങ്ങൾ കർഷകരുടെ താല്പര്യങ്ങൾ ഹനിക്കുന്ന രീതിയിലുള്ളതാണ്. ബില്ലിലെ 23-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം "അതോറിറ്റിയുടെയോ അല്ലെങ്കിൽ അതോറിറ്റി ഇതിനായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ, യാതൊരു കോടതിയും ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കുവാൻ പാടില്ലാത്തതാകുന്നു" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരമുള്ളൊരു വ്യവസ്ഥയുൾപ്പെടുമ്പോൾ കർഷകർക്കോ സമൂഹത്തിനോ ആക്റ്റിന് വിരുദ്ധമായ കാര്യങ്ങളുണ്ടായാൽ പരാതി നൽകാനുള്ള അവസരം നഷ്ടമാകുന്നതാണ്. ഇത് നിയമ നിർമ്മാണത്തിന്റെ സാങ്കേതികത്വം ഇല്ലാതാക്കുന്നതും അഴിമതിക്ക്

സാധ്യതയുണ്ടാക്കുന്നതുമാണ്. ഈ ബില്ലിലെ ഏഴാം വകുപ്പിലെ (എഫ്) ഉപവകുപ്പുപ്രകാരം കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ നടത്തുന്ന ടെക്നീഷ്യൻമാരെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പല ക്ഷീര സഹകരണ സംഘങ്ങളിലും ബീജദാന കുത്തിവയ്പ്പ് നടത്തുന്ന ജീവനക്കാരുണ്ടെന്നതാണ് ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം. ഇവർക്ക് മതിയായ പരിശീലനം നൽകുകയും മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ എന്നപോലെ സൗജന്യമായ കുത്തിവയ്പ്പിന് ബീജമാത്രകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. എങ്കിൽ മാത്രമെ ഈ ബില്ലിൽ വിഭാവന ചെയ്യുന്ന പ്രജനന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ കഴിയുകയുള്ളൂവെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സെമൻ സ്റ്റേഷനുകളുടെയും ബാങ്കുകളുടെയും രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഈ ബില്ലിലെ 9-ാം വകുപ്പിൽ കർഷകർക്ക് പ്രയോജനകരമായ വിധത്തിൽ ചുവടെ ചേർത്തിട്ടുള്ള ഉപവകുപ്പുകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. സംസ്ഥാനത്തെ കന്നുകാലി പ്രജനനം നടപ്പിലാക്കുന്ന ഘട്ടത്തിൽ ഓരോ കർഷകർക്കും അവരർഹിക്കുന്ന തരത്തിലുള്ള ഉല്പാദനത്തിലുള്ള പശുവിനെ ലഭ്യമാക്കുന്ന തരത്തിൽ ബീജമാത്രകൾ

കുത്തിവയ്ക്കുന്നതിന് അവസരം ലഭ്യമാക്കണം. ഉല്പാദനക്ഷമത കൂടിയ പ്രീമിയം സെമൻ, average yield ലഭിക്കുന്ന പശുക്കൾ എന്നിങ്ങനെ കർഷകർക്ക് ഇഷ്ടാനുസരണം സെമൻ തിരഞ്ഞെടുക്കാനുള്ള അവസരമുണ്ടാക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തണം. പല തവണ ബീജം കുത്തിവച്ചാൽ മാത്രമെ ഇന്ന് പശുക്കളിൽ ഗർഭമുണ്ടാകുകയുള്ളൂ. ഉപയോഗിക്കുന്ന സെമന്റെ ഗുണമേന്മയുറപ്പാക്കാൻ ശാസ്ത്രീയമായ കുത്തിവയ്പ്, യഥാസമയം ഉറപ്പാക്കി കർഷകർക്കുണ്ടാകുന്ന നഷ്ടം കുറയ്ക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം. ഇന്ന് കേരളത്തിൽ കുത്തിവയ്പിലൂടെയുണ്ടാകുന്ന പശു കിടാക്കൾക്ക് മാതൃപശുവിനേക്കാൾ കുറഞ്ഞ ഉല്പാദനമാണ് ലഭിക്കുന്നത്. ഓരോ തലമുറ കഴിയുമ്പോഴും ഉല്പാദനം കുറയുന്നതിനാൽ പാലുല്പാദനത്തിൽ മൊത്തത്തിൽ കുറവ് വരുന്നതിനും ഇതിന് കാരണമാകുന്നു. ഇതിന്റെ കാരണം കണ്ടുപിടിച്ച് പ്രജനന നയത്തിൽ മാറ്റം കൊണ്ടുവരാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണം. കർഷകരുടെ വീട്ടുപടിക്കൽ ടി സേവനങ്ങളെത്തിക്കുന്നതിനുള്ള വ്യവസ്ഥയുൾപ്പെടുത്തണം. കുത്തിവയ്പിന് വേണ്ടിവരുന്ന ചെലവ് കുറയ്ക്കണം. കാരണം, പലപ്പോഴും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്,

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ നൽകുന്ന ഓരോ യൂണിറ്റ് സെമനും 25 രൂപ ഈടാക്കുമ്പോൾ ക്ഷീര സംഘങ്ങളിൽനിന്ന് 90 രൂപ ഈടാക്കുന്നു. ഈ അന്തരം കുറയ്ക്കാനുള്ള വ്യവസ്ഥകളുൾപ്പെടുത്തണം. ഇൻഷ്വറൻസില്ലാതെ മരണപ്പെടുന്ന പശുക്കൾക്ക് നൽകിവരുന്ന സാമ്പത്തിക സഹായം ഏതാണ്ട് മൂന്ന് വർഷമായി സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. ഇതിനുള്ള വ്യവസ്ഥകളുൾപ്പെടുത്തണം. അതോറിറ്റി സാക്ഷ്യപ്പെടുത്തിയ ആളുകളല്ലാതെ മറ്റാരും ബീജമാത്രകൾ വിൽക്കുകയോ വിതരണം ചെയ്യുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യരുതെന്നാണ് ഈ ബില്ലിൽ 14-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇക്കാര്യത്തിൽ എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത് പുതിയ പ്രജനന നയം രൂപീകരിക്കുമ്പോൾ ഇവിടെ നിലവിലുണ്ടായിരുന്ന പ്രജനന നയത്തിന് വിരുദ്ധമായ പ്രവർത്തനങ്ങളാണ് വെച്ചൂർ പശുക്കളുടെ പരീക്ഷണത്തിന് സഹായകമായതെന്ന യാഥാർത്ഥ്യം മറക്കാതിരിക്കണം. തദ്ദേശീയ കന്നുകാലികളുടെ പരീക്ഷണത്തിനർഹമായ പ്രാധാന്യം നൽകണം. നാളിതുവരെ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ

നേതൃത്വത്തിൽ നടത്തിയ കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട്. കേരളത്തിലെ കന്നുകാലികളുടെ നിലവിലുള്ള ജനിതക ഘടന ശരിയായ രീതിയിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. കേരളത്തിലെ സാഹചര്യങ്ങൾക്ക് കാലാവസ്ഥ, ചൂട്, ഈർപ്പം, രോഗങ്ങൾ, തീറ്റ ലഭ്യത എന്നിവയുമായി യോജിച്ച ഉല്പാദനക്ഷമത എത്രയാണെന്ന് കൃത്യമായി വിലയിരുത്തേണ്ടതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ് ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം നമ്മൾ എപ്പോഴും അവരെ സല്യൂട്ട് ചെയ്യണം. 24 മണിക്കൂറും ജോലി ചെയ്യുന്ന ക്ഷീരകർഷകന് ഇപ്പോഴും സാമ്പത്തികമായി ഉയർന്നുവരാൻ സാധിച്ചിട്ടില്ല. അവരുടെ മനസ്സിന്റെ സന്തോഷത്തിനും ഈ സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടിയാണ് ഓരോ ക്ഷീരകർഷകനും പ്രവർത്തിക്കുന്നത്. അവർക്ക് സബ്സിഡി കൊടുക്കുന്നുണ്ടെങ്കിലും പലപ്പോഴും കന്നുകാലിത്തീറ്റയുടെ വില വർധിക്കുകയാണ്. ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം, സംസ്ഥാന ഗവൺമെന്റ് ഈ സംസ്ഥാനത്തെ

മുഴവൻ കന്നുകാലികളെയും സർക്കാരിന്റെ സ്വത്താക്കി മാറ്റണം. എങ്ങനെ സർക്കാരിന്റെ സ്വത്താക്കി മാറ്റാൻ സാധിക്കും?

മി. സ്പീക്കർ: യെസ്, യെസ്......

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഒരു പ്രധാനപ്പെട്ട ആശയമാണ്. ഉടമസ്ഥർക്ക് ആ കന്നുകാലികളുടെ പണം കൊടുത്ത് സർക്കാരിന്റെ സ്വത്താക്കി മാറ്റുമ്പോൾ കർഷകൻ ഫ്രീയാവുകയാണ്. ഇങ്ങനെ കർഷകർക്ക് കന്നുകാലികളിലൂടെ പണമുണ്ടാക്കാൻ സാധിക്കുകയും ഒരു തുക അവരുടെ അക്കൗണ്ടിലേക്ക് വന്ന് ചേരുകയുംചെയ്യും. ആ രീതിയിലുള്ളൊരു പ്രോജക്ട് കൊണ്ടുവന്നാൽ അത് കർഷകർക്ക് ഏറ്റവും ഗുണകരമാവുകയും ചെയ്യുന്നതാണ്. അത്തരമൊരു കാര്യം കൂടി ഈ ബില്ലിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് സൂചിപ്പിച്ചത്. കേരളത്തിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം വലിയ ദുരിതവും കഷ്ടപ്പാടും നിറഞ്ഞൊരു സാഹചര്യമാണ് നിലനിൽക്കുന്നത്. അത്തരമൊരു സാഹചര്യത്തിൽ താങ്കൾ

പറഞ്ഞ ആശയത്തോട് പൂർണ്ണമായി യോജിക്കുകയാണ്. ഉല്പാദനക്ഷമത എത്രയാണെന്ന് കൃത്യമായി വിലയിരുത്തേണ്ടതാണ്. ഉല്പാദനക്ഷമത കൂടിയതും നിലവിലെ സാഹചര്യങ്ങളോട് പൊരുത്തപ്പെടാൻ ബുദ്ധിമുട്ടുള്ളതുമായ ഇനം കന്നുകാലികൾ കർഷകർക്ക് കൂടുതൽ ബാധ്യതയാകാനിടയുണ്ട്. നിലവിൽ കേരളത്തിലെ സങ്കരയിനം കന്നുകാലികൾ ജീവിതകാലത്തിൽ ശരാശരി എത്ര കറവ പൂർത്തിയാക്കുന്നുവെന്നത് വളരെ പ്രധാനമാണ്. ഉല്പാദന, പ്രത്യുല്പാദന തകരാറുകളുള്ള കന്നുകാലികളുടെ കശാപ്പ് കേരളത്തിൽ അനുവദനീയമായതുകൊണ്ട് മാത്രമാണ് കേരളത്തിലെ കന്നുകാലികൾ പ്രജനന നയങ്ങളിൽ വലിയ ദുരന്തമായി മാറാതിരിക്കുന്നത്. സങ്കരയിനം കന്നുകാലികളുടെ ഉപയോഗം കേരളത്തിലെ കന്നുകാലികളുടെ ഉല്പാദന, പ്രത്യുല്പാദനക്ഷമത കാര്യമായി കുറയ്ക്കാൻ ഇടയാക്കുന്നു. ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. കേരളത്തിലെ ക്ഷീരകർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ വലിയൊരു പ്രതീക്ഷയാണ് ഈ ബില്ലിലൂടെ നടത്താൻ ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും മുകളിൽ സൂചിപ്പിച്ച ഭേദഗതികൾകൂടി ഈ ബില്ലിലുൾപ്പെടുത്തി, അതിലൂടെ കർഷകർക്ക് അവരുടെ

ജീവിതം സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നീ രണ്ട് ബില്ലുകളുമാണ് ഇന്നിവിടെ ചർച്ചയ്ക്കെടുക്കുന്നത്. പക്ഷേ, ഈ ബില്ലിൽ ഒതുങ്ങിനിന്നുകൊണ്ടുള്ള ഒരു ചർച്ചയല്ല ഇന്നിവിടെ നടന്നത്. കേരളത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ നടപ്പാക്കുന്ന കാര്യങ്ങൾ, നടപ്പാക്കുന്നതുതന്നെ നടപ്പാക്കുന്നില്ലെന്ന് പറയുന്ന സഹപ്രവർത്തകരെയാണ് ഈ നിയമസഭയിൽ ഇന്ന് കാണാൻ കഴിഞ്ഞത്. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് ഒട്ടേറെ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുന്നതാണ്. എന്നാൽ പലതും നടപ്പാക്കുന്നില്ലെന്ന് പറയുന്ന സഹപ്രവർത്തകരെയാണ് ഈ അവസരത്തിൽ കാണാൻ സാധിച്ചത്. ഒട്ടേറെ വിഷയങ്ങൾ അവർ എന്റെ മുമ്പിൽ ചൂണ്ടിക്കാണിച്ചെങ്കിലും ചിലതിനെങ്കിലും മറുപടി പറയണമെന്ന

നിലയിലാണ് ഞാൻ പോകുന്നത്. ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചവരിൽ ഭൂരിഭാഗം പേരും ഇപ്പോൾ സഭയിലില്ല, അപൂർവ്വം ചിലർ മാത്രമേയുള്ളൂ. ഇവിടെ സംസാരിച്ചതിനുശേഷം ഞാൻ ഇതൊക്കെ നല്ല രീതിയിൽ അവതരിപ്പിച്ചിട്ടുണ്ടെന്ന രീതിയിൽ പോയവരെയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. അതായത് ഇത് എങ്ങനെയെങ്കിലും നടന്നോട്ടെ എന്ന തരത്തിലാണ് അവരെല്ലാവരും വന്നിരിക്കുന്നത്. ശ്രീ. എം. വിൻസെന്റ് ഇന്ന് കേരളത്തിൽ കന്നുകുട്ടി പരിപാലനമില്ലെന്ന രീതിയിലാണ് സംസാരിച്ചത്. ആ പദ്ധതി കഴിഞ്ഞ ഒരു വർഷം നടപ്പാക്കാൻ സാധിച്ചില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ഗവൺമെന്റ് ഇത്തവണ കന്നുകുട്ടി പരിപാലനത്തിൽ വളരെ കൃത്യതയോടുകൂടിത്തന്നെ പുതിയ പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. നാല് മാസം മുതൽ ആറ് മാസംവരെ പ്രായമായ പശുക്കൾക്ക് അതായത് ഒരു പശു ഗർഭിണിയാകുന്നതുവരെ അതിന്റെ തീറ്റയ്ക്ക് പകുതി സബ്സിഡി കേരള ഗവൺമെന്റ് കൊടുത്തുകൊണ്ടാണ് അതിനെ പരിപാലിക്കുന്നത്. 35589 കന്നുകാലികൾ നിലവിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതോടൊപ്പം സൗജന്യമായി അവയ്ക്ക് ഇൻഷ്വറൻസും വിരമരുന്നും

ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ പദ്ധതി വഴി നൽകുന്നുണ്ട്. 22.24 കോടി രൂപയാണ് ഈ പദ്ധതിക്കായി ഗവൺമെന്റ് അനുവദിച്ചിരിക്കുന്നത്. 'ക്ഷീര സാന്ത്വന പദ്ധതി' എന്നത് സമഗ്ര ക്ഷീര കർഷക ഇൻഷ്വറൻസ് പദ്ധതിയാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ ഉൾപ്പെടെയുള്ളവർ ഇവിടെ ഇൻഷ്വറൻസ് പദ്ധതി പലപ്പോഴും കർഷകർക്കില്ലെന്ന തരത്തിൽ സൂചിപ്പിച്ചിരുന്നു. അതൊക്കെ തെറ്റായ കാര്യങ്ങളാണ്. ക്ഷീര ക്ഷേമനിധിയിൽ അംഗത്വമുള്ള ക്ഷീര കർഷകർക്ക് ചികിത്സാച്ചെലവിനത്തിൽ ഒരു ലക്ഷം രൂപ വരെ ലഭിക്കുന്ന പദ്ധതിയാണിത്. കഴിഞ്ഞവർഷം കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡും മിൽമയും ചേർന്നാണ് ആ പദ്ധതിക്ക് രൂപം കൊടുത്തത്. 313 ലക്ഷം രൂപ പ്രീമിയം നൽകിയപ്പോൾ 136 ശതമാനം കർഷകർക്കും ചികിത്സാ സഹായമായി അത് തിരികെ ലഭിച്ചു. അതുമാത്രമല്ല, ഒരു കർഷകൻ മരണപ്പെട്ടാൽ 7 ലക്ഷം രൂപ വരെ ആ കർഷകന്റെ കുടുംബത്തിന് ലഭിക്കുന്നൊരു പദ്ധതി കൂടിയാണിത്. 80 വയസ്സുവരെയുള്ള ക്ഷീരകർഷകന് ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാൻ അർഹത ലഭിച്ചുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത് ബീജത്തിന്റെ

ഗുണനിലവാരത്തെ കുറിച്ചാണ്. ഇന്ന് കേരളത്തിലെ 95 ശതമാനം പശുക്കളും സങ്കരയിനം പശുക്കളാണ്. അത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ല. കേരളത്തിൽ ഇത്രയധികം സങ്കരയിനം പശുക്കൾ എങ്ങനെയാണ് വന്നതെന്ന് കേന്ദ്ര വകുപ്പുമന്ത്രി ഒരവസരത്തിൽ ഞങ്ങളോട് ചോദിച്ചിരുന്നു. കേരളത്തിൽ കെ.എൽ.ഡി.ബി. (Kerala Livestock Development Board) ആണ് ആവശ്യമായ ബീജം ഉൽപാദിപ്പിച്ചുനൽകുന്നത്. അതുകൊണ്ടുതന്നെ കേരളത്തിന് മാത്രമല്ല, ഇതര സംസ്ഥാനങ്ങൾക്കും കെ.എൽ.ഡി.ബി. ബീജം നൽകുന്നുണ്ട്. ഏത് പശുവിന്റെ ബീജം വേണമെന്ന് ചൂണ്ടിക്കാണിച്ചാൽ അതനുസരിച്ചുള്ള ബീജം എത്തിക്കാനുള്ള സംവിധാനം ഇന്ന് കേരളത്തിലുണ്ട്. ബീജം മാറ്റിക്കൊടുക്കുന്നുവെന്ന പരാതി പലപ്പോഴും വരാറുണ്ട്. ഏത് ബീജമാണ് കൊടുക്കുന്നത്, ആരാണ് കൊടുക്കുന്നത് തുടങ്ങിയ കാര്യങ്ങളെല്ലാം കൃത്യതയോടുകൂടി നമുക്ക് അറിയാൻ സാധിക്കും. പലപ്പോഴും പശുക്കൾ പ്രസവിക്കുന്നത് കാളക്കുട്ടികൾ ആകാറുണ്ട്. അതിനെ വളർത്തിയെടുത്ത് മാംസമാക്കി മാറ്റാൻ മാത്രമേ സാധിക്കുകയുള്ളൂ. കേരളത്തിൽ കെ.എൽ.ഡി.ബി. ഉൽപാദിപ്പിക്കുന്ന ബീജമുണ്ടെങ്കിലും പശുക്കുട്ടി തന്നെ

പിറവിയെടുക്കാൻ കഴിയുംവിധത്തിലുള്ള സെക്സ് സോർട്ടഡ് സെമൻ ആവശ്യമുള്ളവർക്ക് കേരളത്തിന് പുറത്തുനിന്ന് കൊണ്ടുവന്ന് കൊടുക്കുകയും അതിന് 450 മുതൽ 500 രൂപ വരെ കർഷകരിൽനിന്ന് ഈടാക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ പശു അല്ല പിറക്കുന്നതെങ്കിൽ ആ പണം അവർക്കുതന്നെ തിരികെ കൊടുക്കുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് കൊണ്ടുവന്നിരിക്കുന്നത്. കേരളത്തിലെ വെറ്ററിനറി യൂണിവേഴ്സിറ്റി, അവിടത്തെ നാൽപതോളം പശുക്കളിൽ നടത്തിയ പരീക്ഷണത്തിൽ ഏകദേശം 35 എണ്ണവും പശുക്കളായിത്തന്നെ പിറവിയെടുത്തു. നമ്മുടെ സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും അത് വ്യാപകമായി കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. കാരണം കർഷകന് വരുംവർഷം ഒരു പശുവിനെക്കൂടി ലഭിക്കുകയും അതിന്റെകൂടി പാൽ ഉൽപാദിപ്പിക്കാൻ സാധിക്കുകയും ചെയ്യും. ക്ഷീരോൽപാദനക്ഷമതയിൽ ഒന്നാം സ്ഥാനം പഞ്ചാബിനും രണ്ടാം സ്ഥാനം കേരളത്തിനുമാണ്. കേരളത്തിൽ ഒരു പശുവിൽനിന്ന് ശരാശരി 10.77 ലിറ്റർ പാലാണ് ലഭിക്കുന്നത്. അത് പഞ്ചാബിനെപ്പോലെ 14 ലിറ്ററാക്കി

ഉയർത്താനുള്ള സംവിധാനങ്ങളും സൗകര്യങ്ങളും ഞങ്ങൾ ഇപ്പോൾ ആലോചിക്കുകയാണ്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പഞ്ചാബിലെ കർഷകർ എരുമയെയാണ് കൂടുതൽ വളർത്തുന്നതെന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; കേരളത്തിൽ മേൽത്തരം ഉൽപാദനക്ഷമതയുള്ള എരുമകളെ വളർത്തുന്നതിന് പ്രത്യേകമായ പരിഗണന നൽകാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിൽ നമുക്ക് നല്ല പശുക്കളാണുള്ളത്. അത് സങ്കരയിനം പശുക്കളാണ്. അവ കേരളത്തിന്റെ കാലാവസ്ഥയിൽ വളരുന്നതാണ്. എരുമയെ കൊണ്ടുവന്ന് വളർത്തിയാൽ കേരളത്തിന്റെ കാലാവസ്ഥ അവയ്ക്ക് അനുകൂലമാകണമെന്നില്ല. അതുകൊണ്ടാണ് ചിലയിടങ്ങളിൽ മാത്രം എരുമയെ വളർത്തുന്നത്. എരുമപ്പാലിന് കട്ടി കൂടുതലാണ്. പക്ഷേ കേരളത്തിലെ കാലാവസ്ഥയ്ക്ക് പശുക്കളെത്തന്നെ വളർത്തേണ്ടിവരും. 35 മുതൽ 40 ലിറ്റർ വരെ പാൽ തരുന്ന ഒട്ടേറെ പശുക്കൾ കേരളത്തിലുണ്ട്. അവയ്ക്ക് നല്ലയിനം തീറ്റ കൊടുക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. നല്ലയിനം തീറ്റ കൊടുക്കുന്നതനുസരിച്ച്

പശുക്കൾ നല്ലതുപോലെ പാൽ തരും. കേരളത്തിൽ വെച്ചൂർ പശുക്കളും കാസർഗോഡ് കുള്ളനമൊക്കെയുണ്ട്. ആയിരത്തിലേറെ പശുക്കളുണ്ടെങ്കിൽ അവ കേരളത്തിന്റെ തനത് പശുക്കളായാണ് കണക്കാക്കുന്നത്. അപ്പോൾ മേൽപ്പറഞ്ഞ രണ്ട് പശുക്കളും കേരളത്തിന്റെ തനത് പശുക്കളാണ്. ഇനിയും കൂടുതൽ തനതുപശുക്കളെ കൊണ്ടുവരണം. എന്നാൽ കേരളത്തിലെ ഭൂരിഭാഗം കർഷകരും ചെറിയ പശുക്കളായ തനത് പശുക്കളെ ഇഷ്ടപ്പെടുന്നില്ല. തനത് പശുക്കൾ പോഷകഗുണമുള്ള എ 2 മിൽക്കാണ് തരുന്നത്. അത് കുഞ്ഞുങ്ങൾക്കും കുടിക്കാവുന്നതും വിലയേറിയതുമാണ്. ഒരു ലിറ്റർ പാലിന് 100 രൂപയ്ക്കുമേൽ വിലയുണ്ട്. പ്രിയപ്പെട്ട ശ്രീ. കെ. കൃഷ്ണൻകുട്ടിയും എ 2 മിൽക് കൂടുതലായി കൊണ്ടുവരണമെന്ന് ഇപ്പോൾ പറയുകയുണ്ടായി. പലപ്പോഴും വലുതായിട്ട് രോഗങ്ങളൊന്നും പിടിപെടാത്തവയാണ് തനത് പശുക്കൾ. പുല്ലുകളും മറ്റുമാണ് അവ കഴിക്കുന്നത്. ചില എം.എൽ.എ.-മാർ പറഞ്ഞതുപോലെ ക്ഷീരകർഷകർക്ക് ഉൽപാദനച്ചെലവ് കൂടുതലാണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. പഞ്ചാബ്, ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളെ പോലെയല്ല കേരളം. കാരണം

അവിടെയെല്ലാം ആവശ്യത്തിന് സ്ഥലസൗകര്യമുള്ളതുകൊണ്ട് എവിടെ വേണമെങ്കിലും അവർക്ക് പുൽകൃഷി ചെയ്യാം. എന്നാൽ കേരളത്തിൽ കാലിത്തീറ്റയ്ക്കാവശ്യമായ മുഴുവൻ ചേരുവകളും അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്നാൽ മാത്രമെ കേരളാ ഫീഡ്സും മിൽമാ ഫീഡ്സും പോലുള്ള സ്ഥാപനങ്ങൾക്ക് അത് കാലിത്തീറ്റയാക്കി വിപണയിലെത്തിക്കാൻ സാധിക്കുകയുള്ളൂ. ഈ സ്ഥാപനങ്ങൾ 100 കോടി രൂപയുടെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. മിൽമാ ഫീഡ്സും കേരള ഫീഡ്സും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അവരുടെ നഷ്ടം നികത്താൻ കന്നുകുട്ടി പരിപാലന പദ്ധതിയുൾപ്പെടെയുള്ള ചില പദ്ധതികൾ സർക്കാർ നൽകിയിരുന്നു. എന്നാൽ കഴിഞ്ഞ തവണ അത് നൽകാൻ സാധിക്കാത്തതിനാൽ അവർ വീണ്ടും നഷ്ടത്തിലേക്ക് പോകുകയാണ് ചെയ്തത്. അതുകൊണ്ട് ഇത്തരത്തിലുള്ള ചില സ്കീമുകൾകൂടി അവർക്ക് നൽകികൊണ്ട് കേരളത്തിലെ കന്നുകാലികൾക്കാവശ്യമായ തീറ്റയുടെ ഉൽപാദനം മുടങ്ങാതെ നോക്കേണ്ടതുണ്ട്. ഈ നഷ്ടത്തിനിടയിലും കേരളത്തിൽ കഴിഞ്ഞ ഓണക്കാലത്തും വെള്ളപ്പൊക്കമുണ്ടായ ഘട്ടത്തിലുമൊക്കെ

കാലിത്തീറ്റയുടെ വില അവർ കുറയ്ക്കുകയുണ്ടായി. മലബാർ മേഖലയിൽ മിൽമ ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 250 രൂപയും കേരള ഫീഡ്സ് 100 രൂപയും കുറച്ചുകൊണ്ടാണ് കൊടുത്തത്. മാത്രമല്ല, മിൽമയുടെ 85 ശതമാനം ഫണ്ടും ക്ഷീരകർഷകരുടെ സഹായത്തിനുവേണ്ടി ക്ഷീരസംഘങ്ങൾ വഴിയാണ് കൊടുക്കുന്നത്. കഴിഞ്ഞ ജൂലൈ മാസം മിൽമ മലബാർ മേഖലയിൽ ഒരു ലിറ്റർ പാലിന് അധികമായി 5 രൂപയും 6 രൂപയും കൊടുത്തു. എറണാകുളം മേഖലയിൽ അധികമായി നൽകിയ 9 രൂപയിൽ 6 രൂപ ക്ഷീരകർഷകർക്കും 2 രൂപ ക്ഷീരസംഘങ്ങൾക്കും 1 രൂപ മറ്റിതര മേഖലകൾക്കുമാണ്. തിരുവനന്തപുരം മേഖലയിൽ ഒരു ലിറ്റർ പാലിന് അധികമായി 5 രൂപവീതം നൽകുകയാണ്. മിൽമയുടെ ഇത്തരത്തിലുള്ള വ്യത്യസ്തങ്ങളായ ഒട്ടേറെ പദ്ധതികൾ വരുന്നതിന്റെ പ്രയോജനം ലഭിക്കുന്നത് ക്ഷീരസംഘത്തിൽ പാലളക്കുന്ന ക്ഷീരകർഷകർക്കാണ് എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ഇതൊന്നും ആരും അറിയുന്നില്ല. ത്രിതല പഞ്ചായത്ത് സംവിധാനത്തിൽ പ്രോജക്ട് വച്ചിട്ടാണ് 3 രൂപ സബ്സിഡി നൽകുന്നത്. പാലിന് വില കൂട്ടണമെന്ന ആവശ്യമുയരുമ്പോൾ കേരളത്തിൽ അത്

നടപ്പാക്കണമെങ്കിൽ കോടിക്കണക്കിന് രൂപ മാറ്റിവയ്ക്കേണ്ടി വരും. കഴിഞ്ഞ തവണ ആയിനത്തിൽ 26 കോടി രൂപ മാറ്റിവച്ചെങ്കിലും ത്രിതല പഞ്ചായത്തിന്റെ പദ്ധതികൾ അംഗീകരിച്ച് വരാത്തതുകൊണ്ട് ഒരു മാസത്തെ സബ്സിഡി നൽകിയത് ഇവിടത്തെ ഫണ്ടിൽനിന്നാണ്. സബ്സിഡിയിനത്തിൽ ഇടുക്കി ജില്ലയിലെ ഒരു ക്ഷീരകർഷകനാണ് ഏറ്റവും കൂടുതൽ പണം വാങ്ങിയത്. ഒരു മാസത്തെ സബ്സിഡിയായി അദ്ദേഹം ഒന്നര ലക്ഷം രൂപയാണ് വാങ്ങിയത്. ഈ കണക്കുകളെല്ലാം ഞാൻ നേരത്തെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. അത്തരത്തിൽ പണം വാങ്ങിയ ധാരാളം ക്ഷീരകർഷകരെ കേരളത്തിൽ കാണാം. ഇന്ന് എല്ലാ പഞ്ചായത്തുകളും സബ്സിഡിക്കായി ഫണ്ട് നീക്കിവയ്ക്കുന്നുണ്ട്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് സബ്സിഡി നൽകണമെന്ന് കാണിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്. അത് അവർ നൽകുന്നുമുണ്ട്. ഇന്ത്യയിൽ, പാലിന് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. അതുകൊണ്ടാണ് കർണ്ണാടകയിലെ പാൽ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യാൻ

അവർ തീരുമാനിച്ചെങ്കിലും കത്തിടപാടിലൂടെയും മറ്റും ഞങ്ങൾ അത് നിർത്തലാക്കിയത്. കേരളത്തിലെ 152 ബ്ലോക്കുകളിലും വെറ്ററിനറി ആംബുലൻസുകൾ നൽകാൻ തീരുമാനിച്ചത് ഈ നിയമസഭയാണ്. അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ കേന്ദ്ര സർക്കാർ 29 ആംബുലൻസുകളുടെ ഫണ്ട് ആദ്യം നൽകിയിരുന്നു. ഇടുക്കി ജില്ലയിലെ പ്രശ്നങ്ങൾ പരിഹരിക്കാനായി മൂന്ന് ആംബുലൻസുകളും ബാക്കി ജില്ലകൾക്ക് രണ്ട് ആംബുലൻസുകളും വീതം നൽകി. ബാക്കിയുള്ള ആംബുലൻസുകൾക്ക് ഞങ്ങൾ തന്നെ ഫണ്ട് വച്ചുകൊണ്ട് അനുവദിക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ  അനുമതി ലഭിച്ചുകഴിഞ്ഞാൽ അത് നടപ്പാക്കുന്നതിൽ ഒരു തടസ്സവുമില്ല. അപ്പോൾ എല്ലാ ബ്ലോക്കുകളിലും ആംബുലൻസ് സേവനമുണ്ടാകും. ആരും നേരിട്ട് ഡോക്ടറെ വിളിക്കേണ്ടതില്ല. തിരുവനന്തപുരത്ത് ഇതിനോടകം ഒരു കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. അവിടേയ്ക്ക് '1962' എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ചാൽ മതിയാകും. എല്ലാ ആംബുലൻസുകൾക്കും ആവശ്യമായ ഡോക്ടർമാരെയും ഡ്രൈവർ-കം-അറ്റൻഡറെയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കാനുള്ള

തീരുമാനവുമെടുത്തിട്ടുണ്ട്. അതിനുള്ള അഭിമുഖ പരീക്ഷ നടന്നുകൊണ്ടിരിക്കുകയാണ്. എസ്.എൽ.ബി.പി. (സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിങ് പ്രോഗ്രാം), ഗോവർദ്ധിനി, ക്ഷീരസാന്ത്വനം, കന്നുകുട്ടി പരിപാലനം തുടങ്ങിയ പദ്ധതികൾ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. എല്ലാ ജില്ലകളിൽനിന്നും ഏതെങ്കിലും ഒരു കർഷകനെ തിരഞ്ഞെടുത്ത് 15 ലക്ഷം രൂപ അനുവദിച്ച് 40 കന്നുകുട്ടികളെ വാങ്ങി വളർത്തിയെടുക്കുന്ന ഒരു സംവിധാനം നിലവിൽ കേരളത്തിൽ ആരംഭിച്ചിട്ടുണ്ട്. ഭൂരിഭാഗം കർഷകരും പശുക്കളെ വാങ്ങാൻ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് കാണുന്നത്. അത് ഒഴിവാക്കാൻ മിക്കവാറുമുള്ള എല്ലാ ജില്ലകളിലും കിടാരി പാർക്കുകൾ ആരംഭിക്കാൻ പദ്ധതിയിടുന്നു. കേരളത്തിന് പുറത്തുപോകാതെ കേരളത്തിൽനിന്നുതന്നെ കർഷകരുടെ ആവശ്യാനുസരണം പശുക്കളെ വാങ്ങാനുള്ള സംവിധാനമാണ് ഞങ്ങൾ ആലോചിക്കുന്നത്. ഇത്തരത്തിൽ നിരവധി പദ്ധതികളെക്കുറിച്ച് പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം ഞാനതിന് മുതിരുന്നില്ല.

മൃഗസംരക്ഷണ-സംരംഭക-ആരോഗ്യ രംഗത്തെ വിവിധ വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര ബിരുദം, ഡോക്ടറൽ ഡിപ്ലോമ കോഴ്സുകൾ തുടങ്ങിയ കോഴ്സുകൾ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാലയിൽ നടത്തിവരുന്നുണ്ട്. ഇതൊന്നും നടത്തുന്നില്ലെന്നുപറഞ്ഞ ശ്രീമതി ഉമ തോമസ് ഉൾപ്പെടെ ഇത് ശ്രദ്ധിക്കണം. വെറ്ററിനറി സയൻസ്, ഡയറി സയൻസ് എന്നിവയിൽ ബിരുദ, ബിരുദാനന്തര ഡോക്ടറൽ കോഴ്സുകൾക്ക് സർക്കാർ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ ലഭിക്കുന്നത്. ഏകദേശം 2500 വിദ്യാർത്ഥികൾ ഇവിടെനിന്നും പഠിച്ചിറങ്ങുന്നുണ്ട്. മൃഗസംരക്ഷണ പരിപാലന-പൊതുജനാരോഗ്യരംഗത്ത് കർഷകർക്കും സംരംഭകർക്കും ഉപകാരപ്രദമാകുന്ന രീതിയിൽ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം മൃഗസംരക്ഷണ രംഗത്തുണ്ടായ തിരിച്ചടികളെ മറികടക്കാൻ നൂതന ശാസ്ത്രീയ ഗവേഷണ പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു കാലാവസ്ഥ വ്യതിയാന ഗവേഷണ പഠനകേന്ദ്രം വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രം ഞാൻ സന്ദർശിച്ചിട്ടുള്ളതുമാണ്. കാലാവസ്ഥ

വ്യതിയാനമനുസരിച്ച് പശുക്കളെ സംരക്ഷിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഒരു കേന്ദ്രമാണ് ഇപ്പോൾ അവിടെ രൂപപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്ന് മാസങ്ങൾക്കുമുമ്പ് കേരളത്തിലുണ്ടായ കഠിനമായ ചൂടിൽ അഞ്ഞൂറ്റിയൻപതോളം പശുക്കളാണ് മരണപ്പെട്ടത്. പശുക്കൾ ഇത്തരത്തിൽ മരണപ്പെടുന്ന സാഹചര്യങ്ങളിൽ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ക്ഷീരകർഷകർക്ക് ആനുകൂല്യങ്ങൾ നൽകുന്നില്ല. എന്നാൽ, കേരളത്തിൽ ഒരു പശു മരണപ്പെട്ടാൽ വലിയ പശുവിന് 30,000/- രൂപയും ചെറിയ പശുവിന് 16,000/- രൂപയും ഏറ്റവും ചെറിയ പശുവിന് 5,000/- രൂപയും വീതം ക്ഷീരകർഷകർക്ക് നഷ്ടപരിഹാരമായി നൽകാൻ തീരുമാനിക്കുകയും പ്രസ്തുത തുക നൽകാനുള്ള സ്ഥിതിയിലെത്തുകയും ചെയ്തിട്ടുണ്ട്. ചർമ്മരോഗം ബാധിച്ച് കേരളത്തിൽ എണ്ണൂറോളം പശുക്കൾ മരണപ്പെടുകയുണ്ടായി. എന്നാൽ അത്രയും പശുക്കളെ സംബന്ധിച്ച റിപ്പോർട്ട് താഴെത്തട്ടിൽനിന്നും വകുപ്പിലേക്ക് ലഭിച്ചിട്ടില്ല. അത് ലഭ്യമാകുന്നമുറയ്ക്ക് അവർക്കും ഇതേനിലയിലുള്ള ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപോലെയുള്ള കാര്യങ്ങൾ അതതുസമയങ്ങളിലെ അവസ്ഥയ്ക്കനുസരിച്ച് ചെയ്യുന്നുണ്ട്. പലപ്പോഴും പശുക്കളെ

ഇൻഷ്വർ ചെയ്യാൻ ക്ഷീരകർഷകർക്ക് സാധിക്കുന്നില്ല. പശുക്കൾക്ക് മുപ്പതിനായിരം രൂപയ്ക്കുമുകളിൽ ഇൻഷ്വറൻസ് ലഭിക്കുന്ന പദ്ധതി ഇപ്രാവശ്യം കൊണ്ടുവരുന്നുണ്ട്. അതുവഴി ഒരു പശു മരണപ്പെട്ടാൽ മറ്റൊരു പശുവിനെതന്നെ വാങ്ങാനുള്ള സംവിധാനമാണുണ്ടാക്കുന്നത്. ഇതിനുമുമ്പ് ഇൻഷ്വറൻസ് ഇല്ലാത്ത പശുക്കൾ മരണപ്പെട്ടാൽ ഒരു പശുവിന് 15,000/- രൂപ നഷ്ടപരിഹാരം മിൽമയിലൂടെ നൽകുമായിരുന്നു. തൃശ്ശൂരിൽ ഒരു ക്ഷീരകർഷകന്റെ 3 പശുക്കൾ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടപ്പോൾ മൂന്ന് പശുക്കൾക്കുമായി 45,000/- രൂപ നൽകിയത് ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയാണ്. മൃഗരോഗങ്ങളെ പ്രതിരോധിക്കുന്നതിന് വിവിധ പ്രതിരോധ ചികിത്സാ സംവിധാനം ഗവേഷണത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണമായി, താറാവ് വസന്ത രോഗത്തിനെതിരെയുള്ള Riemerella വാക്സിൻ. മാത്രമല്ല കേരളത്തിലെ കാലാവസ്ഥയ്ക്കനുയോജ്യമായ വിവിധ പക്ഷി വർഗം ജനുസുകളെയും നീണ്ടകാലത്തെ ഗവേഷണത്തിലൂടെ വികസിപ്പിച്ചെടുത്തു. 'ചൈത്ര' എന്ന പേരിൽ താറാവിനെയും 'തലശ്ശേരി' , 'ഗ്രാമശ്രീ' എന്നീ പേരുകളിൽ കോഴികളെയും വികസിപ്പിച്ചെടുത്തത്

വെറ്ററിനറി യൂണിവേഴ്സിറ്റിയാണ്. സർവകലാശാലയുടെ കീഴിൽ പാൽ, മുട്ട, മാംസം എന്നിവയിൽ മൂല്യവർധിത ഉൽപന്നങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇന്ത്യയിലെതന്നെ ഏറ്റവും മികച്ച ഇറച്ചി ഉൽപന്ന-നിർമ്മാണ-സംസ്കരണ യൂണിറ്റ് മണ്ണുത്തിയിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. അതുവഴി നല്ലൊരു വരുമാനം വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്നുമുണ്ട്. അക്കാദമിക രംഗത്ത് മികച്ച വെറ്ററിനറി, ഡയറി പ്രൊഫഷണലുകളെ വാർത്തെടുക്കുകയും ഏറ്റവും മികച്ച റാങ്ക് നേടിയ വിദ്യാർഥികളെ പുറത്തിറക്കുകയും ചെയ്തതിന് സർവകലാശാലയ്ക്ക് കേന്ദ്ര കാർഷിക ഗവേഷണ കൗൺസിലിന്റെ അവാർഡ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ നൂതന സാങ്കേതികവിദ്യകൾ സർവകലാശാലയുടെ വിവിധ ഡിപ്പാർട്ടുമെന്റുകൾ വഴി വികസിപ്പിക്കുകയും അവ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ കർഷകരിലേക്കും സംരംഭകരിലേക്കും എത്തിക്കുകയും ചെയ്യുന്നു. ഈ മേഖലയിലെ ഗവേഷണ പ്രവർത്തനങ്ങൾക്കായി സർവകലാശാലയിലെ ശാസ്ത്രജ്ഞർക്ക് പേറ്റന്റ് ലഭിച്ചിട്ടുണ്ട്. സർവകലാശാലയുടെ വിവിധ ഇൻസ്ട്രക്ഷണൽ ഫാമുകളിൽ പശു, ആട്, കോഴി, മുയൽ മുതലായവയെ വളർത്തി വിദ്യാർഥികൾക്കും കർഷകർക്കും

പരിശീലനം നടത്തിവരുന്നു. മണ്ണുത്തി വെറ്ററിനറി കോളേജ് കാമ്പസിൽ RIDF (Rural Infrastructure Development Fund) പദ്ധതിയിലുൾപ്പെടുത്തി 31 കോടി രൂപ അടങ്കലിൽ BSL-3 നിലവാരത്തിലുള്ള ലാബ് സമുച്ചയത്തിന്റെ നിർമ്മാണം എഴുപത് ശതമാനത്തോളം പൂർത്തീകരിക്കുകയും ബാക്കി പ്രവർത്തനങ്ങൾ ഉടൻതന്നെ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്. പൂക്കോട് വെറ്ററിനറി കോളേജ് കാമ്പസിൽ വയനാട് പാക്കേജിലുൾപ്പെടുത്തി 5 കോടി രൂപ അടങ്കൽ പദ്ധതിയിൽ ഡയറി ഇൻകുബേഷൻ സെന്ററിനും 5 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആധുനിക മൃഗാശുപത്രിക്കും അനുമതി ലഭിച്ചിട്ടുണ്ട്. മണ്ണുത്തി കാമ്പസിൽ കിഫ്ബിയുടെ സഹായത്തോടുകൂടി 17 കോടി രൂപ ചെലവിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ പദ്ധതി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ബി.എസ്.എൻ.എൽ.-ന്റെ റീജിയണൽ ടെലികോം ട്രെയിനിങ് സെന്ററായി പ്രവർത്തിച്ചുവരുന്ന എല്ലാവിധ സൗകര്യങ്ങളുമുള്ള കെട്ടിടത്തിലാണ് നിലവിൽ ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജ് പ്രവർത്തിക്കുന്നത്. എന്നാൽ തിരുവനന്തപുരം നെട്ടുകാൽത്തേരി തുറന്ന ജയിലിനോടുചേർന്ന 16 ഏക്കർ സ്ഥലം വെറ്ററിനറി യൂണിവേഴ്സിറ്റിക്കും

ക്ഷീരവികസന വകുപ്പിനുമായി അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചതുപ്രകാരം പ്രസ്തുത സ്ഥലം വകുപ്പിന് ലഭ്യമാകുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുകയാണ്. ഇതുസൂചിപ്പിക്കാനുള്ള കാരണം, നിലവിൽ ഡയറി സയൻസ് ആൻഡ് ടെക്നോളജി കോളേജ് വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ ധാരാളം ബുദ്ധിമുട്ടുകൾ വെറ്ററിനറി യൂണിവേഴ്സിറ്റി നേരിടുന്നുണ്ട്. അത് പരിഹരിക്കാൻ സർവകലാശാലയിൽത്തന്നെ പ്രസ്തുത കോളേജ് സ്ഥാപിക്കുന്നതിനാണ് തിരുവനന്തപുരം നെട്ടുകാൽത്തേരി ജയിലിനോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചത്. സർവകലാശാലയുടെ സാമ്പത്തിക സ്രോതസ്സെന്നുപറയുന്നത് സർക്കാരിന്റെ പദ്ധതി-പദ്ധതിയേതര ഫണ്ടുകളും വെറ്ററിനറി സർവകലാശാലയുടെ തനതുഫണ്ടുമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നതുപോലുള്ള ബുദ്ധിമുട്ടുകളില്ല. ഉദ്യോഗസ്ഥർക്ക് ലഭിക്കേണ്ട ചില ആനുകൂല്യങ്ങൾക്ക് കുറച്ച് കാലതാമസമുണ്ടായിയെന്നല്ലാതെ വെറ്ററിനറി യൂണിവേഴ്സിറ്റി വളരെ കൃത്യതയോടുകൂടി പ്രവർത്തിച്ച് മുന്നോട്ടുപോകുകയാണ്. സർവകലാശാലയിൽ ഡയറി സയൻസ് കോളേജിനുൾപ്പെടെ പുതുതായി 69

തസ്തികകൾ സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുണ്ടെങ്കിലും ആരെയും നിയമിച്ചിട്ടില്ല. അതിനായുള്ള നടപടിയിലേയ്ക്ക് പോകുകയാണ്. നിയമാനുസൃതമായി മാത്രമേ അവിടെ നിയമനം നടത്തുകയുള്ളൂ. ദിവസ വേതനാടിസ്ഥാനത്തിലോ മറ്റ് രീതിയിലോ നിയമനം നടത്തുകയില്ല. അവിടെ ആരെയൊക്കെയോ പിൻവാതിൽ നിയമനത്തിലൂടെ കയറ്റുന്നുവെന്ന് ചില എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചത് വളരെ മോശമാണ്. അങ്ങനെയൊന്നും വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ നടക്കുന്നില്ല. വൈസ് ചാൻസലർ ഉൾപ്പെടെയുള്ളവരുടെ സേവനം അവിടെയുണ്ടെന്നും വൈസ് ചാൻസലറെ നിയമിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട ഗവർണ്ണറാണെന്നുമുള്ള യാഥാർഥ്യം നിങ്ങൾ മനസ്സിലാക്കണം. 2023-ലെ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമന്റ്മെന്റ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് സഭയോട് അഭ്യർഥിക്കുകയാണ്.

2023-ലെ കേരള കന്നുകാലി പ്രജനന ബില്ലിന് വിയോജനം രേഖപ്പെടുത്തിക്കൊണ്ട് മൂന്ന് ബഹുമാന്യരായ അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ കർഷകവിരുദ്ധമാണെന്ന

വാദമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ചത്. അദ്ദേഹത്തിന്റെ വാദം യാതൊരു അടിസ്ഥാനവുമില്ലാത്തതാണ്. മികച്ചയിനം കന്നുകാലികളുണ്ടാകേണ്ടത് കർഷക താല്പര്യമാണ്. ശാസ്ത്രീയമായ രീതിയിൽ നല്ലയിനം കന്നുകാലികളെ വികസിപ്പിച്ചാൽ മാത്രമെ കർഷകരുടെ താല്പര്യം സംരക്ഷിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. അതുകൊണ്ട് കർഷകരെ ഈ നിയമം പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. ഈ നിയമത്തിൽ അങ്ങനെയുള്ള യാതൊരു വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുമില്ല. കൃത്രിമ ബീജാധാനം നടത്തുന്ന സെമൻ സ്റ്റേഷനുകൾ, സെമൻ ബാങ്കുകൾ, എ.ഐ. കേന്ദ്രങ്ങൾ എന്നിവയെ ഈ നിയമത്തിലൂടെ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരാനാണ് ലക്ഷ്യമിടുന്നത്. ഈ ബിൽ പ്രാബല്യത്തിൽ വരുന്നതോടെ ഇതുമായി ബന്ധപ്പെട്ട് ബിസിനസ് ഇടപാടുകൾ നടത്തുന്ന ഓരോ വ്യക്തിയും രേഖകൾ സൂക്ഷിക്കുന്നതിനും അവ സമർപ്പിക്കുന്നതിനും രജിസ്ട്രേഷൻ നടപടികളിലൂടെ കടന്നുപോകുന്നതിന് നിർബന്ധിതരാകും. അതാണ് ഈ നിയമത്തിന്റെ ഒരു പ്രത്യേകത. രണ്ടാമത്തെ ആരോപണം, ഈ ബില്ലിൽ സാധാരണക്കാർക്ക് കോടതിയെ സമീപിക്കാൻ

അവകാശമില്ലാതാകുന്നുവെന്നതാണ്. ഇതിനും യാതൊരു അടിസ്ഥാനവുമില്ല. ബില്ലിൽ 17-ാം ഖണ്ഡത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായ വ്യവസ്ഥയുണ്ട്. ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയോ വ്യവസ്ഥകളിൽ ലംഘനമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ ഏതൊരാൾക്കും അപ്പലേറ്റ് അതോറിറ്റിയിൽ പരാതി നൽകാം. അങ്ങനെ പരാതി ലഭിച്ചാൽ അതോറിറ്റിക്ക് അന്വേഷണം നടത്താവുന്നതും കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്കെതിരെ ക്രിമിനൽ കോടതിയിൽ പരാതി നൽകാവുന്നതുമാണ്. ആരോപണവിധേയരായവരെ ക്രിമിനൽ കോടതി മുഖേന പ്രോസിക്യൂട്ട് ചെയ്യുന്നതിനുമാത്രമാണ് അതോറിറ്റിയോ അതോറിറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരോ അല്ലാത്തവർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ ആക്റ്റ് പ്രകാരമുള്ള കുറ്റങ്ങൾ ടെക്നിക്കൽ സ്വഭാവമുള്ളവയാണ്. ലാബ് റിപ്പോർട്ട് പോലെയുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ ലംഘനം സംബന്ധിച്ച് തീർച്ചപ്പെടുത്താനാകൂ. അതിനാലാണ് അതോറിറ്റിയുടെ പരാതിയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കോടതിയെ സമീപിക്കേണ്ടതെന്ന് വ്യവസ്ഥ വച്ചിട്ടുള്ളത്. ഇത്തരത്തിൽ സമാനമായി

വ്യവസ്ഥ ചെയ്തിട്ടുള്ള നിരവധി നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഉദാഹരണമായി ഭക്ഷ്യ സുരക്ഷാ നിയമം പരിശോധിച്ചാൽ സംസ്ഥാനത്ത് മായം കലർന്ന ഭക്ഷണവിൽപന സംബന്ധിച്ച പരാതികൾ ഉയർന്നാൽ അതിൽ കോടതിയെ സമീപിക്കാനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പുദ്യോഗസ്ഥർക്കാണ് നിയമംവഴി നൽകിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് ഈ വിഷയത്തിൽ പരാതിയുണ്ടെങ്കിൽ അവർ നേരിട്ട് കോടതിയെ സമീപിക്കുകയല്ല വേണ്ടത്, പകരം ഭക്ഷ്യസുരക്ഷാ വകുപ്പുദ്യോഗസ്ഥർ മുഖേന പരാതി സമർപ്പിക്കുകയാണ് വേണ്ടത്. അതുപോലെ ഈ നിയമംവഴി കൊണ്ടുവരുന്ന അതോറിറ്റി മുമ്പാകെ കന്നുകാലി പ്രജനനം സംബന്ധിച്ച് നിയമവിരുദ്ധമായ പ്രവൃത്തി ശ്രദ്ധയിൽപ്പെട്ടാൽ ജനങ്ങൾക്ക് പരാതി കൊടുക്കാവുന്നതാണ്. സംസ്ഥാനത്തിന് പൂർണ്ണമായും അധികാരമുള്ള ഒരു വിഷയത്തിൽ സംസ്ഥാനം നിയമമുണ്ടാക്കുമ്പോൾ ബില്ലിന്റെ വ്യവസ്ഥകൾക്കകത്തുനിന്നുകൊണ്ടാണ് കോടതി നടപടിക്രമവും അതിന്റെ അധികാരവും സംബന്ധിച്ച വ്യവസ്ഥകളും എപ്രകാരം ചെയ്യണമെന്ന് തീർച്ചപ്പെടുത്തുന്നത്. അതിനാൽ ഈ ആരോപണത്തിന് അടിസ്ഥാനമില്ല.

മാത്രമല്ല, പരാതിപരിഹാരത്തിനായി ഏതൊരു പൊതുജനത്തിനും അതോറിറ്റിയെ സമീപിച്ച് വാക്കാലോ രേഖാമൂലമോ പരാതി നൽകാവുന്നതും അങ്ങനെയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടാൽ അതോറിറ്റി അന്വേഷണം നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നിലവിൽ യാതൊരു വിലക്കുമില്ല. ഏതൊരാളിൽനിന്നും നിയമലംഘനം സംബന്ധിച്ച വിവരങ്ങൾ അതോറിറ്റിക്ക് സ്വമേധയാ തേടാവുന്നതാണ്. ഈ ആക്റ്റ് പ്രകാരമെടുക്കുന്ന മറ്റ് നടപടികൾക്ക്, അതായത് രജിസ്ട്രേഷൻ റദ്ദാക്കുക, താൽക്കാലികമായി രജിസ്ട്രേഷൻ നിർത്തിവയ്ക്കുക, സാമ്പിൾ പരിശോധിക്കുക, അത് പിടിച്ചെടുക്കുക, മുദ്ര വയ്ക്കുക തുടങ്ങിയ നടപടികളും പൊതുജനത്തിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ അതോറിറ്റിക്ക് എടുക്കാവുന്നതാണ്.

കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളെ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരുന്നത് നിയമപരമാണോയെന്നതായിരുന്നു മൂന്നാമതായി ഉന്നയിച്ചിട്ടുള്ള വാദം. പ്രസ്തുത ബില്ലിന്റെ 9, 11 ഖണ്ഡങ്ങളിൽ കൃത്രിമ ബീജാധാനത്തിനുള്ള ബീജ മാത്രകൾ ഉൽപാദിപ്പിച്ച് സംഭരിക്കുകയോ സെമൻ സ്റ്റേഷനുകൾ സ്ഥാപിക്കുകയോ പ്രവർത്തിപ്പിക്കുകയോ ഭ്രൂണങ്ങൾ

ഉൽപാദിപ്പിക്കുകയോ കൈമാറ്റം ചെയ്യുകയോ ചെയ്യുന്നതിന് മറ്റ് സ്ഥാപനങ്ങളോടൊപ്പം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുകീഴിൽവരുന്ന ഈ സ്ഥാപനങ്ങളും അതോറിറ്റിയിൽനിന്ന് രജിസ്ട്രേഷൻ നേടണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അത്തരം സ്ഥാപനങ്ങളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നില്ലെങ്കിൽ ബില്ലിലൂടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യം പൂർണ്ണമായും സാധ്യമല്ലാതായി വരും. മാത്രമല്ല, 2013-ലെ കേന്ദ്ര മോഡൽ ബില്ലിൽ സമാനമായ വ്യവസ്ഥ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുമുണ്ട്. അതേ രീതിയിൽത്തന്നെ മറ്റ് എട്ട് സംസ്ഥാനങ്ങളിലും ഇന്ന് ഈ നിയമം പാസ്സാക്കിയിട്ടുണ്ട്. എന്നാൽ, ഈ ബില്ലിൽ എ.ഐ. കേന്ദ്രങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പ്രതിപാദിക്കുന്ന വ്യവസ്ഥയിൽ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. ഒരു നിയമത്തിന്റെ പരിധിയിൽ സർക്കാരിന്റെയോ അതിന്റെ കീഴിലോവരുന്ന സ്ഥാപനങ്ങളെ കൊണ്ടുവരുന്നതിൽ നിയമപരമായി അപകാതയില്ല. സമാനമായ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഉദാഹരണം, കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) നിയമം പ്രകാരം സ്വകാര്യ ആരോഗ്യ

സ്ഥാപനങ്ങൾക്കൊപ്പം സംസ്ഥാന സർക്കാരിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയോ ആരോഗ്യസ്ഥാപനങ്ങൾ രജിസ്ട്രേഷനെടുത്തിരിക്കണമെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

ലോകത്തിലെ ഏറ്റവും വലിയ പാലുൽപാദന രാജ്യമാണ് ഇന്ത്യ. ആഗോള പാലുൽപാദനത്തിന്റെ ഏകദേശം 25 ശതമാനം ഇന്ത്യയുടെ സംഭാവനയാണ്. 2023-ൽ നമ്മുടെ രാജ്യത്തുൽപാദിപ്പിച്ച പാൽ 231 ദശലക്ഷം മെട്രിക് ടൺ ആണ്. ക്ഷീരമേഖലയിൽനിന്നും മാത്രമുള്ള വരുമാനം 16 ലക്ഷം കോടി രൂപയാണ്. ഈ മേഖലയിൽ ഇന്ത്യയിലെ വളർച്ചാ നിരക്ക് 6 ശതമാനമാണ്. ലോകത്ത് 2.2 ശതമാനം വളർച്ച മുരടിപ്പുണ്ടായ സാഹചര്യത്തിലാണ് ഇന്ത്യയിലെ ഈ വളർച്ച. ദേശീയതലത്തിൽ പാലിന്റെ പ്രതിശീർഷ ഉപയോഗം 459 ഗ്രാമാണ്. അതേസമയം ആഗോളതലത്തിൽ ഇത് 322 ഗ്രാം മാത്രമാണ്. ഈ സുപ്രധാന സ്ഥാനത്തിനുകാരണം ക്ഷീരമേഖലയിൽ അവലംബിച്ചുവരുന്ന മാതൃകാ കൃഷി രീതികളിലെ പുരോഗതികൊണ്ടാണ്. രാജ്യത്ത് 8 കോടിയോളം വരുന്ന ഗ്രാമീണ കുടുംബങ്ങളുടെ ജീവിതമാർഗ്ഗമാണ് ഈ മേഖല. ഈ രംഗത്ത് 60 ലക്ഷം

സ്ത്രീകളാണ് പണിയെടുക്കുന്നത്. നമ്മുടെ രാജ്യത്ത് പാലുൽപാദനക്ഷമതയിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ രണ്ടാം സ്ഥാനം കേരളമാണ്. കേരളത്തിലെ പശുക്കളുടെ ശരാശരി പാലുൽപാദനക്ഷമത പ്രതിദിനം 10.77 ലിറ്ററാണ്. കന്നുകാലി ഇനങ്ങളുടെ ആസൂത്രിതമായ പ്രജനന പരിപാടികൾ രൂപകല്പന ചെയ്ത് നടപ്പാക്കുന്നതിലൂടെയും കന്നുകാലിയിനങ്ങളുടെ മെച്ചപ്പെടുത്തൽ വഴിയുമാണ് ഈ നേട്ടം നമ്മൾ സാധ്യമാക്കിയത്. പാലിന്റെ അനുഗുണ നിലവാരത്തിന്റെ കാര്യത്തിൽ മലബാർ മേഖലയിലെ പാലാണ് രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. 1992 മുതൽ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വഴി നടപ്പാക്കി വരുന്ന സംസ്ഥാനത്തിന്റെ തനത് പ്രജനന നയംമൂലമാണ് ഈ നേട്ടം നിലനിർത്തിപോരാൻ സാധിക്കുന്നത്. പ്രാദേശിക കാലാവസ്ഥയോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടുന്നതും മികച്ച പാലുൽപാദനശേഷിയുള്ളതുമായ സുനന്ദിനി ഇനം പശുക്കളെ നമ്മൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തുടനീളം മൃഗാശുപത്രികളോടും അല്ലാതെയും ചേർന്ന് പ്രവർത്തിക്കുന്ന മൂവായിരത്തിലധികം കന്നുകാലി കൃത്രിമ ബീജാധാന കേന്ദ്രങ്ങളുടെയും ഒരു ശൃംഖല നമുക്കുണ്ട്. ഈ പ്രവർത്തനങ്ങളുടെ

ഫലമായി നമ്മുടെ പശുക്കളിൽ 95 ശതമാനവും സങ്കരയിനം പശുക്കളാണ്. ഇക്കാര്യത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്താണ് നമ്മൾ. പ്രജനന നയം കൂടുതൽ കാര്യക്ഷമമായും കൃത്യതയോടുംകൂടി നടപ്പിലാക്കാൻ സാധിച്ചാൽ കൂടുതൽ മെച്ചപ്പെട്ട പാലുൽപാദനം  സാധ്യമാക്കുന്നതിന് നമുക്ക് കഴിയും. അതിന് നിയമത്തിന്റെ പിൻബലം  ആവശ്യമായതുകൊണ്ടാണ് 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. വാഴൂർ സോമൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിലില്ല)

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ഉമ തോമസ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സ്റ്റീഫൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവകലാശാല (ഭേദഗതി) ബിൽ, 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(iii) 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

138. In section 44(3) proposed to be substituted in the principal Act by clause 2, for the words " The Management Council shall submit a copy of the annual accounts and the

audit report to the Government", the words and symbols " The annual accounts and audit report approved by the Management Council shall be submitted to the Government by the Vice-Chancellor" shall be substituted.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

140. In section 44(3) proposed to be substituted in the principal Act by clause 2 for the words " along with", the word " besides" shall be substituted.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. In section 44(3) proposed to be substituted in the principal Act by clause 2 for the words " along with", the word " including" shall be substituted.

152. In section 44(3) proposed to be substituted in the principal Act by clause 2 the words and figures " ending on 31st March of the year" shall be deleted.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

160. In section 44 (3) proposed to be substituted in the principal Act by clause 2 for the figures, letters and words " 31st March of the year" , the figures, letters and words " 31st March of every year" shall be substituted.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

165. In section 44(3) proposed to be substituted in the principal Act by clause 2 for the figures and words " 30th day of September" , the figures and words " 31st day of March" shall be substituted.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

172. In section 44(3) proposed to be substituted in the principal Act by clause 2, for the figures and words " 30th day of September" the figures and words " 31st day of August" shall be substituted.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. In section 44(3), proposed to be substituted in the principal Act by clause 2, for the words " succeeding year" , the words " next financial year" shall be substituted.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. In section 44(3), proposed to be substituted in the principal Act by clause 2, for the words " succeeding year" , the words " succeeding financial year" shall be substituted.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. In section 44(3), proposed to be substituted in the principal Act by clause 2, the words and symbols " if it is in session, and if it is not in session, in the next session immediately following such receipt " shall be deleted.

223. Section 44(3), proposed to be substituted in the principal Act by clause 2, shall be recast as follows:-

" (3) The Management Council shall submit a copy of the annual accounts and the audit report to the Government along with a statement of action taken by the University on the audit report for the financial year, and on such receipt the Government shall cause the same to be laid before the Legislative Assembly on or before the 1st day of March of the succeeding year."

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

206. Section 44(3), proposed to be substituted in the principal Act by clause 2 shall be recast as follows:-

" (3) The management Council shall submit a copy of the annual accounts and the audit report to the Government alongwith a statement of action taken by the University on the audit report for a financial year, on or before the 31st day of March of the succeeding financial year, and on such receipt the Government shall cause the same to be laid before the Legislative Assembly as soon as possible."

226. In Section 44(3) of the principal Act, for the words and symbol " , and the State" , the words figures and symbols " for the financial year ending on 31st March of the year, on or before the 1st day of March of the succeeding year, and on such receipt the" shall be substituted.

മി. സ്പീക്കർ: 133 മുതൽ 136 വരെയുള്ള ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. 141 മുതൽ 143 വരെയുള്ള ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 145 മുതൽ 147 വരെയുള്ള ഭേദഗതികൾ 144-ാം നമ്പർ ഭേദഗതിക്കും 153 മുതൽ 159 വരെയുള്ള ഭേദഗതികൾ 152-ാം

നമ്പർ ഭേദഗതിക്കും 166 മുതൽ 168 വരെയുള്ള ഭേദഗതികൾ 165-ാം നമ്പർ ഭേദഗതിക്കും 173 മുതൽ 174 വരെയുള്ള ഭേദഗതികൾ 172-ാം നമ്പർ ഭേദഗതിക്കും 188-ാം നമ്പർ ഭേദഗതി 187-ാം നമ്പർ ഭേദഗതിക്കും 190-ാം നമ്പർ ഭേദഗതി 189-ാം നമ്പർ ഭേദഗതിക്കും 194 മുതൽ 196 വരെയുള്ള ഭേദഗതികൾ 193-ാം നമ്പർ ഭേദഗതിക്കും 207 മുതൽ 208 വരെയുള്ള ഭേദഗതികൾ 206-ാം നമ്പർ ഭേദഗതിക്കും 222 മുതൽ 225 വരെയുള്ള ഭേദഗതികൾ 223-ാം നമ്പർ ഭേദഗതിക്കും 227 മുതൽ 229 വരെയുള്ള ഭേദഗതികൾ 226-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 144, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു അവതരിപ്പിച്ച 193, 223 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 206, 226 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Smt. Uma Thomas: Sir, I move the following amendment.

103. In the long title the word " further" shall be deleted.

Shri E. T. Taison Master: Sir, I move the following amendment.

109. In the Preamble the word " further" shall be deleted.

Shri P. P. Chitharanjan: Sir, I move the following amendment.

120. Clause 1 (2) shall be recast as follows:-

" (2) It shall be deemed to have come into force on the 1st day of April, 2024."

Sri. K. P. A. Majeed: Sir, I move the following amendment.

128. Clause 1(2) shall be recast as follows:-

" (2) It shall come into force on the day of notification in the Gazette."

മി. സ്പീക്കർ: 104 മുതൽ 107 വരെയുള്ള ഭേദഗതികൾ 103-ാം നമ്പർ ഭേദഗതിക്കും 110-114 വരെയുള്ള ഭേദഗതികൾ 109-ാം നമ്പർ ഭേദഗതിക്കും 121 മുതൽ 123 വരെയുള്ള ഭേദഗതികൾ 120-ാം നമ്പർ ഭേദഗതിക്കും 129 മുതൽ 132 വരെയുള്ള ഭേദഗതികൾ 128-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി ഉമാ തോമസ് അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2023-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ .....................

പ്രതികൂലിക്കുന്നവർ ....................

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## 2023-ലെ കേരള കന്നുകാലി പ്രജനന ബിൽ

**വകുപ്പ് തിരിച്ചുള്ള പരിഗണന**

<u>രണ്ടാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി):

സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

128. 2-ാം ഖണ്ഡത്തിൽ,-

(i) നിലവിലുള്ള (എ) ഉപഖണ്ഡത്തിനു ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-
“ (ബി) “ എ.ഐ. കേന്ദ്രം" എന്നാൽ കൃത്രിമ ബീജാധാനത്തിനുവേണ്ടി ബീജം സൂക്ഷിക്കുന്നതും വിനിയോഗിക്കുന്നതുമായ ഏതൊരു പരിസരവും എന്നർത്ഥമാകുന്നു;” ;

(ii) പുതുതായി ചേർത്ത (ബി) ഉപഖണ്ഡത്തിനുശേഷമുള്ള (ബി) മുതൽ (ടി) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (സി) മുതൽ (യു) വരെ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(iii) പുനരക്ഷരം ചെയ്ത (ഡി) ഉപഖണ്ഡത്തിനു പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

“ (ഡി) “ അംഗീകൃത ഇൻസെമിനേറ്റർ" എന്നാൽ വേറ്ററിനേറിയൻ, മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഫീൽഡ് ആഫീസർ, അസിസ്റ്റൻറ് ഫീൽഡ് ആഫീസർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അതോറിറ്റിയിൽ നിന്നോ അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥാപനത്തിൽ നിന്നോ പരിശീലനം ലഭിച്ച എ.ഐ. ടെക്നീഷ്യൻ എന്നർത്ഥമാകുന്നു;”

(iv) പുനരക്ഷരം ചെയ്ത (യു) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-
" (വി) " ബീജമാത്ര" എന്നാൽ സെമൻ സ്ട്രോയിൽ സൂക്ഷിക്കപ്പെട്ട ബീജത്തിന്റെ ഒരു ഡോസ് എന്നർത്ഥമാകുന്നു;" ;

(v) പുതുതായി ചേർത്ത (വി) ഉപഖണ്ഡത്തിനു ശേഷം വരുന്ന (യു) മുതൽ (എക്സ്) വരെയുള്ള ഉപഖണ്ഡങ്ങളെ യഥാക്രമം (ഡബ്ല്യൂ), (എക്സ്), (വൈ), (ഇസഡ്) എന്നീ ഉപഖണ്ഡങ്ങളായി പുനരക്ഷരം ചെയ്യേണ്ടതാണ്.;

(vi) പുനരക്ഷരം ചെയ്ത (ഇസഡ്) ഉപഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-
" (ഇസഡ് എ) " അനധികൃത ബീജമാത്ര" എന്നാൽ അതോറിറ്റിയുടെ അംഗീകാരം ഇല്ലാത്ത ബീജമാത്ര എന്നർത്ഥമാകുന്നു;" ;

(vii) പുതുതായി ചേർത്ത (ഇസഡ് എ) ഉപഖണ്ഡത്തിന് ശേഷം വരുന്ന (വൈ) ഉപഖണ്ഡത്തെ (ഇസഡ് ബി) ഉപഖണ്ഡമായി പുനരക്ഷരം ചെയ്യേണ്ടതാണ്.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2-ാം ഖണ്ഡത്തിൽ (എ) ഉപഖണ്ഡത്തിൽ താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്.

"വിശദീകരണം ഈ ഉപഖണ്ഡത്തിന്റെ ആവശ്യത്തിലേക്ക് "ഉരു" എന്നാൽ പശു, കിടാരി, എരുമ, എരുമ കിടാരി എന്നർത്ഥമാകുന്നു."

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

133. ഖണ്ഡം 2(എ)-ൽ, "എന്നാൽ സാങ്കേതിക വിദ്യയിലൂടെ" എന്നത് ഒഴിവാക്കുക.

160. ഖണ്ഡം 2 (സി)-ൽ "അതോറിറ്റിയുടെയോ അതോറിറ്റിയുടെ നിർദ്ദേശപ്രകാരമോ" എന്നതിന് പകരം "അതോറിറ്റിയുടെ" എന്ന് ചേർക്കുക.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2(എ)-ൽ, "സാങ്കേതിക വിദ്യയിലൂടെ പ്രജനന പ്രായമെത്തിയ ഉരുക്കളുടെ ഗർഭാശയത്തിൽ" എന്നതിന് പകരം "പ്രജനന പ്രായമെത്തിയ ഉരുക്കളുടെ ഗർഭാശയത്തിൽ സാങ്കേതിക വിദ്യയിലൂടെ" എന്ന് ചേർക്കുക.

147. ഖണ്ഡം 2(ബി)-ൽ "എന്നാൽ" എന്നതിന് ശേഷം "ഈ" എന്ന് ചേർക്കുക.

158. ഖണ്ഡം 2 (സി)-ൽ "അതോറിറ്റിയുടെയോ" എന്നതിന് പകരം "നിർണ്ണയിക്കപ്പെട്ട യോഗ്യതകളുള്ളതും" എന്ന് ചേർക്കുക.

168. ഖണ്ഡം 2 (സി)-ൽ " ലഭിച്ചിട്ടുള്ള" എന്നതിന് പകരം "ലഭിച്ചിട്ടുള്ളതുമായ" എന്ന് ചേർക്കുക.

191. ഖണ്ഡം 2(എഫ്)-ൽ " വിത്തുകാളകൾ" എന്നതിന് പകരം " വിത്തുകന്നുകാലികൾ" എന്ന് ചേർക്കുക.

207. ഖണ്ഡം 2(എച്ച്)-ൽ, " കാള" എന്നതിന് പകരം "വിത്ത്കന്നുകാലി" എന്ന് ചേർക്കുക.

210. ഖണ്ഡം 2(ജെ)-ൽ, " ഉണ്ടാകുന്നത്" എന്നതിന് പകരം "ഉണ്ടാകുന്ന ബീജാങ്കുരം അഥവാ ഗർഭപിണ്ഡം" എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2(എ)-ൽ, "വിദ്യയിലൂടെ" എന്നതിനു ശേഷം "," എന്ന ചിഹ്നം ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

140. ഖണ്ഡം 2(എ)-ൽ, "ഉരുക്കളുടെ" എന്നതിന് മുൻപ് "ആരോഗ്യമുള്ള" എന്ന് ചേർക്കുക.

164. ഖണ്ഡം 2 (സി)-ൽ "അതോറിറ്റിയുടെയോ അതോറിറ്റിയുടെ നിർദ്ദേശപ്രകാരമോ അംഗീകാരം ലഭിച്ചിട്ടുള്ള" എന്നതിന് പകരം "അതോറിറ്റിയുടെ നിർദ്ദേശപ്രകാരം അംഗീകാരം ലഭിച്ച" എന്ന് ചേർക്കുക.

215. ഖണ്ഡം 2(എം)-ൽ, " വിത്തുകാളയുടെ ബീജമാത്രകളുടെ" എന്നതിന് പകരം "വിത്തുകാളകളുടെയും ബീജമാത്രകളുടെയും" എന്ന് ചേർക്കുക.

ശ്രീ. എം. എം. മണി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2(എ)-ൽ "ഉരുക്കളുടെ" എന്നതിന് പകരം "കന്നുകാലികളുടെ" എന്ന് ചേർക്കുക.

166. ഖണ്ഡം 2 (സി)-ൽ "അതോറിറ്റിയുടെയോ അതോറിറ്റിയുടെ നിർദ്ദേശപ്രകാരമോ" എന്നതിന് പകരം "അതോറിറ്റി നിഷ്കർഷിക്കുന്ന" എന്ന് ചേർക്കുക.

225. ഖണ്ഡം 2(ഒ)-ൽ " വ്യാപാരം അല്ലെങ്കിൽ വിനിയോഗം" എന്നതിന് പകരം " വ്യാപാരം, വിനിയോഗം" എന്ന് ചേർക്കുക.

256. ഖണ്ഡം 2(ടി)-ൽ " സ്ഥലം" എന്നതിന് പകരം " കെട്ടിടം, ലബോറട്ടറി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2(എ)-ൽ "കൃത്രിമമായി" എന്നത് ഒഴിവാക്കുക.

233. ഖണ്ഡം 2(ഒ)-ൽ "ഏതെങ്കിലും സ്ഥലം" എന്നതിന് പകരം " തിരഞ്ഞെടുക്കപ്പെട്ട സ്ഥലം" എന്ന് ചേർക്കുക.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

148. ഖണ്ഡം 2(ബി)-ൽ "പ്രജനന നിയന്ത്രണ" എന്നതിന് പകരം "പ്രജനന പ്രചാരണവും - നിയന്ത്രണവും സംബന്ധിച്ച " എന്ന് ചേർക്കുക.

175. ഖണ്ഡം 2 (ഡി) -ൽ "എരുമ കിടാരി" എന്നതിന് പകരം "എരുമ കിടാരി തുടങ്ങിയ ഇനത്തിൽപ്പെട്ട വളർത്തുമൃഗങ്ങൾ" എന്ന് ചേർക്കുക.

204. ഖണ്ഡം-2 (ജി)-ൽ " സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള" എന്നതിന് പകരം " കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

152. ഖണ്ഡം 2(ബി)-ൽ "പ്രജനന നിയന്ത്രണ" എന്നതിന് പകരം "പ്രജനനവും - നിയന്ത്രണവും" എന്ന് ചേർക്കുക.

208. ഖണ്ഡം 2(ജെ)-ൽ, " ഉണ്ടാകുന്നത്" എന്നതിന് പകരം "ഉണ്ടാകുന്ന കോശം" എന്ന് ചേർക്കുക.

254. ഖണ്ഡം 2(ടി)-ൽ " വിൽപനയ്ക്കോ വിതരണത്തിനോ വേണ്ടി കന്നുകാലി ബീജം സൂക്ഷിച്ചിരിക്കുന്ന" എന്നതിന് പകരം " കന്നുകാലി ബീജം സുരക്ഷിതമായി സൂക്ഷിച്ചുവയ്ക്കുകയും അവയുടെ ആവശ്യാനുസരണമുള്ള വിൽപ്പനയും വിതരണത്തിനുമായി നിശ്ചയിച്ചിട്ടുള്ള" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 (സി) -ൽ " അതോറിറ്റിയുടെ അംഗീകാരമുള്ള പരിശീലനം ലഭിച്ച " എന്നതിന് പകരം "അതോറിറ്റിയുടെ അംഗീകാരമുള്ളതോ, അതോറിറ്റിയുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നോ പരിശീലനം ലഭിച്ചിട്ടുള്ള " എന്ന് ചേർക്കുക.

211. ഖണ്ഡം 2(കെ)-ൽ, " ആവശ്യകതകൾ നിറവേറ്റുന്ന ഒരു വിദഗ്ധൻ" എന്നതിന് പകരം "ക്ഷീര കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ധൻ" എന്ന് ചേർക്കുക.

ശ്രീ. എം. നൗഷാദ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

179. ഖണ്ഡം 2 (ഇ) -ൽ "ഏതെങ്കിലും ആൾ" എന്നതിന് പകരം "ഏതൊരു ക്ഷീര കർഷകനും " എന്ന് ചേർക്കുക.

205. ഖണ്ഡം-2 (ജി)-ൽ " പുറപ്പെടുവിച്ചിട്ടുള്ള" എന്നതിന് പകരം "പുറപ്പെടുവിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

187. ഖണ്ഡം 2(ഇ)-ൽ " ഏജൻസി" എന്നതിന് പകരം " ക്ഷീരവികസന ഏജൻസികൾ" എന്ന് ചേർക്കുക.

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

196. ഖണ്ഡം-2 (എഫ്)-ൽ " അല്ലെങ്കിൽ" എന്നത് ഒഴിവാക്കുക.

ശ്രീമതി ദെലീമ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

229. ഖണ്ഡം 2(ഒ)-ൽ " അല്ലെങ്കിൽ " എന്നത് ഒഴിവാക്കുക.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

243. ഖണ്ഡം 2(ക്യൂ)-ൽ "അധികാരപ്പെടുത്തിയ" എന്നതിന് പകരം " ചുമതലപ്പെടുത്തിയ" എന്ന് ചേർക്കുക.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 2(ആർ)-ൽ " അതോറിറ്റിയുടെ രജിസ്ട്രാർ" എന്നതിന് പകരം " നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി നിയമിച്ചിട്ടുള്ള രജിസ്ട്രാർ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെ പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 2(യു)-ൽ " സംഭരണം" എന്നതിന് ശേഷം " ,വിൽപ്പന, വിതരണം, ക്വാറന്റൈൻ" എന്ന് ചേർക്കുക.

261. ഖണ്ഡം 2(യു)-ൽ " എന്നിവയ്ക്കായി" എന്നതിന് ശേഷം " വളർത്തുന്ന വിത്തുകാളകളെ സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

262. ഖണ്ഡം 2(യു)-ൽ " സ്ഥലം" എന്നതിന് പകരം " കെട്ടിടം, ലബോറട്ടറി" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: 141-ാം നമ്പർ ഭേദഗതി 140-ാം നമ്പർ ഭേദഗതിക്കും 143-ാം നമ്പർ ഭേദഗതി 142-ാം നമ്പർ ഭേദഗതിക്കും 145-ാം നമ്പർ ഭേദഗതി 144-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും 153-ാം നമ്പർ ഭേദഗതി 152-ാം നമ്പർ ഭേദഗതിക്കും 159-ാം നമ്പർ ഭേദഗതി 160-ാം നമ്പർ ഭേദഗതിക്കും 163-ാം നമ്പർ ഭേദഗതി 164-ാം നമ്പർ ഭേദഗതിക്കും 165-ാം നമ്പർ ഭേദഗതി 166-ാം നമ്പർ

ഭേദഗതിക്കും 172-ാം നമ്പർ ഭേദഗതി 171-ാം നമ്പർ ഭേദഗതിക്കും 176-ാം നമ്പർ ഭേദഗതി 175-ാം നമ്പർ ഭേദഗതിക്കും 180-ാം നമ്പർ ഭേദഗതി 179-ാം നമ്പർ ഭേദഗതിക്കും 188-ാം നമ്പർ ഭേദഗതി 187-ാം നമ്പർ ഭേദഗതിക്കും 197-ാം നമ്പർ ഭേദഗതി 196-ാം നമ്പർ ഭേദഗതിക്കും 203-ാം നമ്പർ ഭേദഗതി 204-ാം നമ്പർ ഭേദഗതിക്കും 206-ാം നമ്പർ ഭേദഗതി 205-ാം നമ്പർ ഭേദഗതിക്കും 209-ാം നമ്പർ ഭേദഗതി 208-ാം നമ്പർ ഭേദഗതിക്കും 212-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്കും 216-ാം നമ്പർ ഭേദഗതി 215-ാം നമ്പർ ഭേദഗതിക്കും 226-ാം നമ്പർ ഭേദഗതി 225-ാംനമ്പർ ഭേദഗതിക്കും 230-ാം നമ്പർ ഭേദഗതി 229-ാം നമ്പർ ഭേദഗതിക്കും 234-ാം നമ്പർ ഭേദഗതി 233-ാം നമ്പർ ഭേദഗതിക്കും 244-ാം നമ്പർ ഭേദഗതി 243-ാം നമ്പർ ഭേദഗതിക്കും 247-ാം നമ്പർ ഭേദഗതി 246-ാം നമ്പർ

ഭേദഗതിക്കും 253-ാം നമ്പർ ഭേദഗതി 254-ാംനമ്പർ ഭേദഗതിക്കും 255-ാം നമ്പർ ഭേദഗതി 256-ാം നമ്പർ ഭേദഗതിക്കും 263-ാം നമ്പർ ഭേദഗതി 262-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 204, ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച 139 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും മന്ത്രി സ്വീകരിച്ച 204, 139 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. എസ്. അരുൺകുമാർ അവതരിപ്പിച്ച 133, 160 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 138, 147, 158, 168, 191, 207, 210 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 140, 164, 215 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എം. മണി അവതരിപ്പിച്ച 142, 166, 225, 256 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ) അവതരിപ്പിച്ച 144, 233 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 148, 175 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 152, 208, 254 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 171, 211 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. നൗഷാദ് അവതരിപ്പിച്ച 179, 205 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ദെലീമ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കെ. രാമചന്ദ്രൻ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 260, 261 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 3(2)-ൽ

(i) (ബി) ഇനത്തിൽ “ ഡീൻ” എന്നതിനുപകരം "ഫാക്കൽറ്റി ഡീൻ" എന്ന് ചേർക്കുക;

(ii) (ജി) ഇനത്തിൽ “ അക്കാഡമിക് ആന്റ് റിസർച്ച് ഡയറക്ടർ” എന്നതിനു പകരം “ ഡയറക്ടർ, അക്കാഡമിക്സ് ആന്റ് റിസർച്ച് ” എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക;

(iii) (ജി) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക, അതായത്:-

“ (എച്ച്) കേരള സംസ്ഥാന വെറ്ററിനറി കൗൺസിൽ അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ - അംഗം;” ;

(iv) പുതുതായി ചേർത്ത (എച്ച്) ഇനത്തിന് ശേഷമുള്ള ഇനങ്ങൾ യഥാക്രമം (ഐ), (ജെ), (കെ) എന്നീ ഇനങ്ങളായി പുനരക്ഷരം ചെയ്യുക.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം - 3(1)-ൽ “ കന്നുകാലി പ്രജനന നിയന്ത്രണ” എന്നതിന് പകരം "കന്നുകാലി പ്രജനനവും വർഗോദ്ധാരണവും - നിയന്ത്രണവും" എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

271. ഖണ്ഡം - 3(2)-ൽ “ താഴെപ്പറയുന്ന” എന്നതിന് ശേഷം "പത്ത്" എന്ന് ചേർക്കുക.

272. ഖണ്ഡം - 3(2)(എ)-ൽ “ ഡയറക്ടർ,” എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

273. ഖണ്ഡം - 3(2)(എ)-ൽ “ ചെയർപേഴ്സൺ” എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

274. ഖണ്ഡം - 3(2)(ബി)-ൽ “ അംഗം” എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

277. ഖണ്ഡം - 3(2)(സി)-ൽ “ അംഗം” എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

278. ഖണ്ഡം 3(2)(ഡി)-ൽ "ഡയറക്ടർ," എന്നതിന് ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

279. ഖണ്ഡം 3(2)(ഡി)-ൽ "അംഗം" എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

286. ഖണ്ഡം 3(2)(ഇ)-ൽ "അംഗം” എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

287. ഖണ്ഡം 3(2)(എഫ്)-ൽ "അംഗം” എന്നതിന് ശേഷം "(എക്സ്- ഒഫീഷ്യോ)" എന്ന് ചേർക്കുക.

288. ഖണ്ഡം 3(2)(ജി)-ൽ "അക്കാഡമിക്” എന്നതിന് പകരം “ അക്കാഡമിക്സ്” എന്ന് ചേർക്കുക.

297. ഖണ്ഡം 3(2)(ജെ)-ൽ "മൃഗസംരക്ഷണ വകുപ്പ്” എന്നതിനു മുമ്പ് "സംസ്ഥാന” എന്ന് ചേർക്കുക.

298. ഖണ്ഡം 3(2)(ജെ)-ൽ, "രജിസ്ട്രാർ" എന്നതിന് ശേഷം "(എക്സ്-ഒഫീഷ്യോ)" എന്ന് ചേർക്കുക.

301. ഖണ്ഡം 3(3)-ൽ, "അതോറിറ്റിയുടെ" എന്നതിന് ശേഷം "ദൈനംദിന" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ശ്രീ. മഞ്ഞളാംകുഴി അലി ഭേദഗതി അവതരിപ്പിക്കാത്തതിനാൽ അദ്ദേഹത്തിന്റെ ഭേദഗതിക്ക് സമാനമായ താഴെപ്പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

276. ഖണ്ഡം - 3(2)(സി) ഒഴിവാക്കി ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

284. ഖണ്ഡം 3(2)(ഇ)-ൽ "സർക്കാർ മൃഗസംരക്ഷണ വകുപ്പിലെ" എന്നതിന് പകരം "മൃഗസംരക്ഷണ വകുപ്പിലെ (ഗവ. സെക്രട്ടേറിയറ്റ്)" എന്ന് ചേർക്കുക.

303. ഖണ്ഡം 3(3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3)അതോറിറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കുകയും, മേൽനോട്ടം വഹിക്കുകയും, നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്. " എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 3(2)(എച്ച്)-ൽ "ഒരു" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 270-ാം നമ്പർ ഭേദഗതി 269-ാം നമ്പർ ഭേദഗതിക്കും 285-ാം നമ്പർ ഭേദഗതി 284-ാം നമ്പർ ഭേദഗതിക്കും 291-ാം നമ്പർ ഭേദഗതി 290-ാം നമ്പർ ഭേദഗതിക്കും 302-ാം നമ്പർ ഭേദഗതി 303-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 301-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 301-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 271, 272, 273, 274, 277, 278, 279, 286, 287, 288, 297, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബാബു (നെന്മാറ) അവതരിപ്പിച്ച 284, 303 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

309. ഖണ്ഡം 4-ൽ "ഡയറക്ടറേറ്റിലായിരിക്കുന്നതാണ്" എന്നതിന് പകരം "ഡയറക്ടറേറ്റ് കാര്യാലയത്തിലായിരിക്കുന്നതാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

310. ഖണ്ഡം 5(1)-ൽ "ചെയർപേഴ്സണുമായി കൂടിയാലോചിച്ച്" എന്നതിന് പകരം "ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 311-ാം നമ്പർ ഭേദഗതി 310-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ശ്രീ. പി. വി. ശ്രീനിജിൻ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 310-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീ. എം. വിൻസെന്റ് ഭേദഗതി അവതരിപ്പിക്കാത്തതിനാൽ അദ്ദേഹത്തിന്റെ ഭേദഗതിക്ക് സമാനമായ താഴെപറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

317. ഖണ്ഡം 6(1)-ൽ "വകുപ്പിലെ ഉദ്യോഗസ്ഥർ" എന്നതിന് പകരം "വകുപ്പിൽ നിന്നും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

318. ഖണ്ഡം 6(1)-ൽ "വകുപ്പിലെ ഉദ്യോഗസ്ഥർ മുഖേന" എന്നതിന് പകരം "വകുപ്പുമായി കൂടിയാലോചിച്ച്" എന്ന് ചേർക്കുക

339. ഖണ്ഡം 6(2)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

" (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കുന്ന കൺസൾട്ടേറ്റീവ് പാനലിന്റെ തിരഞ്ഞെടുക്കലും കാലാവധിയും പുനർനിയമനവും സംബന്ധിക്കുന്ന വ്യവസ്ഥകൾ നിർണയിക്കപ്പെടാവുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്. "

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

320. ഖണ്ഡം 6(1)-ൽ "കരാർ/" എന്നത് ഒഴിവാക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 6 (2)-ൽ " ഒമ്പത്" എന്നതിന് പകരം " പതിനഞ്ച്" എന്ന് ചേർക്കുക.

മി. സ്പീക്കർ: 321 മുതൽ 328 വരെയുള്ള ഭേദഗതികൾ 320-ാം നമ്പർ ഭേദഗതിക്കും 333-ാം നമ്പർ ഭേദഗതി 332-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 318, 339 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ. അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഏഴാം വകുപ്പ്</u>

മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

340. ഖണ്ഡം 7(ഇ)-ൽ “ ബാങ്കുകൾ” എന്നതിന് ശേഷം “ ,എ. ഐ. കേന്ദ്രങ്ങൾ” എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

348. ഖണ്ഡം-7 (ബി)-ൽ “ നിയന്ത്രിക്കുക” എന്നതിനു പകരം "ക്രമീകരിക്കുക" എന്ന് ചേർക്കുക.

353. ഖണ്ഡം-7 (എഫ്)-ൽ “ സാക്ഷ്യപ്പെടുത്തുക" എന്നതിന് പകരം "അംഗീകരിക്കുക" എന്ന് ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

351. ഖണ്ഡം-7 (എഫ്)-ൽ “ എ. ഐ." എന്നതിന് പകരം "ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

355. ഖണ്ഡം-7 (എച്ച്)-ൽ “ പ്രജനനനയം" എന്നതിന് പകരം "പ്രജനന നയം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 344 മുതൽ 346 വരെയുള്ള ഭേദഗതികൾ 343-ാം നമ്പർ ഭേദഗതിക്കും 352-ാം നമ്പർ ഭേദഗതി 351-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ശ്രീ. മഞ്ഞളാംകുഴി അലി ഭേദഗതികൾ അവതരിപ്പിക്കാത്തതിനാൽ അദ്ദേഹത്തിന്റെ 341, 342, 349 എന്നീ നമ്പർ ഭേദഗതികൾ ഞാൻ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

341. ഖണ്ഡം 7(എ)-ൽ " സംസ്ഥാനത്ത്" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

342. ഖണ്ഡം 7(ബി)-യുടെ മാർജിനൽ ശീർഷകത്തിൽ " സംസ്ഥാന" എന്നതിന് ശേഷം " കന്നുകാലി" എന്ന് ചേർക്കുക.

349. ഖണ്ഡം-7 (സി)-ൽ " വിത്തുകാളകളെ/പോത്തുകളെ" എന്നതിന് പകരം "വിത്തുകാളകളെയും പോത്തുകളെയും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 348, 353 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

359. ഖണ്ഡം 8(2)-ൽ, " അല്ലെങ്കിൽ അതോറിറ്റി ഇതിലേക്കായി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്," എന്നത് ഒഴിവാക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

363. ഖണ്ഡം 8(2)-ന്റെ ക്ലിപ്ത നിബന്ധനകളായി താഴെപ്പറയുന്നത് ചേർക്കുക. " എന്നാൽ (2)-ാം ഉപവകുപ്പു പ്രകാരമുള്ള വിവര ശേഖരണം നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള നപടിക്രമങ്ങൾ പാലിച്ചു മാത്രമേ ചെയ്യുവാൻ പാടുള്ളൂ.

എന്നു മാത്രമല്ല (2)-ാം ഉപവകുപ്പു പ്രകാരം വിവരശേഖരണം നടത്തുന്ന അതോറിറ്റിയിലെ ഉദ്യോഗസ്ഥന് ആവശ്യമെങ്കിൽ പോലീസ് സഹായം ലഭ്യമാക്കേണ്ടതുമാണ്."

377. ഖണ്ഡം 8(3)-ന്റെ ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

" എന്നാൽ (3)- ഉപവകുപ്പ് പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവരം നൽകുന്ന ആൾക്കെതിരെ കേസ് എടുക്കുമ്പോൾ പ്രസ്തുത കേസിന്മേൽ ടിയാളെ സാക്ഷിയാക്കാൻ പാടുള്ളതല്ല."

ശ്രീമതി ഉമ തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 8(3)-ൽ " അഭിപ്രായം ഉള്ളപ്പോൾ" എന്നതിന് പകരം " ബോധ്യപ്പെടുമ്പോൾ" എന്ന് ചേർക്കുക.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 8(3)-ൽ " നൽകുവാൻ" എന്നതിന് പകരം " ഹാജരാക്കുവാൻ" എന്ന് ചേർക്കുക.

മി. സ്പീക്കർ: 358-ാം നമ്പർ ഭേദഗതി 357-ാം നമ്പർ ഭേദഗതിക്കും 360-ാം നമ്പർ ഭേദഗതി 359-ാം നമ്പർ ഭേദഗതിക്കും 370-ാം നമ്പർ ഭേദഗതി 369-ാം നമ്പർ ഭേദഗതിക്കും 376-ാം നമ്പർ ഭേദഗതി 375-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി):

ശ്രീ. എം. വിജിൻ ഭേദഗതി അവതരിപ്പിക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ 357-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

357. ഖണ്ഡം 8(1)-ൽ, " സംസ്ഥാനത്തിലുടനീളം" എന്നതിന് പകരം "സംസ്ഥാനത്തുടനീളം" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. നന്ദകുമാർ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 363, 377 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ഉമ തോമസ് അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ, അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒൻപതാം വകുപ്പ്</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

378. അദ്ധ്യായം 3-ന്റെ ശീർഷകത്തിൽ, " ബാങ്കുകളുടെയും" എന്ന വാക്കിനുശേഷം "എ. ഐ. കേന്ദ്രങ്ങളുടേയും" എന്നീ അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കും ചേർക്കുക.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

382. ഖണ്ഡം 9(1)-ൽ " കേന്ദ്ര /" എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

410. ഖണ്ഡം - 9(4)-ൽ " പന്ത്രണ്ട് മാസക്കാലത്തേക്ക്" എന്നതിന് പകരം "ആറുമാസകാലത്തേക്ക് " എന്നും "ആറുമാസത്തേക്ക് " എന്നതിന് പകരം "മൂന്നുമാസത്തേക്ക് " എന്നും ചേർക്കുക.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

390. ഖണ്ഡം 9(2)-ൽ " അപ്രകാരമുള്ള" എന്നതിനു മുമ്പായി " നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

394. ഖണ്ഡം 9(2)-ൽ " അപ്രകാരമുള്ള" എന്നതിനു പകരം " നിശ്ചിത" എന്ന് ചേർക്കുക.

428. ഖണ്ഡം 9 (6)-ൽ " ഉണ്ടെന്ന്/" എന്ന വാക്കിനും ചിഹ്നത്തിനും പകരം "ഉണ്ടെന്നും നിഷ്കർഷിക്കുന്ന നിബന്ധനകൾ" എന്ന് ചേർക്കുക.

447. ഖണ്ഡം 9(8)-ൽ, "ആവശ്യാനുസരണം" എന്നതിന് പകരം "എപ്പോൾ വേണമെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

400. ഖണ്ഡം 9(3)-ൽ " കണക്ക്" എന്നതിന് ശേഷം " , ശേഖരിച്ച തീയതി എന്നിവ" എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

404. ഖണ്ഡം 9(3)-ന് ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക
" എന്നാൽ " 3" ഉപവകുപ്പ് പ്രകാരം അപേക്ഷകൻ നൽകുന്ന ബീജശേഖരത്തിന്റെ കണക്ക് അതോറിറ്റി നേരിട്ട് പരിശോധന നടത്തി ഉറപ്പു വരുത്തുകയും അത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തൽ നൽകേണ്ടതുമാണ് ."

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

408. ഖണ്ഡം - 9(4)-ൽ " പന്ത്രണ്ട് " എന്നതിന് പകരം "അത് നൽകുന്ന തീയതി മുതൽ പതിനഞ്ച് " എന്ന് ചേർക്കുക.

<u>ശ്രീമതി ഉമ തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

414. ഖണ്ഡം - 9(4)-ൽ, " അപേക്ഷകന്റെ രേഖാമൂലമുള്ള അപേക്ഷയിന്മേൽ അതോറിറ്റിക്ക് ഈ കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടി നൽകാവുന്നതാണ് " എന്നത് ഒഴിവാക്കുക.

<u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. ൻ

416. ഖണ്ഡം - 9(4)-ൽ, " ആറ് " എന്നതിന് പകരം " മൂന്ന് " എന്ന് ചേർക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

425. ഖണ്ഡം 9 (5)-ൽ " നിലവിലുള്ള സെമൻ സ്റ്റേഷന്" എന്നതിന് ശേഷം "സ്ഥിരം" എന്ന് ചേർക്കുക.

437. ഖണ്ഡം 9(6)(സി)-ൽ "ഉൽപാദിപ്പിക്കുന്നതിനോ" എന്നതിനുശേഷം " ശേഖരിക്കുന്നതിനോ," എന്ന് ചേർക്കുക.

438. ഖണ്ഡം 9(6)(സി)-ൽ "സംഭരിക്കുന്നതിനോ" എന്നതിന് ശേഷം " സംസ്കരിക്കുന്നതിനോ" എന്ന് ചേർക്കുക.

441. ഖണ്ഡം 9(7)-ൽ, "അതോറിറ്റിക്ക്" എന്നതിന് ശേഷം "സ്ഥിരം" എന്ന് ചേർക്കുക.

451. ഖണ്ഡം 9(8)-ൽ, "പരിശോധന" എന്നതിന് ശേഷം "ഓരോ സെമൻ സ്റ്റേഷനിലും" എന്ന് ചേർക്കുക.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

430. ഖണ്ഡം 9(6)-ൽ "രേഖപ്പെടുത്തിക്കൊണ്ടുള്ള" എന്നതിന് ശേഷം " നിർണ്ണയിക്കപ്പെടുന്ന മാതൃകയിൽ" എന്ന് ചേർക്കുക.

ശ്രീ. ജോബ് മൈക്കിൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

432. ഖണ്ഡം 9(6)-ൽ "അതിന്" എന്നത് ഒഴിവാക്കുക.

439. ഖണ്ഡം 9(7)-ൽ "ന്യായമായ ഒരവസരം" എന്നതിന് പകരം " മതിയായ അവസരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: 383 മുതൽ 387 വരെയുള്ള ഭേദഗതികൾ 382-ാം നമ്പർ ഭേദഗതിക്കും 391-ാം നമ്പർ ഭേദഗതി 390-ാം നമ്പർ ഭേദഗതിക്കും 401 മുതൽ 403 വരെയുള്ള ഭേദഗതികൾ 400-ാം നമ്പർ ഭേദഗതിക്കും 409-ാം നമ്പർ ഭേദഗതി 408-ാം നമ്പർ ഭേദഗതിക്കും 411-ാം നമ്പർ ഭേദഗതി 410-ാംനമ്പർ ഭേദഗതിക്കും 415-ാം നമ്പർ ഭേദഗതി 414-ാം നമ്പർ ഭേദഗതിക്കും 417-ാം നമ്പർ ഭേദഗതി 416-ാം നമ്പർ ഭേദഗതിക്കും 431-ാം നമ്പർ ഭേദഗതി 430-ാം നമ്പർ ഭേദഗതിക്കും തുല്യവും 418, 419 എന്നീ നമ്പർ ഭേദഗതികൾ 416-ാം നമ്പർ ഭേദഗതിയിൽ അടങ്ങിയിരിക്കുകയും ചെയ്യുന്നതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ശ്രീ. പി. പി. ചിത്തരഞ്ജൻ അവതരിപ്പിച്ച 430-ാം നമ്പർ ഭേദഗതി

സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 430-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് അവതരിപ്പിച്ച 382, 410 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 394, 428, 447 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ് അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

